ഒരു 'കർത്താവും, ഒരു വിശ്വാസവും ഒരു മാമോദീസായും'

# ക്രൈസ്തവ കാഹളം

★



പന്ത്രണ്ടാം ചരമവാർഷികം

1965 ജൂലൈ 15

1965 July

Vol. 24. No. 7.

വരിസംഖ്യ മുൻകൂർ 3ക.
വിദേശങ്ങളിൽ 4ക.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | പുറം |
|---|---|---|
| 1. | പത്രാധിപക്കുറിപ്പുകൾ | |
| 2. | വിശുദ്ധ കർബാനയും ഗോഗുൽത്തായിലെ ബലിയും (ജോസ് തച്ചിൽ, പൂന) | 198 |
| 3. | അറിവിൻെറയും ആനന്ദത്തിൻെറയും അടിസ്ഥാനം: ദൈവികകല്പന (റവ. ഫാദർ. ഡാനിയൽ അയ്യനേത്ത്, M. A., L. D. L. Ph.) | 199 |
| 4. | ധ്യാനചിന്തകൾ (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പ) | 202 |
| 5 | മററുള്ളവരെ വിധിക്കാതിരിക്കുക | 204 |
| 6. | അപ്പസ്തോലികപിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും (മോൺ. തോമസ് വടശ്ശേരി എൽ. ഡി.) | 206 |
| 7. | ദൈവമാതാവും ഓർത്തഡോക്സ് സഭയും റവ. ഫാ. എം. വി. ജോർജ്ജും—മലങ്കരസഭയിലെ ആരോപണങ്ങൾക്കു മറുപടി (റവ. ഫാ. സി. എ. ഏബ്രഹാം, M. A., B. D., B. Litt. (Oxon) | 208 |
| 8. | ദൈവത്തിൻെറ വിശുദ്ധ സഭയിലെ പാപം (ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ) | 213 |
| 9. | ജീവിതത്തെ നോക്കി (കവിത) (ഒ. അയ്യനേത്ത്) | 216 |
| 10. | നിത്യപിതാവിനോട് ” (റവ. ഫാ. യൗനാൻ ഓ. ഐ. സി) | 216 |
| 11. | “നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ” (തോമസ് പടിയംകുളം) | 217 |
| 12. | പ്രേഷിതജോലിയിൽ അത്മായക്കുള്ള പങ്ക് (ഫാ. ജേക്കബ് ഒ. ഐ. സി.) | 220 |
| 13. | സഭ—തീർത്ഥകാവസ്ഥയും ഘടനാവ്യത്യാസങ്ങളും (ജോൺ അറയ്ക്കൽ) | 223 |


### “സദയം ശ്രദ്ധിക്കുക”

പുനരൈക്യപ്രസ്ഥാനത്തിൻെറ 35-ാം വാർഷികം പ്രമാണിച്ച്, ക്രൈസ്തവ കാഹളത്തിൻെറ ഓഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിലെ ലക്കങ്ങൾ ഒന്നായി ചേർത്ത് ഒരു വിശേഷാൽ പ്രതി സെപ്റ്റംബർ ആദ്യം പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രസ്തുത വിശേഷാൽപ്രതിയിലേക്ക് ഈടുററ ലേഖനങ്ങളും കവിതകളും ചെറുകഥകളും മുൻകൂട്ടി അയച്ചുതരണമെന്നപേക്ഷ.

ക്രൈസ്തവകാഹളത്തിൻെറ വരിക്കാർക്ക് വിശേഷാൽപ്രതി സൗജന്യമാണ്. വരിക്കാരല്ലാത്തവർക്ക് എഴുപത്തിയഞ്ചു പൈസയ്ക്ക് ഈ വിശേഷാൽ പ്രതി, മാനേജർ, ക്രൈസ്തവകാഹളം, തിരുവനന്തപുരം-4 എന്ന മേൽവിലാസത്തിലപേക്ഷിച്ചാൽ ലഭിക്കുന്നതായിരിക്കും.

*Chief Editor*: Rt. Rev. Msgr. Philipose Remban.

*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

# ക്രൈസ്തവകാഹളം

| പുസ്തകം 24. | ജൂലൈ 1965. | ലക്കം 7. |
|---|---|---|

## പത്രാധിപക്കുറിപ്പുകൾ

### മാർ ഈവാനിയോസ് തിരുമേനിയുടെ ചരമവാർഷികം

സുഭഗസ്മരണാർഹനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമനസ്സിലെ പന്ത്രണ്ടാം ചരമവാർഷികദിനമാണ് ഈ ജൂലൈ പതിനഞ്ച്. ഒന്നായിക്കിടന്നിരുന്ന മലങ്കരയിലെ ക്രൈസ്തവസഭ പോർത്തുഗീസ് മിഷനറിമാരുടെ തെററിദ്ധാരണയും മുൻവിധിയും ദീർഘവീക്ഷണമില്ലായ്മയും മൂലം പിളർന്നുപോയനാൾ മുതൽതന്നെ പുനരൈക്യപരിശ്രമങ്ങൾ മലങ്കരയിൽ ആരംഭിച്ചു. മഹാരഥന്മാരായ പലരും മലങ്കരയിലെ ക്രൈസ്തവവിഭാഗങ്ങളുടെ പുനരൈക്യത്തിനായി പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ ആയിരത്തിത്തൊള്ളായിരത്തിമുപ്പതു സെപ്റ്റംബർ 20-ാം തീയതി മാർ ഈവാനിയോസ് തിരുമേനിയും അനുയായികളും കത്തോലിക്കാ സഭയിലേക്ക് പ്രത്യാഗമിച്ചതോടുകൂടിയാണ് മലങ്കരയിൽ പുനരൈക്യപ്രസ്ഥാനം ഒരു യാഥാർത്ഥ്യമായി തീർന്നത്.

മഹാമനീഷിയായിരുന്ന മാർ ഈവാനിയോസ് തിരുമേനി ത്യാഗത്തിന്റെ സുരഭിലതയും പരിശ്രമത്തിന്റെ നിസ്തന്ദ്രതയും മിന്നിത്തെളിച്ച് പുനരൈക്യപ്രസ്ഥാനമാകുന്ന വഴിത്താര വെട്ടിത്തുറന്നു. ദൈവാശ്രയത്തിൽ അഭയം തേടി താൻ സമാരംഭിച്ച കാര്യങ്ങളെല്ലാം തന്നെ ഇന്ന് മോഹനഫലങ്ങളണിഞ്ഞ് വിരാജിക്കുന്ന സുഭഗകാഴ്ച കണ്ട് സ്വർഗ്ഗത്തിലിരുന്ന് ആ വന്ദ്യപിതാവ് സന്തോഷിക്കുന്നുണ്ടാവും.

തിരുമനസ്സിലെ ചരമവാർഷികദിനത്തിൽ തിരുമേനിക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നതോടൊപ്പം തന്നെ പുനരൈക്യപ്രസ്ഥാനത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുമെന്ന് നാം പ്രതിജ്ഞചെയ്യുകയും വേണം. അങ്ങനെ ജൂലൈ പതിനഞ്ച് നമുക്ക് ജീവിതസമർപ്പണത്തിന്റെ ഒരു ദിനംകൂടി ആയിത്തീരണം. ക്രിസ്തുനാഥന്റെ ഏക തൊഴുത്തിൽ ഉൾപ്പെടാത്ത ആടുകളെ ആ തൊഴുത്തിലേക്കു നയിക്കുന്നതിന് ഹൃദയംഗമമായ പ്രാർത്ഥനകൊണ്ടും പരസ്നേഹഭരിതമായ പ്രവൃത്തികൊണ്ടും നാം പരിശ്രമിക്കുക.

### ഹൃദയസമാധാനം

'സമാധാനവും ശാന്തതയും'. ഈ രണ്ടു പദങ്ങളും നാം പലപ്പോഴും ഒന്നിച്ചാണ് കൈകാര്യം ചെയ്യുക. ഇവ തമ്മിൽ അഭേദ്യമായ ഏതോ ബന്ധമുണ്ടെന്നാണ് നാം വിചാരിക്കുന്നത്. എന്നാൽ സമാധാനം ഹൃദയത്തിലും മനസ്സിലും ഉള്ള സ്ഥിതിവിശേഷമാണ് കാണിക്കുന്നത്. ശാന്തതയ്ക്ക് അത്രത്തോളം അർത്ഥവ്യാപ്തിയില്ല. ശബ്ദായമാനമായ പരിസരങ്ങളുള്ളപ്പോൾ പോലും ഒരുവന് യഥാർത്ഥമായ സമാധാനം ആസ്വദിക്കുവാൻ കഴിയും. പക്ഷേ,

ശാന്തത തുളുമ്പുന്നതുപോലുള്ള പരിസരങ്ങളുള്ളപ്പോൾ പോലും ഒരുവൻ യഥാർത്ഥ സമാധാനത്തിൽനിന്ന് വിദൂരസ്ഥനായി കഴിഞ്ഞേക്കാം. സമാധാനം ആന്തരികമാണ്; ശാന്തത ബാഹ്യവുമാണ്. ഏകാന്തതയിലും ദൈവാലയത്തിലും ഒരാൾക്ക് ഹൃദയത്തിന്റെ സമാധാനം ഇല്ലാത്ത നിലയിൽ കഴിച്ചുകൂട്ടാം.

ഹൃദയസമാധാനം അതുല്യമായ ഒരു സമ്പത്താണ്. ലൗകികമായ പ്രതാപവും, സ്ഥാനവും, സമ്പത്തും, സുഖവുമായിട്ട് ഹൃദയസമാധാനത്തിന് ശരിയായ, കാര്യമായ, ബന്ധമൊന്നുമില്ല. ഓരോ ദിവസവും ആശങ്കയും ഉത്കണ്ഠയുമില്ലാതെ ആരംഭിക്കുക, ഓരോ ദിവസത്തെ പ്രവൃത്തികളിലും യഥാർത്ഥമായ സംതൃപ്തി അനുഭവിക്കുക, വിഷമങ്ങൾ നേരിടുമ്പോൾ യാതൊരാശങ്കയുമില്ലാതെ നേരിടുക, എല്ലാ വിഷമതകൾക്കും സൗഭാഗ്യകരമായ ഒരവസാനമുണ്ടാകുമെന്ന് പൂർണ്ണമായി വിശ്വസിക്കുക..........ഇവയെല്ലാം തന്നെ ഹൃദയസമാധാനമുള്ളവന് ക്ഷിപ്രസാധ്യമാണ്.

ഈ ഹൃദയസമാധാനത്തിന് ആദ്ധ്യാത്മികമായ ഒരടിസ്ഥാനമുണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ഈ ലോകവും അതിലെ സംഭവങ്ങളും ദൈവത്താൽ നിയന്ത്രിക്കപ്പെടുന്നവയാണെന്നും ദൈവതിരുമനസ്സ് ഈ ലോകത്തിൽ നിറവേറുകയാണ് നമുക്ക് കരണീയമെന്നും കരുതുക ഹൃദയസമാധാനത്തിന് ആവശ്യമായ ഒരു കാര്യമാണ്.

വ്യക്തിപരമായ ദുരിതാനുഭവങ്ങൾ ഉളവാകുമ്പോൾ ചിലപ്പോൾ ഒരുവന്റെ ഹൃദയസമാധാനം താൽക്കാലികമായി നഷ്ടപ്പെട്ടുവെന്നു വന്നേക്കാം. ശാരീരികമായ വികലതകളും ഞരമ്പുരോഗങ്ങളും ചിലപ്പോൾ ഒരുവന്റെ ഹൃദയസമാധാനത്തെ അടിച്ചുടച്ചുവെന്നു വന്നേക്കാം. എന്നാൽ, നമ്മിൽ മിക്കവർക്കും ഹൃദയസമാധാനമില്ലെങ്കിൽ അത് നമ്മുടെ കുററംകൊണ്ടു മാത്രമായിരിക്കും.

പാപത്തിനും ഹൃദയസമാധാനത്തിനും തമ്മിൽ സഹവർത്തിത്വം സാധ്യമല്ലെന്നുള്ളത് തർക്കമററ കാര്യമാണ്. ദൈവതിരുമനസ്സിന്റെ നിഷേധമാണ് പാപം. അല്ലെങ്കിലും മതകീയചിന്തയുള്ള ഒരുവൻ കരുതുകയില്ല, താൻ ദൈവത്തേക്കാൾ സമർത്ഥനാണെന്ന്. ദൈവതിരുമനസ്സു നിവർത്തിക്കേണ്ട സൃഷ്ടി ദൈവതിരുമനസ്സിന്റെ പാതയിൽനിന്നു വിട്ടകന്നാൽ തീർച്ചയായും ഹൃദയസമാധാനമില്ലാത്തവനായിത്തീരും.

പുണ്യജീവിതം കഴിക്കുന്ന ചിലർക്കെങ്കിലും ഹൃദയസമാധാനരാഹിത്യം അനുഭവപ്പെട്ടേക്കാം. അതിന്റെ കാരണം അവരിൽ തന്നെയാണ് സ്ഥിതിചെയ്യുന്നത്. പരിപൂർണ്ണമായ മനസ്സോടും തികഞ്ഞ വിധേയത്വത്തോടുംകൂടിയല്ലാ, അവർ ദൈവത്തിന്റെ പാതയിൽക്കൂടി മുന്നോട്ടു പോകുന്നത്.

ദൈവത്തോടുള്ള നിരപ്പില്ലായ്മ ഹൃദയസമാധാനരാഹിത്യം ഉളവാക്കുന്നതുപോലെതന്നെ ഒരുവന് തന്നോടുതന്നെയുള്ള നിരപ്പില്ലായ്മയും ഹൃദയസമാധാനരാഹിത്യം ഉളവാക്കും. അതിന്റെ കാരണം അവൻതന്നെ കണ്ടുപിടിക്കേണ്ടതുണ്ട്. എല്ലാവർക്കും ഒരേ കാരണമായിരിക്കയില്ലല്ലോ. ആ കാരണം കണ്ടുപിടിച്ച് അതില്ലാതാക്കി ഹൃദയസമാധാനത്തോടുകൂടി അവൻ ജീവിക്കേണ്ടതാണ്. ഹൃദയസമാധാനമില്ലെങ്കിൽ ഈ ലോകത്തിലുണ്ടാകുന്ന നേട്ടങ്ങൾ എന്തു നേട്ടങ്ങളാണ്?

"ദൈവമേ, എനിക്കു മാററാൻ കഴിയുന്ന കാര്യങ്ങൾ മാററാൻ എനിക്കു ധൈര്യം നൽകേണമേ. എനിക്കു മാററാൻ കഴിവില്ലാത്ത കാര്യങ്ങൾ സ്വീകരിക്കുവാൻ എനിക്ക് മനോഭാവം നൽകണമേ. ഇവ തമ്മിലുള്ള അന്തരം ഗ്രഹിക്കുന്നതിന് എനിക്കു വിവേകം നൽകണമെ".

## 2. അനുവാചകരോട്

പുനരൈക്യപ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കും പുനരൈക്യപ്പെട്ടവരുടെ ആദ്ധ്യാത്മികമായ പുരോഗതിക്കും വേണ്ടിയാണ് ക്രൈസ്തവകാഹളം പ്രസിദ്ധപ്പെടുത്തുന്നത്. അതേസമയം തന്നെ കത്തോലിക്കാസഭയെക്കുറിച്ച് അകത്തോലിക്കാസഹോദരങ്ങൾക്ക് അറിവു പകർന്നു കൊടുക്കുക എന്നുള്ളതും ഈ പ്രസിദ്ധീകരണ

ത്തിന്റെ പിന്നിലെ പ്രേരകകാരണമാണ്. ഞങ്ങളുടെ ഈ ഉദ്ദേശ്യങ്ങൾ സാധിതമാകുന്നതിന് നിങ്ങളുടെ ഹാർദ്ദമായ സഹായസഹകരണങ്ങൾ ഞങ്ങളഭ്യർത്ഥിക്കുന്നു. സാമ്പത്തികമായ വിഷമതകളിൽ കൂടിയാണ് ഈ മാസിക മുന്നോട്ടു നീങ്ങുന്നതു്. കുടിശിക വരുത്തിയിട്ടുള്ളവർ അതുടനേതന്നെ അയച്ചുതന്ന് സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു. പണമയയ്ക്കുമ്പോൾ റജി. നമ്പർകൂടി കാണിച്ചിരിക്കണമെന്നപേക്ഷ.

എന്തുകൊണ്ടോ നമ്മിൽ പലരും വാങ്ങാനല്ലാതെ കൊടുക്കാൻ പഠിച്ചിട്ടില്ലെന്നുള്ളതു് ദുഃഖകരമായ ഒരു സത്യമാണ്. ഈ സത്യം പ്രസ്താവിക്കുന്നതുതന്നെ പലർക്കും രുചിക്കുകയില്ലെന്നു ഞങ്ങൾക്കറിയാം. കുടിശികതന്ന് സഹായിക്കണമെന്ന് ഞങ്ങൾ പല പ്രാവശ്യം അഭ്യർത്ഥിച്ചിട്ടും മാസികയ്ക്കു് വരിസംഖ്യ നൽകേണ്ടതില്ലെന്നുള്ള രീതിയിൽ കഴിയുന്ന പലരുമുണ്ടെന്ന് പറയേണ്ടിവന്നതിൽ ഞങ്ങൾ ഖേദിക്കുന്നു.

ആളുകൾ വിഭിന്നരുചികൾ ഉള്ളവരാണല്ലോ. ഒരാൾക്കു് തൃപ്തികരമായ ഒരു ലേഖനം മറ്റൊരാൾക്കു് ഇഷ്ടപ്പെട്ടെന്നു വരികയില്ല. സഹൃദയത്വം എല്ലാവർക്കും ഒന്നുപോലെ ആയിരിക്കുകയില്ലെന്നു നിശ്ചയം. എങ്കിലും ഈ മാസികയുടെ നയത്തിനനുയോജ്യമായവ മാത്രം പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ടു്. ലേഖനങ്ങളെ സംബന്ധിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങൾ ഞങ്ങൾ സാദരം ക്ഷണിക്കുന്നു. മാസികയുടെ ഉള്ളടക്കം പൂവോപരി മെച്ചപ്പെടുത്തുന്നതിന് നിങ്ങളുടെ വിലയേറിയ വിമർശനങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്തുകൊള്ളുന്നു.

ചില പുതിയ പംക്തികൾ ആരംഭിച്ചാൽ കൊള്ളാമെന്ന് ഞങ്ങൾക്കാഗ്രഹമുണ്ടു്. അതിലൊന്നാണ് വനിതാപംക്തി. എഴുതാൻ കഴിവും ആ കഴിവു് വളർത്തിയെടുക്കുവാൻ ആഗ്രഹമുള്ള അനേകം വനിതകൾ നമ്മുടെ ഇടയിൽ ഉണ്ടെന്നുള്ളതു് തക്മെററ സംഗതിയാണ്. നമ്മുടെ വനിതകൾക്കു് ആദ്ധ്യാത്മികവും ലൗകികവുമായ ഉത്തേജനം പകർന്നുകൊടുക്കുന്ന ലേഖനങ്ങൾ വനിതകളിൽനിന്ന് ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. വിവാദപരമായ പ്രശ്നങ്ങൾ ആയിരിക്കരുതു് ലേഖനത്തിന്റെ ഉള്ളടക്കം. വിദ്യാർത്ഥിനി എന്ന നിലയിലും അവിവാഹിതകളെന്ന നിലയിലും മാതാക്കളെന്ന നിലയിലും ഇടവകയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിക്കുന്നവരെന്ന നിലയിലും നമ്മുടെ സ്ത്രീകൾ നേരിടേണ്ടിവരുന്ന കാര്യങ്ങളും അനുഷ്ഠിക്കേണ്ട കാര്യങ്ങളുമൊക്കെയായിരിക്കണം പ്രതിപാദ്യം. ഇക്കാര്യത്തിൽ സന്മനസ്സും കഴിവുമുള്ള വനിതകളുടെ സഹായം അഭ്യർത്ഥിക്കുന്നു. ലേഖനം ഈ മാസികയുടെ മൂന്നു പേജുകളിൽ കൂടാൻ പാടില്ല.

പുനരൈക്യപ്പെട്ട സഹോദരങ്ങളുടെ പുനരൈക്യത്തിനു പ്രേരകമായി തീർന്ന പ്രധാന സംഭവം അഥവാ കാരണം ഓരോരുത്തനും ഓരോന്നായിരിക്കുമല്ലോ. അങ്ങനെയുള്ള സംഭവമോ കാരണമോ വസ്തുനിഷ്ഠമായ രീതിയിൽ, ആസ്വാദ്യമായ നിലയിൽ, എഴുതിയയച്ചാൽ അതു കാഹളത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. "കത്തോലിക്കാസഭയിലേക്കു്" എന്നായിരിക്കും ഈ പംക്തിയുടെ പേരു്. കാഹളത്തിന്റെ ഒന്നര പേജിൽ കൂടുവാൻ പാടില്ല. ചുരുക്കിയെഴുതിയയയ്ക്കണം. പരദേഷപരമായ പ്രസ്താവങ്ങളോ മററു ക്രൈസ്തവവിഭാഗങ്ങളെ ഇടിച്ചു താഴ്ത്തിയും അധിക്ഷേപിച്ചുമുള്ള ഭാഗങ്ങളോ ലേഖനത്തിൽ ഉണ്ടായിരിക്കരുതു്. എഴുതുന്ന ആളിന്റെ പൂർണ്ണമേൽവിലാസവും ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷിപത്രവും ലേഖനത്തോടൊന്നിച്ചുണ്ടായിരിക്കണം. പുനരൈക്യപ്പെട്ട സഹോദരങ്ങൾ ഈ പംക്തിയിലേക്കു് സംഭവചരിത്രങ്ങൾ തന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാഹളത്തിൽ പ്രസിദ്ധീകരണാർഹമായ ലേഖനങ്ങളും കവിതകളും ചെറുകഥകളും അയച്ചുതന്ന് സഹായിക്കണമെന്ന് ഞങ്ങളഭ്യർത്ഥിച്ചുകൊള്ളുന്നു. മുൻകൂട്ടി ഏവർക്കും നന്ദി.

# വി. കുർബാനയും ഗോഗുൽത്തായിലെ ബലിയും

(ജോസ് തച്ചിൽ, പൂനാ)

അൾത്താരയിലെ ദിവ്യബലിയെ ഒരു പ്രദർശനമായിട്ടു വീക്ഷിക്കുന്ന കത്തോലിക്കരും ആധുനികലോകത്തിൽ ഇല്ലെന്നു പറയുക വയ്യാ. നാടകം തുടങ്ങിയ പ്രദർശനങ്ങളും വിശുദ്ധ ബലിയും ഒരേ നിലയിൽ പലരും വീക്ഷിക്കുന്നില്ലെങ്കിലും, വെറുമൊരു മതാനുഷ്ഠാനമായിട്ടു് അതിനെ കണക്കാക്കുന്നവർ ധാരാളം ഉണ്ടെന്നുവേണം പറയാൻ. ആരാധനക്രമത്തിൽ ഇന്നു ദൃശ്യമാകുന്ന സജീവഭാഗഭാഗിത്വത്തിന്റെ അഭാവം ഇതല്ലാതെ മറ്റെന്താണു് വിളിച്ചറിയിക്കുന്നതു്? "കുർബാന കാണാൻ പോകുക" തുടങ്ങിയ നമ്മുടെ ചില പ്രയോഗങ്ങളും നമ്മുടെ ഈ നിഷ്ക്രിയാത്മകതയെ പരോക്ഷമായി സഹായിച്ചിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അനുദിനം ദൈവാലയങ്ങളിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയും ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും ബലിയും തമ്മിലുള്ള അഭേദ്യബന്ധത്തെപ്പറ്റിയും ഐക്യത്തെപ്പറ്റിയും ഉള്ള ബോധ്യം നമ്മുടെ അനാസ്ഥയെ ദൂരീകരിക്കാൻ പോരുന്നതാണു്.

ക്രിസ്തീയവിശ്വാസത്തിന്റെയും ക്രിസ്തീയജീവിതത്തിന്റെയും കേന്ദ്രം വിശുദ്ധ കുർബാനയാണെന്നു് "മേദിയാത്തോർ ദേയി" "മിസ്റ്റിച്ചി കോർപോരിസ്" എന്നീ വിശ്വലേഖനങ്ങൾ വഴി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായും, ആരാധനക്രമത്തെപ്പറ്റിയുള്ള ഡിക്രിവഴി സഭാപിതാക്കന്മാരും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിട്ടുണ്ടു്. ഇത്ര സുപ്രധാനമായ സ്ഥാനമാണു് ദിവ്യബലിക്കുള്ളതെങ്കിൽ നമ്മുടെ വീക്ഷണഗതിയിൽ കാതലായ പരിവർത്തനങ്ങൾ അനിവാര്യങ്ങളാണു്.

അൾത്താരയിൽ സമർപ്പിക്കപ്പെടുന്ന ബലിയും ക്രിസ്തു കുരിശിൽ അർപ്പിച്ച ബലിയും തമ്മിൽ സത്താപരവും (essential) സാരംശാത്മക (substantial)വുമായ ഐക്യമാണുള്ളതെന്നു മൂന്നു ശതാബ്ദങ്ങൾക്കു മുമ്പുതന്നെ സഭ പഠിപ്പിച്ചിട്ടുണ്ടു്. ഈ ഐക്യത്തിന്റെ അടിസ്ഥാനം രണ്ടു ബലികളിലുമുള്ള പുരോഹിതന്റെയും ബലിവസ്തുവിന്റെയും താദാത്മ്യമാണു്. രക്തം ചിന്തിക്കൊണ്ടാണു് കുരിശിൽ അവിടുന്നു ബലിയർപ്പിച്ചതെങ്കിൽ, രക്തം ചിന്താത്ത യഥാർത്ഥബലി സമർപ്പണമാണു് ഇന്നു് അൾത്താരകളിൽ നിർവ്വഹിക്കപ്പെടുന്നതു്. ജനങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടു് ദൈവികകാരുണ്യങ്ങൾക്കായി ജനങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന വൈദികൻ, അൾത്താരയുടെ സമീപെ ദിവ്യബലിയർപ്പണത്തിനായി നിൽക്കുമ്പോൾ നിത്യപുരോഹിതനെയാണു് പ്രതിനിധാനം ചെയ്യുന്നതു്. വി. ജോൺ ക്രിസോസ്റ്റം പറയുന്നതുപോലെ ബലി സമർപ്പിക്കുമ്പോൾ വൈദികൻ ഒരർത്ഥത്തിൽ ക്രിസ്തുവിനു് തന്റെ നാവിനെ വായ്പ് കൊടുക്കുകയും സ്വകരത്തിന്റെ ഉപയോഗത്തെ വിട്ടുകൊടുക്കുകയുമാണു ചെയ്യുന്നതു്. വൈദികൻ ക്രിസ്തുവിന്റെ നാമത്തിലും ശക്തിയിലും ബലിയർപ്പിക്കുന്നതുകൊണ്ടു്, ദിവ്യബലി ക്രിസ്തുതന്നെയാണർപ്പിക്കുന്നതെന്നു പറയാവുന്നതാണു്.

"ഇതാ അങ്ങയുടെ തിരുഹിതം നിറവേറ്റാൻ ഞാൻ വരുന്നു" (എബ്രാ. 10: 9) എന്നു പറഞ്ഞുകൊണ്ടാണു് ക്രിസ്തു നമ്മുടെയിടയിൽ ആഗതനായതു്. മനുഷ്യാവതാരത്തിൽ സമാരംഭിച്ചു ഈ ബലിയർപ്പണം. പിതാവായ ദൈവത്തിനു് "പ്രിയംകരമായതുമാത്രം സദാ ചെയ്തുകൊണ്ടു്" (യോഹ. 8: 29) അവിടുന്നു് ഐഹികജീവിതം തുടർന്നുകൊണ്ടിരുന്നു. അവസാനം, "പിതാവേ, അങ്ങയുടെ തൃക്കരങ്ങളിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു" (ലൂക്കാ. 23: 46) എന്നു് കുരിശിൽ കിടന്നു നിലവിളിച്ചു പറഞ്ഞുകൊണ്ടു് ഈ ബലി പൂർത്തിയാക്കുകയാണുണ്ടായതു്. ഉത്ഥാനത്തിനുശേഷം

(ശേഷം 228-ാം പേജിൽ)

# അറിവിൻെറയും ആനന്ദത്തിൻെറയും അടിസ്ഥാനം: ദൈവികകല്പന

## [ഒന്നാം സങ്കീർത്തനം]

(റവ. ഫാദർ ഡാനിയൽ അച്ചനേത്ത്, M. A., L. D., L. Ph.)

''സ്തുതിഗീതങ്ങൾ'' എന്ന് എബ്രായക്കാരും ''പാട്ടുകൾ'' എന്ന് ഗ്രീക്കുകാരും സങ്കീർത്തനങ്ങൾക്ക് പേരുനല്കിയിട്ടുണ്ട്. എന്നാൽ വേറെ പേരുകളും പറയാവുന്നതാണ്. കാരണം, സങ്കീർത്തനങ്ങളിൽ ചിലവ പ്രാർത്ഥനകളും മററു ചിലവ ഉദ്ബോധനങ്ങളും, വേറെ ചിലവ കീർത്തനങ്ങളും ആണെന്നതത്രേ. ഒന്നാമത്തെ സങ്കീർത്തനം ''ഉദ്ബോധനങ്ങളു'' ടെ ഇനത്തിൽ പെടും.

സങ്കീർത്തനപുസ്തകത്തിനു തുടക്കമിടുന്ന ഒന്നാം സങ്കീർത്തനം മനോഹരവും ശ്രേഷ്ഠവുമാണ്. അതു് ചിരന്തനമായ ധ്യാനത്തിനും ചിന്തയ്ക്കും വിഷയമാക്കാൻ ഉചിതവുമത്രേ. മനുഷ്യജീവിതത്തെ സ്പർശിക്കുന്ന ചില കാതലായ പരമാർത്ഥങ്ങളാണ് അതിൽ പ്രതിപാദിച്ചിട്ടുള്ളതു്. ദൈവത്തേയും ദൈവത്തിൻെറയും കല്പനകളേയും ശരിയായി അറിഞ്ഞു സ്നേഹിക്കുന്നതാണു മനുഷ്യൻെറ ഇഹത്തിലേയും പരത്തിലേയും സൗഭാഗ്യത്തിൻെറ മൂലമെന്ന് ഈ സങ്കീർത്തനം ഉറപ്പിച്ചും തറപ്പിച്ചും പറയുന്നുണ്ടു്. അർത്ഥപുഷ്ടിയും ആനന്ദദായകത്വവും അതിൽ തിങ്ങിനില്ക്കുന്നു. ഒന്നാം സങ്കീർത്തനത്തിൻെറ ഒരു സ്വതന്ത്ര പരിഭാഷ ചുവടെ ചേർക്കുന്നു:—

1. ദുഷ്ടരുടെ ആലോചനപ്രകാരം വ്യാപരിക്കാത്തവനും, പാപികളുടെ മാർഗ്ഗം പിന്തുടരാത്തവനും, പരിഹാസികളുടെ കൂട്ടത്തിൽ കൂടാത്തവനും,

2. യാഹ്‌വേയുടെ ന്യായപ്രമാണത്തിൽ ആനന്ദിക്കുകയും അതിനെ കുറിച്ച് രാപകൽ ധ്യാനിക്കുകയും ചെയ്യുന്നവനുമായ മനുഷ്യൻ ഭാഗ്യവാൻ.

3. അവൻ, ഒഴുക്കുള്ള വെള്ളത്തിൻെറ കരയിൽ നട്ടിരിക്കുന്നതും, ഇലകൾ വാടിക്കൊഴിയാത്തതും, തക്കകാലത്തു് ഫലം പുറപ്പെടുവിക്കുന്നതുമായ ഒരു വൃക്ഷംപോലെയാണ്. അയാൾ ചെയ്യുന്നതെല്ലാം വിജയിക്കും.

4. എന്നാൽ ദുഷ്ടൻ അപ്രകാരമല്ല. കാററു പാററുന്ന പതിരുപോലെയാണവൻ.

5. ന്യായവിധിയിൽ നേരെ നില്ക്കാൻ ദുഷ്ടർക്കു കഴിയുന്നില്ല. നീതിമാന്മാരുടെ കൂട്ടത്തിൽ പാപികൾക്കു സ്ഥാനവുമില്ല.

6. നീതിമാന്മാരുടെ ജീവിതയാത്ര യാഹ്‌വേ സസ്നേഹം പരിപാലിക്കുന്നു. ദുഷ്ടന്മാരുടെ പാതയാകട്ടെ, നാശത്തിലേക്കു നയിക്കുന്നതാകുന്നു.

എല്ലാക്കാലങ്ങളിലും എല്ലാ സ്ഥലങ്ങളിലുമുള്ള സകല മനുഷ്യരും അന്വേഷിക്കുന്ന ഒരു കാര്യമുണ്ടു്. അതാണാനന്ദം. മനുഷ്യൻെറ സകല പ്രവൃത്തികളും അവൻ അറിഞ്ഞോ അറിയാതെയോ ഈ ഒരു ലക്ഷ്യത്തെ ലാക്കാക്കിയാണെന്നതിൽ സംശയമില്ല. ഒന്നാം സങ്കീർത്തനം ഈ ആനന്ദത്തെക്കുറിച്ചാണു പ്രതിപാദിക്കുന്നതു്. മനുഷ്യഹൃദയം തേടുന്ന ആനന്ദം എവിടെ, എങ്ങനെ കിട്ടുമെന്നു ഇതിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. ദുഷ്ടസംസർഗ്ഗം വർജ്ജിക്കണം. പാപം അസമാധാനവും അസന്തുഷ്ടിയുമാണ് മനുഷ്യജീവിതത്തിൽ വരുത്തിവയ്ക്കുക. ദൈവികകല്പനയുടെ ലംഘനമാണു പാപം. പാപരഹിതമായ ജീവിതം നയിക്കുന്നവൻ, എന്നുവച്ചാൽ ദൈവികകല്പന കാത്തു ജീവിക്കുന്നവൻ ആനന്ദം കണ്ടെത്തുമെന്നാണ് സങ്കീർത്തകൻ പറയുന്നതു്. ശിഷ്ടൻ ഫലപ്രദമായ ഒരു ജീവിതമായിരിക്കും നയിക്കുക. ഇതു് ഒരു ഉപമയിൽകൂടി വ്യക്തമാക്കുകയാണ്. വററാത്ത നദിയുടെ കരയിൽ നില്ക്കുന്ന ഒരു വൃക്ഷത്തിൻെറ കാര്യം നോക്കുക. അതിൻെറ ഇലകൾ വാടിക്കൊഴിയുന്നില്ല. ആ വൃക്ഷത്തിൻെറ വേരു് നദീജലവും അതിൽ കലർന്നിട്ടുള്ള വളവും എപ്പോഴും വലിച്ചെടുക്കുന്നു. അതിനാൽ ആ മരം തളിർക്കുകയും കാലാകാലങ്ങളിൽ പൂക്കുകയും കായിക്കുകയും ചെയ്യും. അതുപോലെ, ദൈവിക പ്രമാണങ്ങളിൽ വേരൂന്നിയി

ട്ടുള്ള മനുഷ്യഹൃദയം, ജീവിതത്തിനുവേണ്ട വീര്യവും മൂല്യവും സമ്പാദിക്കുന്നു. തന്മൂലം ആ മനുഷ്യജീവിതം ഫലപുഷ്ടവും ആനന്ദപ്രദവും ആയിത്തീരുന്നു. ന്യായപ്രമാണത്തെ മാനിക്കുന്നവൻ ചെയ്യുന്നതെല്ലാം വിജയിക്കുമെന്നും സങ്കീർത്തകൻ പ്രസ്താവിക്കുന്നു. ഒരു പക്ഷേ ദുഷ്ടന്മാർ താല്ക്കാലികമായി തഴച്ചു വളരുന്നതായും ശിഷ്ടന്മാർ ക്ലേശങ്ങൾ അനുഭവിക്കുന്നതായും നാം കണ്ടെന്നുവന്നേക്കാം. എന്നാൽ ഒരു കാര്യം വ്യക്തമാണ്. യഥാർത്ഥമായ വിജയവും ഔന്നത്യവും ശിഷ്ടർക്കേ ലഭിക്കുകയുള്ളൂ എന്നു ലോകചരിത്രവും നമ്മുടെ അനുഭവവും വിളിച്ചറിയിക്കുന്നു. "നീതിമാൻ പനപോലെ തളിർക്കും" എന്നു വേറൊരിടത്തു പറഞ്ഞിരിക്കുന്നതും ഒന്നാം സങ്കീർത്തനത്തിലെ പ്രസ്താവനയും തമ്മിൽ എത്ര പൊരുത്തമാണു കാണുന്നത്! ദൈവികകല്പനകൾ അനുസരിച്ചു ജീവിതവിശുദ്ധിയും തദ്വാരാ ജീവിതാനന്ദവും നേടുന്നവനത്രേ സാക്ഷാൽ "നീതിമാൻ".

ദൈവികപ്രമാണങ്ങളെ ധിക്കരിക്കുന്ന ദുഷ്ടന്മാരുടെ അഥവാ പാപികളുടെ അവസ്ഥയെക്കുറിച്ചും സങ്കീർത്തകൻ ഉജ്ജ്വലമായ ഭാഷയിൽ സംസാരിക്കുന്നു. ഇവിടെയും ഒരു പമ പ്രയോഗിക്കുന്നു. കാററു പാററുന്ന പതിരിൻെറ അവസ്ഥയെന്ത്? അതിനു ഒരു സ്ഥിരതയും നിലനില്പുമില്ല. നെല്ലിൻെറകൂടെ സ്ഥിതിചെയ്യാൻ അതിനു യോഗ്യതയില്ലാത്തതുമൂലം അതു ദൂരെ തള്ളപ്പെട്ടു. അങ്ങനെ കാററിൽ അകപ്പെട്ട ഈടില്ലാത്തതിനാൽ അതിനെ കാററു വഹിച്ചുകൊണ്ടു പോകാൻ ഇടയാകുന്നു. അങ്ങനെ കാററിൽ പെട്ടു പതിരു് ആ കാററിൻെറ ഗതിക്കൊത്തു ഒന്നും സഞ്ചരിക്കേണ്ടിവരുന്നു. എന്തൊരു ഗതികേട്? പാപിയുടെ ജീവിതവും പതിരുപോലെ ശൂന്യവും വ്യർത്ഥവുമത്രേ. ആനന്ദവും സമാധാനവും പാപി ഒരിക്കലും അനുഭവിക്കുന്നില്ല. പാപം ചെയ്യുന്തോറും അവൻ കൂടുതൽ അസമാധാനത്തിലേക്കും അരാജകത്വത്തിലേക്കും നീങ്ങുക മാത്രമാണു ചെയ്യുന്നത്. ഹൃദയവും മനസ്സും ഉറപ്പിക്കുന്നതിനു സ്ഥായിയായ ഒരു കാര്യവും അയാളുടെ ജീവിതത്തിലില്ല. അതിനാൽ അയാൾ കാററിൽപെട്ട പതിരുപോലെ ഉഴറുകയാണ്. ആനന്ദത്തിൻെറ പേരിൽ അസമാധാനവും അസന്തുഷ്ടിയും മാത്രമേ അയാൾക്കു ലഭിക്കുന്നുള്ളു. കാററു വിതച്ചു അയാൾ കൊടുങ്കാററു കൊയ്യുകയായിരിക്കും ചെയ്യുന്നത്. ശലമോൻ രാജാവിനു പോലും ഇപ്രകാരമുള്ള അനുഭവമുണ്ടായെന്നു വേദപുസ്തകത്തിൽനിന്നു നാം ഗ്രഹിക്കുന്നു. അന്ത്യനാളുകളിൽ ആ രാജാവിൻെറ ഹൃദയവും മനസ്സും ന്യായപ്രമാണത്തിൽനിന്നു വളരെ അകലെയായിരുന്നു. അതിനാൽ ജീവിതത്തിൽ എന്തൊന്നില്ലാത്ത ശൂന്യാവസ്ഥ അദ്ദേഹത്തിനനുഭവപ്പെട്ടു. ലോകവും ലൗകികഭോഗങ്ങളും "മായയും മായകളുടെ മായയു"മായി അദ്ദേഹത്തിനു തോന്നി. അക്കാര്യം ലോകത്തോടു അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു.

നീതിമാൻെറ പാത യാഹ്വേ ("യഹോവാ" എന്ന ഉച്ചാരണത്തേക്കാൾ ഇതാണു കൂടുതൽ ശരി) പരിരക്ഷിക്കുന്ന കാര്യവും ഒന്നാം സങ്കീർത്തനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ശാശ്വതാനന്ദത്തിലേക്കും ജീവനിലേക്കും നമ്മെ നയിക്കുന്ന ഒരു പാതയുണ്ട്. ഒരുപക്ഷേ അതു കണ്ടെത്തുന്നവർ ചുരുക്കമായിരിക്കാം. കല്ലും മുള്ളും നിറഞ്ഞതായിരിക്കാമതു്. അതിൽക്കൂടി യാത്രചെയ്യുക ക്ലേശകരംതന്നെ. എങ്കിലും അതു നമ്മെ നമ്മുടെ ലക്ഷ്യത്തിൽ കൊണ്ടാക്കും. ഈ പാതയിൽക്കൂടി സഞ്ചരിക്കുന്ന നീതിമാനെ (ദൈവികകല്പനകളനുസരിച്ചു ജീവിക്കുന്നവനെ) യാഹ്വേ (കർത്താവു്) കാത്തുസൂക്ഷിക്കും. ക്ലേശങ്ങൾ നിറഞ്ഞ ആ വഴി എളുപ്പം പിന്നിടുന്നതിനു അതിൽക്കൂടി യാത്രചെയ്യുന്ന നീതിമാനു യാഹ്വേയുടെ സ്നേഹഹസ്തം എപ്പോഴും സഹായം നല്കും. ഇരുപത്തിമൂന്നാം സങ്കീർത്തനത്തിൻെറ ആശയവും ഇതുതന്നെ. ഇടയനായ യാഹ്വേ നമ്മെ നയിക്കുമ്പോൾ നമുക്കൊന്നിനും മുട്ടുണ്ടാകയില്ല. യഥാർത്ഥാനന്ദമാകുന്ന ആ പച്ചപ്പുല്ത്തകിടികളിലേക്കും സ്വസ്ഥമായ വെള്ളത്തിൻെറ അടുത്തേക്കും താൻ നമ്മെ നയിക്കും. നമ്മുടെ ഹൃദയത്തിനു കുളിർമ്മ താൻ പ്രദാനം ചെയ്യും. നമ്മെ നീതിപാതകളിൽക്കൂടി താൻ നടത്തുമ്പോൾ കൂരിരുൾ താഴ്വരയിൽക്കൂടി നടന്നാലും നമുക്കൊരനർത്ഥവും ഭയപ്പെടേണ്ടതില്ല. എത്ര ഹൃദ്യമായ ഉദ്ബോധനങ്ങൾ!

നാശത്തിലേക്കു നീങ്ങുന്ന പാതയിൽക്കൂടിയാണു ദുഷ്ടന്മാർ (കല്പനകൾ കാക്കാത്തവർ) സഞ്ചരിക്കുന്നതെന്നു സത്യമാണു ഒന്നാം സങ്കീർത്തനത്തിൻെറ അന്ത്യഭാഗം. നീതിമാൻ പ്രകാശമയമായ പാതയിൽക്കൂടി സഞ്ചരിക്കുമ്പോൾ പാപികൾ അന്ധകാരനിബിഡമായ

DHARMARAM COLLEGE LIBRARY, BANGALORE. 20048

മാർഗ്ഗത്തിൽക്കൂടി യാത്ര ചെയ്യുന്നു. അന്ധകാരത്തിന്റെ പാത നാശത്തിന്റെ വഴിതന്നെ. ഒരുപക്ഷേ അതു് വീതിയുള്ളതും പൂക്കൾ വിതറിയതുമാകാം. അതിൽക്കൂടി യാത്രചെയ്യുന്നവർ ലൗകികസുഖങ്ങൾ കണ്ടെത്തിയെന്നും വരാം. എന്നാൽ മനുഷ്യന്റെ ഹൃദയം കാംക്ഷിക്കുന്ന ആ യഥാർത്ഥാനന്ദം ഈ പാതയിൽക്കൂടി പോകുന്നവർ ഒരിക്കലും കണ്ടെത്തുകയില്ല.

ഇപ്രകാരം മനുഷ്യജീവിതത്തെ സ്പർശിക്കുന്ന രണ്ടീട്ടറ്റ പരമാർത്ഥങ്ങൾ ഉൾക്കൊള്ളുന്ന ഈ ഒന്നാം സങ്കീർത്തനം നാം കൂടെക്കൂടെ വായിച്ചു ധ്യാനിക്കണം. വ്യാകുലതയും വേദനയും നിറഞ്ഞ ലൗകിക ജീവിതത്തിൽ ആശയും ആശ്വാസവും പകർന്നുതരാൻ ഒന്നാം സങ്കീർത്തനത്തിന്റെ ഗാഢമായ പഠനം നമ്മെ സഹായിക്കാതിരിക്കുകയില്ല. സങ്കീർത്തകൻ വരച്ചുകാണിക്കുന്ന വിഭിന്നങ്ങളായ ആ രണ്ടു ചിത്രങ്ങൾ നമ്മുടെ സ്മരണയിൽനിന്നൊരിക്കലും മായരുതു്. ഇഹത്തിലും പരത്തിലും ശിഷ്ടനും ദുഷ്ടനുമുണ്ടാകുന്ന അനുഭവങ്ങളുടെ അന്തരം ശരിയായി ഗ്രഹിക്കുക. ശിഷ്ടൻ എല്ലാതരത്തിലും പരിപുഷ്ടനാകുമെന്നും ദുഷ്ടൻ എല്ലാതരത്തിലും ശുഷ്കിതനാകുമെന്നുമുള്ള പരമാർത്ഥം നമ്മുടെ മനസ്സിലും ഹൃദയത്തിലും ആഞ്ഞുതറയ്ക്കത്തക്കവണ്ണമുള്ള ഉദ്ബോധനമത്രേ ഒന്നാം സങ്കീർത്തനം നമുക്കു നല്കുന്നതു്. ചെവിയുള്ളവൻ കേൾക്കട്ടെ, ബുദ്ധിയുള്ളവൻ ചിന്തിക്കട്ടെ, മനസ്സുള്ളവൻ അനുവർത്തിക്കട്ടെയെന്ന ആഹ്വാനവും സങ്കീർത്തകൻ ചെയ്യുന്നുണ്ടു്.

ആധുനിക മനുഷ്യനിൽ വലിയ പരിവർത്തനം വരുത്താനുള്ള കഴിവു് ഈ സങ്കീർത്തനത്തിനുണ്ടു്. നിരീശ്വരത്വത്തിന്റെയും ഭൗതികവാദത്തിന്റെയും കരിനിഴൽ പടർന്ന പാതയിൽ പ്രകാശത്തിന്റെ കിരണങ്ങൾ വിതറുന്ന ഉദ്ബോധനമത്രേ ഈ സങ്കീർത്തനം. വിഷയസുഖങ്ങളിൽ മുഴുകുന്ന അധർമ്മിഷ്ഠനും, ദൈവത്തെ വെല്ലുവിളിക്കുന്ന നിരീശ്വരനും ആനന്ദം ലഭിക്കുകയില്ലെന്ന ഉഗ്രമായ ഒരു വെല്ലുവിളി ഒന്നാം സങ്കീർത്തനത്തിലുണ്ടു്. ദൈവത്തെ സ്നേഹിക്കുന്നവനും ധർമ്മത്തെ മുറുകെപിടിക്കുന്നവനും ഒന്നും ഭയപ്പെടാനില്ല. അവന്റെ കാര്യം ഭദ്രമാണെന്ന തത്വം ആവിഷ്കരിക്കുന്ന ഒന്നാം സങ്കീർത്തനം ആർക്കാണു് കാമ്യമാകാത്തതു്?

## For favours recieved Inserted by



K. V. Kunjamma Teacher,
Nedumpra U. P. S.
Kalthuritty P. O.
*(Excuse delay)*



Mrs Annamma Cheriyan

# ധ്യാനചിന്തകൾ

## (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പ)

### ഭക്തിമാർഗ്ഗം

1

ഇതുവരെയും നാം പഠിച്ചതു് ഭക്തിമാർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതിനുള്ള പ്രാരംഭപടിയാണു്. ദൈവത്തിൽ ചെന്നുചേരുന്നതിനു് ഏതൊരുവനും എളുപ്പമായ മാർഗ്ഗം ഭക്തിയുടെ മാർഗ്ഗം തന്നെ. എന്താണു് ഭക്തിമാർഗ്ഗം? നിഷ്കപടമായും ഫലാപേക്ഷകൂടാതെയും ദൈവത്തെ അന്വേഷിച്ചു് കണ്ടുപിടിച്ചു് ദൈവത്തിൽ സ്നേഹംമൂലം ഒന്നായിചേരുന്നതത്രെ ഭക്തി. ഭക്തി ദൈവപ്രേമത്തിൽ നിന്നും മുളയെടുക്കുന്നു. ദൈവപ്രേമത്തിൽ ഭക്തി പര്യവസാനിക്കുന്നു. ഈ പ്രേമത്തിന്റെ പുരോഗമനഘട്ടത്തിൽ പരമപ്രേമോന്മാദം ഉണ്ടാകുന്ന അവസരം വരും. അതാണു് "അഭ്യന്തര ഹർമ്മ്യം" ആറാം മന്ദിരത്തിൽ ആവിലായിലെ വിശുദ്ധ ത്രേസ്യായിക്കുണ്ടായതായി പറയുന്ന അനുഭവങ്ങൾ. ആ പ്രേമോന്മാദം ജനിച്ചാൽ ഈ പ്രപഞ്ചത്തിൽ നിന്നും അയാളുടെ ചിത്തം മുക്തമായി എന്നു പറയാം. അതുവരെ ഈ പ്രപഞ്ചത്തിന്റെ ബന്ധങ്ങളാൽ കെട്ടപ്പെട്ടിരിക്കുന്ന ഒരടിമയാണു് അയാളുടെ ചിത്തം. ഈ പരമപ്രേമത്തിൽ ലയിച്ചിരുന്നാൽ നിത്യസംതൃപ്തനായിത്തീരും. ഇങ്ങനെയുള്ള ദൈവപ്രേമത്തിന്റെ ഉദ്ദേശ്യം ലൗകീക സുഖാനുഭവങ്ങൾ ലഭിക്കണമെന്നുള്ളതല്ല. ആ ഉദ്ദേശ്യം സ്വാർത്ഥത്തിന്റെ ഒരു വകഭേദം മാത്രമാണു്. സത്യം പറഞ്ഞാൽ ലൗകികസുഖഭോഗങ്ങൾക്കായി ദൈവപ്രേമം പരിശീലിക്കുന്നയാൾ പരമപ്രേമോന്മാദമെന്ന ഒരവസ്ഥയിലെത്തുന്നതേയല്ല. അപ്പോൾ ദൈവത്തെ പ്രേമിക്കുന്നതെന്തിനു് എന്ന ചോദ്യം ഉളവായേക്കാം. പ്രേമം പ്രേമത്തിനുവേണ്ടിത്തന്നെ. മാർഗ്ഗവും പ്രേമം, സാദ്ധ്യവും പ്രേമം. ദൈവത്തിന്നായിക്കൊണ്ടുതന്നെ ദൈവത്തിൽ ഭക്തിവയ്ക്കുന്നു.

ഭക്തി പുണ്യാത്മാക്കൾക്കു് വലിയ ചിന്താവിഷയമായിരുന്നു. അതേപ്പററി എത്രയോ ഗ്രന്ഥങ്ങൾ പുണ്യവാന്മാർ ചമച്ചിട്ടുണ്ടു്! അവരുടെ ചില പുസ്തകങ്ങൾ മാത്രമേ എനിക്കു് വായിക്കുവാൻ സാധിച്ചിട്ടുള്ളു. അതിൽ നിന്നും എന്റെ ഹൃദയത്തിൽ പതിഞ്ഞ പ്രധാന കാര്യം ദൈവത്തോടുള്ള പരമപ്രേമം മററു കാര്യലാഭത്തെ ഉദ്ദേശിച്ചുള്ളതല്ല എന്നത്രെ. നേരേമറിച്ചു് സകലവിധ കാമങ്ങളേയും നിരോധിക്കുന്ന ഭക്തിയാണു് യഥാർത്ഥഭക്തി. എന്താണു് ഈ നിരുദ്ധം? ദൈവം ഒഴിച്ചുള്ള സർവ്വത്തേയും നിരോധിക്കുകതന്നെ. ഇങ്ങനെ ഹൃദയത്തിലുള്ള എല്ലാ കാമങ്ങളും കൊഴിഞ്ഞു് പോകുമ്പോൾ ഈ പരമപ്രേമം ജനിക്കുന്നു. **Philokalia** എന്നൊരു പുസ്തകം കുരിശുമല ആശ്രമത്തിൽനിന്നും എടുത്തു് ഞാൻ പഠിക്കുവാനിടയായി. അതിൽ ഈ ആശയം എത്രയും വ്യക്തമാണു്. **"Emptying"** എന്നാണു് കാമങ്ങളെയെല്ലാം വലിച്ചെറിയുന്നതിനു് ആ ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന പദം. ഈ കാമങ്ങളെല്ലാം യാതൊരുവനിൽ നിരുദ്ധാവസ്ഥയിലെത്തുന്നുവോ അയാൾക്കു് നിത്യജീവന്റെ **(ETERNAL LIFE)** അനുഭവം അറിയാൻ കഴിയുന്നു. നിത്യജീവൻ എന്നു് ദൈർഘ്യതയെ മാത്രം ഉദ്ദേശിച്ചല്ലാ പറയുന്നതു്. അതിന്റെ മാഹാത്മ്യത്തെ ഉദ്ദേശിച്ചുമാണു്. **(Not quantity but quality)**

ഭക്തിക്കു് ഒരു വിശേഷതയുണ്ടു്. മഹത്തായ നമ്മുടെ ദിവ്യലക്ഷ്യത്തിൽ എത്തിച്ചേരുവാൻ ഏററവും എളുപ്പവും സ്വാഭാവികവുമായ മാർഗ്ഗം ഭക്തിയാണു്. എന്നാൽ ഭക്തിക്കു് അതിന്റെ താണപടിയിൽ ഒരു വൈകല്യം കാണുന്നു. ഭക്തന്മാർ പലരും മതഭ്രാന്തന്മാരായിത്തീരാം. ഭക്തിയുടെ താണപടികളിൽ സഞ്ചരിക്കുന്നവർ മിക്കവാറും ഇങ്ങനെയുള്ളവരാകുന്നു. നിശ്ചയമായിട്ടും യേശുക്രിസ്തുവിൽ വളരെ ഭക്തിയും നിഷ്ഠയും അവശ്യമാണു്. അങ്ങനെ ഒരു ഇഷ്ടനിഷ്ഠയുണ്ടാകാത്തപക്ഷം യഥാർത്ഥഭക്തി വളരുകയില്ല. വലിയ ത്രേസ്യാ പുണ്യവതിയുടെ അഭ്യന്തരഹർമ്മ്യത്തിൽ അതു ആദിയോടന്തം വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ യേശുക്രിസ്തുവിനോടുള്ള ഭക്തിമൂലം ഒരുവൻ വിചാരിക്കുന്നപോലെ വിചാരിക്കാത്തവരെല്ലാം മൂഢന്മാരും അജ്ഞാനികളുമാണെന്നു് നിർണ്ണയിക്കുന്നതു സാഹസവിധിയത്രെ. തങ്ങൾ ചിന്തിക്കുന്നപോലെ ചിന്തിക്കാത്തവരെക്കുറിച്ചു് വെറിയെടുത്തു് ഭ്രാന്തന്മാരാകുന്ന

താണ് മതഭ്രാന്തിൻെറ ലക്ഷണം. ദിവംഗതനായ 23-ാം യോഹന്നാൻ മാർപ്പാപ്പാ ഭക്തനും അതേസമയം മതഭ്രാന്തു കൂടാതെ യേശുക്രിസ്തുവിൽ നിഷ്ഠയുള്ളവനും ആയിരുന്നു. മതഭ്രാന്തനു് വിവേചനശക്തിതന്നെ ഇല്ലാതെയായി അഭിപ്രായവ്യത്യാസമുള്ളവരെ കടിക്കാനും ദ്രോഹിക്കാനും തുടങ്ങും. ഇന്നത്തെ എക്യുമിനിസം മതഭ്രാന്തിനു് ഒരു കടിഞ്ഞാണിട്ടുവാൻ യോഹന്നാൻ മാർപ്പാപ്പാ നൽകിയിട്ടുള്ള അനർഘ സമ്പത്താണു്. മതസാഹോദര്യത്തിൻെറ അതിർത്തിക്കു പുറമെയുള്ളവരുടെ നേരെ പലരും നികൃഷ്ടമായ വാക്കുകളും പ്രവൃത്തികളും തൊടുത്തുവിടുന്നതു് കാണ്മാൻ കഴിയും. നായയ്ക്കു് തൻെറ യജമാനൻെറ വീട്ടിൽ അന്യർ കയറാതെ തടഞ്ഞു നിറുത്തുവാനുള്ള വാസനയോടു് മതഭ്രാന്തിനെ ഉപമിക്കാം.

പ്രാരംഭഭക്തിയിലാണു് ഈ അപകടം കാണാറുള്ളതു്. പക്വഭക്തിയിൽ മതഭ്രാന്തിൻെറ ബീഭത്സ പ്രകടനങ്ങൾ കാണുന്നതല്ല. എന്തെന്നാൽ പരമഭക്തിയിലെത്തുമ്പോൾ, ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും മഴയും വെയിലും നൽകുന്ന പ്രേമസ്വരൂപനായ ദൈവത്തിൻെറ സമീപത്തു് അയാൾ എത്തിയിരിക്കുന്നു.

ഒരു പക്ഷിക്കു് പറക്കുവാൻ രണ്ടു ചിറകുകൾ വേണം. ഒരു വാലും വേണം. അതുപോലെ ഭക്തനു് ഒരു ചിറകു് ഭക്തിയും മറേറച്ചിറകു് ജ്ഞാനവും ആയിരിക്കണം. മൂഢന്മാരായ ഭക്തന്മാർ അത്രെ മതഭ്രാന്തന്മാരാകാറുള്ളതു്. ഈ രണ്ടു ചിറകുകളെ നയിക്കുവാൻ ''ധ്യാനം'' എന്ന വാൽ വേണം. അതാണു് ചുക്കാൻ. ഇനി തുടർച്ചയായി പറയുവാൻ പോകുന്നതു് ഭക്തിയെപ്പററിയാണു്. ദൈവം അനുവദിച്ചാൽ പിന്നീടു് ജ്ഞാനമാർഗ്ഗത്തേയും അവസാനം ധ്യാനസോപാനങ്ങളെയും കുറിച്ചു് പറയാം.

ഭക്തിക്കു് പ്രാരംഭ പടികളിൽ ആരാധനാസമ്പ്രദായങ്ങൾ ആവശ്യമാണു്. ഇരുപതിൽ പരം റീത്തുകളിലായി പലവിധ ആരാധനാരീതികൾ കത്തോലിക്കാസഭയ്ക്കുണ്ടു്. ഇനിയും കൂടുതൽ ഉണ്ടാകാം. ഒന്നുമാത്രമാണു് മറേറതിനേക്കാൾ ശ്രേഷ്ഠമെന്നു പറയേണ്ട ആവശ്യമേയില്ല. സാധകനു് ദൈവത്തോടു് അത്യന്തം ഭക്തിയിൽ വളരുവാൻ ഉപയോഗപ്രദമായതെല്ലാം നല്ലതുതന്നെ. വിവിധ പ്രകൃതിയും, പ്രായവും, പാണ്ഡിത്യവും, സംസ്കാരവും, അനുഭവവും, അനുസരിച്ചു് ആരാധനാസമ്പ്രദായം മാറിമാറിയിരുന്നുകൊള്ളട്ടെ. അതിനാൽ കാർമ്മിക നിയമങ്ങളിൽ കടും പിടിത്തം പിടിക്കുന്നതും ഒരുതരം ഭക്തിഭ്രാന്താണു്.

ഭക്തി പരിപൂർണ്ണമാകുമ്പോൾ കാലാന്തരത്തിൽ യഥാർത്ഥജ്ഞാനം വന്നുചേരും. യഥാർത്ഥജ്ഞാനവും ഭക്തിയും തമ്മിൽ വേർപെടുത്തുവാൻതന്നെ പ്രയാസമായിരിക്കും. അങ്ങനെ ഭക്തിയും ജ്ഞാനവും സമ്മേളിച്ചാൽ ആരാധനാരീതികളിലുള്ള കലഹങ്ങൾ വേഗം ശമിച്ചടങ്ങും. പക്വമായ ഭക്തി വരാത്തപ്പോൾ ഭക്തി ഭ്രാന്തിൻെറ വേഷം കെട്ടിവരുന്നതും പക്വമതികൾ ക്ഷമയോടെ മൗനമായി വീക്ഷിക്കണം. ഭക്തിയും ജ്ഞാനവും ധ്യാനവുംകൂടി സമ്മേളിക്കണമെന്നു പറഞ്ഞുവല്ലോ. ധ്യാനം എന്താണു്? ധ്യാനിക്കപ്പെടുന്ന കാര്യത്തെപ്പററി നിരന്തരമായ സ്മരണവരുമ്പോൾ ധ്യാനം ശരിയായി എന്നു പറയാം. ഒരു കുപ്പിയിൽനിന്നും മറെറാരു കുപ്പിയിലേക്കു് എണ്ണ ധാരമുറിയാതെ വീഴുന്നപോലെ വരണം. ഇങ്ങനെയുള്ള നിരന്തര സ്മരണ ദൈവത്തെപ്പററി വരുമ്പോൾ മാത്രമെ ആദ്യം പറഞ്ഞ കാമങ്ങൾ കൊഴിഞ്ഞുപോകയുള്ളൂ (Emptying) ഈ സ്മരണയാണു് ദൈവദർശനത്തിലെത്തിക്കുന്നതു്. സ്മരണയുടെ ഉച്ചാവസ്ഥ, ദർശനമാണു്.

ശാസ്ത്രാഭ്യാസങ്ങൾകൊണ്ടും വേദാദ്ധ്യയനം കൊണ്ടും മാത്രം ഈ പ്രത്യക്ഷാനുഭവം വരികയില്ല. നിരന്തര സ്മരണയാൽ ദൈവത്തെ ആത്മാവും ആത്മാവിനെ ദൈവവും വരിക്കും. അതാണു് St. John of the cross പറയുന്ന ദൈവവൽക്കരണം. (Transformation of soul) ആക്ക ദൈവം അത്യന്തം പ്രീതനായിരിക്കുന്നുവോ അതുപോലെ ദൈവവും അയാളിലും പ്രീതനായിരിക്കും. അങ്ങനെ ദൈവവരപ്രസാദം പ്രവർത്തിച്ചു് അയാൾക്കു് ദൈവൈക്യം എന്ന മഹാസിദ്ധി പ്രാപിക്കുവാനൊക്കും. ദൈവത്തോടൊഴിച്ചു് മറെറന്തിനോടെങ്കിലും ഉള്ള പ്രേമത്തെ ഭക്തി എന്നുപറയാമോ? ഭാര്യയോടോ മക്കളോടോ ഉള്ള പ്രേമത്തിനു് ഭക്തി എന്നു പറയേണ്ടതില്ല. ഭക്തി എന്നതു് ദൈവത്തെ സാക്ഷാൽക്കരിപ്പാൻ വേണ്ടി മനസ്സുകൊണ്ടു് നിരന്തരമായി ചെയ്യുന്ന പ്രയത്നമാണു്. ആരാധനകൾകൊണ്ടാരംഭിച്ചു് അവസാനം ദൈവത്തോടുള്ള പരമഭക്തിയിൽ പര്യവസാനിക്കണം.

(തുടരും)

# മററുള്ളവരെ വിധിക്കാതിരിക്കുക

ചില ആളുകളുണ്ട്, വലിയ ഭക്തിതീക്ഷ്ണതയും പ്രാർത്ഥനയിലുള്ള ശുഷ്കാന്തിയും കാണിക്കുന്നവരായി. അതേ സമയം തന്നെ അവർ എല്ലാക്കാര്യങ്ങളിലും എല്ലാവരിലും കുററങ്ങളും കുറവുകളും കണ്ടുപിടിക്കുവാനുള്ള പഴുത് നോക്കിനടക്കുകയും ചെയ്യും. അവർ ലോകം നന്നാക്കാനും മററുള്ളവരെ നന്നാക്കാനും സംസാരത്തിലെങ്കിലും വലിയ താല്പര്യം പ്രകടിപ്പിക്കും. മററുള്ളവരുടെ ഏതെങ്കിലും നിസ്സാരമായ കുററം ഒന്നു കേൾക്കാൻ ഇടയായാൽ അവരുടെ ധാർമ്മികരോഷം അങ്ങു പതച്ചുപൊങ്ങുകയായി. ഇങ്ങനെയൊക്കെ ഭക്തിയും ധാർമ്മികരോഷവും കാണിക്കുന്ന ഇവരാകട്ടെ, സ്വന്തം കാര്യം വരുമ്പോൾ കൗശലവും സൂത്രവും പ്രയോഗിക്കുകയും വിളച്ചിലുകൾ ഇറക്കുകയും വേല പാസ്സാക്കുകയും ചെയ്യും. ഭക്തിയുടെയും പരസ്നേഹത്തിൻെറയും ഈ മൂടുപടം വലിച്ചുമാററി നോക്കുമ്പോൾ കാണപ്പെടുന്നത് പച്ചയായ സ്വാർത്ഥതയും ദാംഭികതയും ഗർഹണീയമായ പരദ്വേഷവുമാണ്. എങ്കിലും മററുള്ളവരെ കുററം വിധിക്കുവാനുള്ള ഇവരുടെ ഉത്സാഹം ഒന്നു വേറെതന്നെയാണ്.

വേദപുസ്തകം മനസ്സിരുത്തി ഇക്കൂട്ടർ വായിച്ചിട്ടുണ്ടോയെന്നും ക്രിസ്തീയമായ പരസ്നേഹത്തിൻെറ ബാലപാഠങ്ങൾ ഇവർ പഠിച്ചിട്ടുണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

വേദപുസ്തകത്തിലെ ഹൃദയാതലസ്പർശിയായ ഒരു സംഭവമാണ് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയോട് ദയാമസൃണവും സ്നേഹദീപ്തവുമായ രീതിയിൽ ക്രിസ്തുനാഥൻ പെരുമാറിയ സംഭവം. ദൈവാലയത്തിലെ ഒരു മണ്ഡപത്തിൽ ക്രിസ്തുനാഥൻ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭയവിഹ്വലയായ ഒരു സ്ത്രീയെ ഫരിസേയരും നിയമജ്ഞന്മാരുംകൂടി വലിച്ചിഴച്ച് അങ്ങയുടെ പക്കലേക്കു കൊണ്ടുവരുന്നു. കൂടെ കുറെ ആളുകളും ഉണ്ട്. എല്ലാവരുടെയും കൈകളിൽ കല്ലുകളുമുണ്ട്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലണമെന്നാണ് മൂശയുടെ കല്പന. ധാർമ്മികരോഷത്തിൻെറ കപടമൂടുപടം അണിഞ്ഞിരുന്നവരാണവർ. ആ സ്ത്രീയോട് വലുതായ വെറുപ്പും അവളുടെ കുത്സിതവൃത്തിയെക്കുറിച്ചുള്ള അമർഷവും പ്രകടിപ്പിക്കുകയാണെങ്കിൽ മററുള്ളവരുടെ മുൻപിൽ തങ്ങൾ നീതിമാന്മാരായി, ലോകം നന്നാക്കാനുള്ള ആഗ്രഹമുള്ളവരായി, സമുദായത്തിൻെറ സദാചാരപാലകരായി കാണപ്പെടുമെന്ന് അവർ വ്യാമോഹിച്ചിരിക്കാം.

മറെറാരുദ്ദേശ്യവും കൂടി അവർക്കുണ്ടായിരുന്നു. തികഞ്ഞ സ്വാർത്ഥതയിലും കടുത്ത പരദ്വേഷത്തിലും അധിഷ്ഠിതമായിരുന്നു, ആ ഉദ്ദേശ്യം. ക്രിസ്തു ജനങ്ങളാൽ ആദരിക്കപ്പെടുന്നു, അനുഗമിക്കപ്പെടുന്നു, പ്രകീർത്തിക്കപ്പെടുന്നു. സമുദായത്തിൻെറ മേലേക്കിടയിൽ ജീവിക്കുന്ന തങ്ങൾക്ക് ലഭിക്കാത്ത സ്ഥാനമാണ് ജനതാമദ്ധ്യത്തിൽ ക്രിസ്തുവിനു് ലഭിച്ചിരിക്കുന്നത്. അദ്ദേഹത്തെ ജനങ്ങളുടെ മുമ്പിൽ അപഹാസപാത്രമാക്കണം; തങ്ങളുടെ മേന്മയെ മററുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കണം. ആ സ്ത്രീയെ വിട്ടയയ്ക്കുവാൻ ക്രിസ്തു ആവശ്യപ്പെട്ടാൽ അദ്ദേഹം മൂശയുടെ നിയമം ലംഘിക്കുന്നവനാകും. അവളെ കല്ലെറിഞ്ഞു കൊല്ലുവാൻ അദ്ദേഹം സമ്മതിച്ചാൽ ഇതേവരെ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള മനുഷ്യസ്നേഹവും ആലംബരഹിതരോടുള്ള കരുണയും വെറും നാട്യമായിരുന്നുവെന്ന് ആളുകൾ കരുതിക്കൊള്ളും. ഇങ്ങനെ പോയി അവരുടെ ചിന്തകൾ.

എന്നാൽ, അവർ കരുപ്പിടിപ്പിച്ച ആ പദ്ധതി അമ്പേ! തകർന്നുപോയി. അവരുടെ ചോദ്യംതന്നെ അങ്ങ് അവഗണിച്ചതായി അവർക്കു തോന്നി. അങ്ങ് വിരൽകൊണ്ട് നിലത്തു എന്തോ എഴുതിക്കൊണ്ടിരുന്നു. എന്താണ് അങ്ങ് എഴുതിക്കൊണ്ടിരുന്നത്? അവിടെ കൂടിനിന്നിരുന്ന ആളുകളുടെ പാപങ്ങളാണോ? നമുക്ക് തീർച്ചയില്ല. ഒടുവിൽ അങ്ങ് അരുളിച്ചെയ്തു: "നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം അവളെ കല്ലെറിയട്ടെ". അവരിൽ പലരുടെയും രഹസ്യജീവിതം ആ സ്ത്രീക്കുതന്നെ അറിയാമായിരുന്നിരിക്കാം. അങ്ങ് വീണ്ടും കുനിഞ്ഞിരുന്ന് എഴുതിക്കൊണ്ടിരുന്നു. വലിയ ധാർമ്മികരോഷം കാണിച്ചു് അവിടെ നിന്നിരുന്ന ഓരോരുത്തനും പിൻവാങ്ങി. അല്പം കഴിഞ്ഞപ്പോൾ ആ സ്ത്രീമാത്രം അവിടെ ശേഷിച്ചു. അപ്പോൾ ദയാമസൃണമായ രീതിയിൽ അവളെ നോക്കിയിട്ട് അങ്ങ് അവളോട്

അരുളിച്ചെയ്തു. "നീയും പൊയ്ക്കൊൾക. മേലാൽ പാപം ചെയ്യരുതു്".

നമ്മിൽ പലരും ഫരിസേയരാണു്. മററുള്ളവരുടെ മുൻപിലുള്ള നമ്മുടെ സ്ഥാനമാനാദികൾ സംരക്ഷിച്ചുകൊണ്ടു് പോകുന്നതിനു് ആത്മാർത്ഥത തൊട്ടുതെറിച്ചിട്ടില്ലാത്ത രീതിയിൽ പലപ്പോഴും നാം പെരുമാറുന്നുണ്ടു്, പല അഭിനയങ്ങളും നടത്തുന്നുണ്ടു്, പല കൗശലങ്ങളും പ്രയോഗിക്കുന്നുണ്ടു്; മററുള്ളവരെ അപഹാസപാത്രമാക്കി മേന്മനേടുവാൻ പരിശ്രമിക്കുന്നുണ്ടു്. ജീവിതവിശുദ്ധിയുള്ള ഒരാൾ മററുള്ളവരുടെ പാപങ്ങളെക്കുറിച്ചു് സങ്കടപ്പെടും. ദൈവത്തോടു് അവർക്കുവേണ്ടി മാപ്പിരക്കും. രഹസ്യത്തിൽ അവരെ തിരുത്താമെങ്കിൽ തിരുത്തും. എന്നാൽ, ഒരിക്കലും മററുള്ളവരുടെ വിഴുപ്പുകെട്ടു് എടുത്തു നിരത്തി പുറത്തിടുകയില്ല.

മററുള്ളവരെക്കുറിച്ചു് നാം പറയുന്ന കുററങ്ങൾ നമ്മിൽതന്നെ കാണുമെന്നുള്ളതു് മിക്കവാറും തീർച്ചയാണു്. മററുള്ളവരെ ഇങ്ങനെ കുററപ്പെടുത്തുന്നതിനും വിമർശിക്കുന്നതിനുമുള്ള ശീലത്തിനു് മനശാസ്ത്രജ്ഞന്മാർ ഒരു പേരു് നൽകിയിട്ടുണ്ടു്. **Projection** അഥവാ ബഹിർഗമനത എന്നാണു് അവർ അതിനെ വിളിക്കുന്നതു്. നമ്മുടെ ബലഹീനതകളെക്കുറിച്ചു് നമുക്കുള്ള അസ്വാസ്ഥ്യം ശമിപ്പിക്കുന്നതിനു് ഉപയുക്തമായ ഒരു രക്ഷാകവചമായിട്ടാണു് അവർ അതിനെ വ്യവഹരിക്കുന്നതു്. അബോധാവസ്ഥയിൽ അടിഞ്ഞുകിടക്കുന്ന അയോഗ്യവികാരങ്ങളിൽ നിന്നു് രക്ഷപെടുന്നതിനു് അവ മററുള്ളവരുടെമേൽ നാം ആരോപിക്കുകയാണെന്നാണു് അവർ പറയുന്നതു്. ഒരു മനശാസ്ത്രജ്ഞൻ അതിനൊരുദാഹരണം നൽകുന്നുണ്ടു്. ഒരു സ്ത്രീ മറെറാരു സ്ത്രീയുടെമേൽ വ്യഭിചാരം ആരോപിക്കുന്നുവെന്നു് സങ്കല്പിക്കുക; അങ്ങനെ ആരോപിക്കുന്ന സ്ത്രീ അതു ചെയ്യുന്നതു് അവളിൽ പൊന്തിവരുന്ന ലൈംഗിക വിചാരങ്ങൾ, അടിച്ചമർത്തപ്പെട്ട ലൈംഗിക വിചാരങ്ങൾ, ഗോപ്യമായി സൂക്ഷിക്കുന്നതിനാണു്.

ഇപ്രകാരമുള്ള **Projection** അഥവാ ബഹിർഗമനത അപകടകരമായ ഒന്നുതന്നെയാണു്. നമ്മുടെ ജീവിതത്തെ ആകെപ്പാടെ അതു ഉലച്ചുവെന്നു വരാം. മററുള്ളവർ പലർക്കും അതു് അപകടമുണ്ടാക്കിയെന്നുവരും. മാനുഷികദൗർബല്യങ്ങൾ ഏതെങ്കിലും രൂപത്തിൽ ഇല്ലാത്ത മനുഷ്യരില്ല. നമ്മിൽ ഉള്ള മാനുഷിക ദൗർബല്യങ്ങളെ നാം ശരിയായിത്തന്നെ അഭിമുഖീകരിക്കുക. ആ ദൗർബല്യങ്ങൾ അകററുന്നതിനു് ദൈവത്തിൽ ആശ്രയിക്കുക. ദൈവാനുഗ്രഹവും ഉത്തമമായ ക്രിസ്തീയ കുടുംബത്തിലെ ശരിയായ പരിശീലനവും കൊണ്ടു മാത്രമാണു് പല വൃത്തികേടുകളിൽ നിന്നും പല സ്വഭാവദൂഷ്യങ്ങളിൽ നിന്നും നാം അകന്നൊഴിഞ്ഞു നിൽക്കുന്നതെന്നു ചിന്തിക്കുക. മററുള്ളവരെ നാം വിധിക്കാതിരിക്കുക. ചിലരുടെ സദുദ്ദേശത്തോടുകൂടിയ പ്രവൃത്തികൾ നാം തെററിദ്ധരിച്ചുവെന്നു വരാം. ഹൃദയം കാണുന്നവൻ ദൈവം മാത്രമാണല്ലോ. ഒരാളുടെ പ്രവൃത്തികളുടെ പിന്നിലുള്ള ഉദ്ദേശ്യവും പ്രേരകശക്തിയും ആ പ്രവൃത്തിയുടെ സന്ദർഭത്തിൽ അയാളെ നിയന്ത്രിച്ചിരുന്ന വിചാരങ്ങളുമെല്ലാം അറിയുക നമുക്കു് സാദ്ധ്യമല്ലല്ലോ.

മററുള്ളവരെ വിമർശിക്കാനും മററുള്ളവരിൽ കുററം കണ്ടുപിടിക്കാനുമുള്ള നമ്മുടെ പ്രവണത നാം ഇല്ലാതാക്കുകതന്നെ വേണം. ദൃഢനിശ്ചയത്തോടുകൂടി നാം ദൈവത്തിൽ ആശ്രയിച്ചു് പരിശ്രമിക്കണം. പലപ്പോഴും നാം പരാജയപ്പെട്ടെന്നു വന്നേക്കാം. വീണ്ടും ശ്രമിക്കുക മാത്രമാണു് കരണീയം. അന്യരെ താഴ്ത്തിക്കെട്ടി ആളാകാൻ നോക്കാതിരിക്കുകയാണു് ആദ്യം നാം ചെയ്യേണ്ടതു്.

അഹന്തയും ഫരിസേയമനഃസ്ഥിതിയും ഭൂഷണങ്ങളാണെന്നു കരുതുന്ന ആളുകൾക്കു്, ഈ ലോകത്തിൻെറ മക്കളായ ആളുകൾക്കു്, സ്വന്തം മേന്മകൾ പരോക്ഷമായ രീതികളിൽ വിളംബരം ചെയ്തുകൊണ്ടു് നടക്കുന്ന ആളുകൾക്കു്, മററുള്ളവരെ വിധിക്കാനും വിമർശിക്കാനും ഉള്ള പ്രവണതകൾ മററനേകർക്കു് മനോഭാരങ്ങൾ ഉളവാക്കുന്നുണ്ടെന്നു് അവർ കരുതിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

(J. G)

# അപ്പൊസ്തോലികപിതാക്കന്മാരും അവരുടെ ചില സാക്ഷ്യങ്ങളും

(മോൺ. തോമസ് വടശ്ശേരി എൽ. ഡി.)

[തുടർച്ച]

## 1. ദിദാക്കേ അഥവാ പന്ത്രണ്ടു അപ്പൊസ്തോലന്മാരുടെ ഉപദേശം

1) ജീവന്റെയും മരണത്തിന്റെയും മാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള ഉപദേശങ്ങൾ (അദ്ധ്യായം 1-6)

"രണ്ടു വഴികളുണ്ട്. ഒന്നു ജീവന്റേതു്, മറേറതു മരണത്തിന്റേതു്. ഈ രണ്ടു വഴികളും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ജീവന്റെ വഴി ഇതാകുന്നു: ആദ്യമായി നിന്നെ സൃഷ്ടിച്ച ദൈവത്തെ നീ സ്നേഹിക്കുക. പിന്നീടു നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും. നിന്നോടു ചെയ്യപ്പെടണമെന്നു നീ ആഗ്രഹിക്കാത്തതൊന്നും അന്യനോടും നീ ചെയ്യരുതു്. ഈ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ഉപദേശം ഇതാകുന്നു: നിങ്ങളെ ശപിക്കുന്നവരെ നിങ്ങൾ അനുഗ്രഹിക്കുവിൻ. നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ, നിങ്ങളെ പീഡിപ്പിക്കുന്നവർക്കു വേണ്ടി നിങ്ങൾ ഉപവസിക്കുവിൻ. നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ എന്തു പ്രയോജനം? പുറജാതികളും ഇതു ചെയ്യുന്നില്ലേ? നിങ്ങളോ, നിങ്ങളെ ദ്വേഷിക്കുന്നവരെ സ്നേഹിക്കുവിൻ. നിങ്ങൾക്കു ഒരു ശത്രുവും ഉണ്ടായിരിക്കരുതു്. ജഡികവും ശാരീരികവുമായ ആശകളിൽനിന്നു വിരമിക്കുവിൻ." (ദിദാക്കേ 1, 1-4)

ജീവന്റെ മാർഗ്ഗം ഒന്നാമതായി ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുന്നതിൽ അടങ്ങിയിരിക്കുന്നു ഈ കല്പന കൊലപാതകം, വ്യഭിചാരം, മോഷണം, മന്ത്രവാദം, വിഗ്രഹാരാധന മുതലായ പാപങ്ങളിൽനിന്നു വിമുക്തരായിരിക്കുവാനും, ഈ പാപങ്ങൾക്കു കാരണമാകുന്ന വിദ്വേഷം, പ്രതികാരേച്ഛ, തർക്കം, അസൂയ, ദുരാഗ്രഹം മുതലായവയിൽനിന്നു അകലുവാനും പ്രേരിപ്പിക്കുന്നു.

ജീവന്റെ മാർഗ്ഗം രണ്ടാമതായി ഓരോരുത്തന്റെയും കടമകൾ നിറവേററുന്നതിൽ അടങ്ങിയിരിക്കുന്നു. 1) അവനവനോടുള്ള കടമകൾ 2) കർത്താവിന്റെ വചനം പ്രസംഗിക്കുന്നവരോടുള്ള കടമകൾ 3) വിശ്വാസികളായ സഹോദരങ്ങളോടുള്ള കടമകൾ 4) ദരിദ്രരോടുള്ള കടമകൾ 5) ഭൃത്യരോടുള്ള കടമകൾ 6) യജമാനന്മാരോടുള്ള കടമകൾ.

മരണത്തിന്റെ മാർഗ്ഗം: ഇതു ശാപങ്ങളും പാപങ്ങളും നിറഞ്ഞതാണു്. ജീവന്റെ മാർഗ്ഗത്തിൽ ചെയ്യരുതെന്നു പറഞ്ഞിട്ടുള്ളതു ചെയ്യുന്നതുകൊണ്ടാണു ഇതുണ്ടാകുന്നതു്. ഉദാഹരണം, കൊലപാതകം വ്യഭിചാരം, വിഗ്രഹാരാധന മുതലായവ.

2) ആരാധനക്രമം. (അദ്ധ്യായം 7-10)

പ്രാർത്ഥന. "ആകാശത്തിലുള്ള ബാവാ!" എന്ന പ്രാർത്ഥന പ്രതിദിനം മൂന്നുനേരം ചൊല്ലണം. മററു പ്രാർത്ഥനകളൊന്നും അക്കാലത്തു ഉണ്ടായിരുന്നില്ല.

ഉപവാസം. പുതിയനിയമത്തിൽ ഉപവാസം അനുഷ്ഠിക്കേണ്ടതില്ലെന്നും, പുരാതന സഭയിൽ ഉപവാസം ഇല്ലായിരുന്നെന്നും പ്രോട്ടസ്റ്റൻറുസഭകൾ ഉപദേശിക്കുന്നു. എന്നാൽ ദിദാക്കേയിൽ പലഭാഗങ്ങളിലും ഉപവാസത്തെസംബന്ധിച്ചു പറയുന്നുണ്ടു്. "നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി ഉപവസിക്കുവിൻ" എന്ന വാക്യം മുകളിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. 7, 1-ൽ പറയുന്നു: "കപടഭക്തന്മാർ ചെയ്യുന്നതുപോലെ നിങ്ങൾ തിങ്കളാഴ്ചയും വ്യാഴാഴ്ചയും ഉപവസിക്കരുതു്. നിങ്ങൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉപവസിക്കുവിൻ". മാമോദീസാ എന്ന കൂദാശ നൽകുന്നിടത്തും ഉപവാസത്തെസംബന്ധിച്ചു പറയുന്നുണ്ടു്. മാമോദീസാ, പാപനിവേദനം, വി കുർബാന എന്നീ മൂന്നു കൂദാശകളെപ്പററി ദിദാക്കേയിൽ പറയുന്നു.

**മാമോദീസാ.** ജീവൻെറയും മരണത്തിൻെറയും മാൎഗ്ഗങ്ങളെ സംബന്ധിച്ചുള്ള കാൎയ്യങ്ങളൊക്കെ പഠിപ്പിച്ചശേഷമാണു ഒരാളെ മാമോദീസാ മുക്കേണ്ടതു്. ഇതേപ്പററി ദിദാക്കേയിൽ ഇങ്ങനെ പറയുന്നു: ''മാമോദീസായെ സംബന്ധിച്ചാണെങ്കിൽ ഇപ്രകാരം മാമോദീസാ നൽകുവിൻ. മുമ്പു പ്രസ്താവിച്ചിട്ടുള്ളതെല്ലാം പറഞ്ഞശേഷം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ പുതിയവെള്ളത്തിൽ മാമോദീസാ നൽകുവിൻ. പുതിയവെള്ളം ഇല്ലെങ്കിൽ മററുവെള്ളത്തിൽ നൽകാം. തണുത്തതില്ലെങ്കിൽ ചൂട്ടവെള്ളത്തിലാകാം. രണ്ടും ഇല്ലെങ്കിൽ ശിരസ്സിൽ മൂന്നുപ്രാവശ്യം പിതാവിയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ വെള്ളം ഒഴിക്കുവിൻ. മാമോദീസാ നൽകുന്നവനും സ്വീകരിക്കുന്നവനും സാധിക്കുന്ന മററുള്ളവരും ഉപവസിക്കണം, മാമോദീസാ സ്വീകരിക്കുന്നവൻ ഒന്നോ രണ്ടോ ദിവസം മുമ്പേ ഉപവസിക്കുവാൻ കല്പിക്കണം'' (7, 1-4)

ആററിലോ കുളത്തിലോ ശരീരം മുഴുവൻ മുക്കി മാമോദീസാ നൽകിയെങ്കിലേ വാസ്തവമാകയുള്ളു എന്നു ശഠിക്കുന്ന ചില സഭക്കാർ, പുരാതന സഭയിൽ തലയിൽ മാത്രം മൂന്നു പ്രാവശ്യം വെള്ളം ഒഴിച്ചു മാമോദീസാ നൽകുന്ന പതിവും ഉണ്ടായിരുന്നെന്നു ഗ്രഹിക്കുന്നതു നല്ലതാണു്.

### പാപനിവേദനം (കുമ്പസാരം)

ദിദാക്കേയിൽ രണ്ടുസ്ഥലത്തു പാപനിവേദനത്തെപ്പററി പറയുന്നുണ്ടു്. 4-ാം അദ്ധ്യായം 14-ാം വാക്യത്തിൽ പറയുന്നു: ''സഭയിൽ നിൻെറ പാപങ്ങളെ നീ ഏററുപറയണം. ദുഷിച്ച മനസ്സാക്ഷിയോടുകൂടി പ്രാൎത്ഥനയ്ക്കായി നീ സമീപിക്കരുതു്.'' 14, 1-ൽ പറയുന്നു: ''നിങ്ങളുടെ ബലി നിൎമ്മലമായിരിക്കേണ്ടതിനു നിങ്ങളുടെ കുററങ്ങൾ ഏററുപറഞ്ഞശേഷം അപ്പം മുറിക്കയും കൃതജ്ഞത പ്രകാശിപ്പിക്കയും ചെയ്യുവിൻ''. ''സഭയിൽ പാപങ്ങൾ ഏററുപറയണം'' എന്ന വാക്യം പരസ്യ കുമ്പസാരത്തെ സൂചിപ്പിച്ചേക്കാം. എന്നാൽ അതു രഹസ്യവും കൂദാശപരവുമായ കുമ്പസാരത്തെ ഉദ്ദേശിച്ചാണെന്നു അനുമാനിക്കാം. കാരണം, മനസ്സാക്ഷിയുടെ നിൎമ്മലത അതു നൽകുന്ന ബലിയിൽ സംബന്ധിക്കുന്ന ആൾ അതു നിമിത്തം മലിനനാകുന്നില്ല. പരസ്യമായി പാപങ്ങൾ ഏററുപറയുന്നതുകൊണ്ടു മാത്രം ഈ ആന്തരിക ശുദ്ധീകരണം ലഭിക്കയില്ലല്ലോ.

For favours received



Inserted by

K. V. Marykutty,
Kalayil Kizhakethil,
Mylapra.

# ദൈവമാതാവും ഓർത്തഡോക്സ് സഭയും
# റവ. ഫാ. എം. വി. ജോർജ്ജും—
## 'മലങ്കരസഭ'യിലെ ആരോപണങ്ങൾക്കു മറുപടി

[റവ. ഫാ. സി. എ. ഏബ്രഹാം, M. A., B. D., B. Litt. (Oxon)]

### 1) ആമുഖം:

'മലങ്കരസഭ' എന്ന ഓർത്തഡോക്സ് മാസികയുടെ ജൂൺലക്കത്തിൽ ദൈവമാതാവിന്റെ അമലോത്ഭവത്തെ തള്ളിപ്പറഞ്ഞുകൊണ്ടും ചില വേദവാക്യങ്ങളെ തെററായി വ്യാഖ്യാനിച്ചുകൊണ്ടും റവ ഫാ. എം. വി. ജോർജ്ജ് ഒരു ലേഖനമെഴുതിയിട്ടുണ്ട്. നാലഞ്ചു മാസങ്ങൾക്കുമുമ്പ് ഫാ. ജോർജ്ജ് എഴുതിക്കൊടുത്ത ആ ലേഖനം "സ്ഥലപരിമിതി"മൂലം അച്ചടിക്കാൻ താമസിച്ചതാണെന്നുള്ള പത്രാധിപരുടെ ഒരു കുറിപ്പും അതോടൊന്നിച്ചുണ്ട്. സ്ഥലപരിമിതികൊണ്ടോ മറെറന്തെങ്കിലും നല്ല കാരണം കൊണ്ടോ ആ ലേഖനം പരസ്യപ്പെടുത്താതിരുന്നെങ്കിൽ നന്നായിരുന്നു എന്നു തോന്നി അതു വായിച്ചു കഴിഞ്ഞപ്പോൾ! പ്രോട്ടസ്റ്റൻറുകാർ പോലും ഉപേക്ഷിച്ചുകളഞ്ഞ ചില പഴഞ്ചൻ വാദങ്ങളും പുതിയ ചില ദുർവ്യാഖ്യാനങ്ങളും ഉപയോഗിച്ചു കത്തോലിക്കാവിരോധം പ്രകടിപ്പിക്കാൻ ലേഖകൻ വെമ്പൽകൊള്ളുന്നു എന്ന പ്രതീതിയാണ് പ്രസ്തുത ലേഖനം നൽകുന്നതു്. ഏതായാലും ഫാ. എം. വി. ജോർജ്ജ് ഒരു വാദപ്രതിവാദത്തിനൊരുങ്ങി രംഗപ്രവേശം ചെയ്യുകയും എന്നെ പേരു പറഞ്ഞു വിളിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വാദങ്ങൾക്കു മറുപടി പറയേണ്ടിയിരിക്കുന്നു. അദ്ദേഹം ഉന്നയിച്ചിരിക്കുന്ന എല്ലാ പോയിൻറുകൾക്കും അദ്ദേഹം കൊടുത്തിരിക്കുന്ന ക്രമത്തിൽ തന്നെ മറുപടി പറയാം. വാദപ്രതിവാദത്തിൽ അനുവദനീയമായ വിമർശനങ്ങളും പദപ്രയോഗങ്ങളും കണ്ടു് ബ. എം. വി. ജോർജ്ജച്ചനും ഞാനും തമ്മിലുള്ള സൗഹാർദ്ദതയ്ക്കു ഭംഗം വന്നു എന്നു വായനക്കാർ തെററിദ്ധരിക്കരുതു്.

### 2. ഫാ. ജോർജ്ജ് ഉന്നയിക്കുന്ന വ്യവസ്ഥ:

ഫാ. ജോർജ്ജിന്റെ ലേഖനം "മുഴുവനായി ക്രൈസ്തവകാഹളത്തിൽ പരസ്യം ചെയ്തിട്ടുമാത്രമേ അതിനു മറുപടി എഴുതാവൂ" എന്നൊരപേക്ഷയോടുകൂടെയാണ് അദ്ദേഹം ലേഖനമാരംഭിക്കുന്നതു്. ക്രൈസ്തവകാഹളത്തിൽ ഞാനെഴുതിയിരുന്ന ഒരു കുറിപ്പിനെ വിമർശിച്ചാണ് ഫ. ജോർജ്ജ് തന്റെ ദീർഘലേഖനം എഴുതിയിരിക്കുന്നതെന്നോർക്കണം. എന്റെ കുറിപ്പ് "മലങ്കരസഭ"യിൽ ചേർത്തിട്ട് അതിനു മറുപടിയെഴുതാനുള്ള സൗമനസ്യം ബ അച്ചൻ കാണിച്ചില്ല. അതേസമയം അദ്ദേഹത്തിന്റെ നീണ്ട ലേഖനം മുഴുവനായി ക്രൈസ്തവകാഹളത്തിൽ പരസ്യം ചെയ്തിട്ടേ അതിനു മറുപടിയെഴുതാവൂ എന്നദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്! ഇതെന്നെ അത്ഭുതപ്പെടുത്തുന്നതിന് ഒരു പ്രത്യേക കാരണമുണ്ട്. മൂന്നുമാസം മുമ്പ് ഫാ. ജോർജ്ജ് ഒരു ദീർഘലേഖനം 'ക്രൈസ്തവകാഹള'ത്തിൽ പരസ്യം ചെയ്യാനായി വ ദി. ശ്രീ. ചെപ്പാട്ട പീലിപ്പോസ് റമ്പാച്ചന് അയച്ചുകൊടുത്തു. ആ ലേഖനം പ്രധാനമായും എന്റെ അഭിപ്രായങ്ങളെ വിമർശിച്ചുകൊണ്ടുള്ളതായിരുന്നതിനാൽ ബ. റമ്പാച്ചൻ അതെന്നെ ഏല്പിച്ചു. അതു വായി ശേഷം ഫാ. ജോർജ്ജിന് മൂന്നു നിർദ്ദേശങ്ങളടങ്ങിയ ഒരു കത്തു ഞാനെഴുതി. നിർദ്ദേശങ്ങൾ ഇവയായിരുന്നു: എ, ഫാ. ജോർജ്ജിന്റെ ലേഖനത്തിലെ വിമർശനത്തിനടിസ്ഥാനമായ എന്റെ കുറിപ്പ് "മലങ്കരസഭ"യിൽ പ്രസിദ്ധം ചെയ്യാമെങ്കിൽ അദ്ദേഹത്തിന്റെ ലേഖനം ക്രൈസ്തവകാഹളത്തിൽ പ്രസിദ്ധം ചെയ്യാം. ബി, ആദ്യത്തെ നിർദ്ദേശം സ്വീകാര്യമല്ലെ

ങ്കിൽ ഫാ. ജോർജിൻെറ ലേഖനം മലങ്കരസഭയിലും എൻെറ മറുപടി ക്രൈസ്തവകാഹളത്തിലും പ്രസിദ്ധം ചെയ്യാം. സി, പരസ്യമായ വാദപ്രതിവാദത്തിന് എനിക്കു വലിയ താല്പര്യമില്ലാത്തതുകൊണ്ട് രണ്ടുപേരുടേയും ലേഖനങ്ങൾ ഇരുവർക്കും സമ്മതനായ മൂന്നാമതൊരാളിൽ കൂടി കൈമാറുകയും ആവശ്യമെങ്കിൽ ഒടുവിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കയും ചെയ്യാം. ഈ മൂന്നു നിർദ്ദേശങ്ങളുടങ്ങിയ ഇംഗ്ലീഷിലുള്ള എൻെറ കത്തു ടൈപ് ചെയ്ത് ഫാ. ജോർജിനു ഞാനയച്ചുകൊടുത്തു ഇതിൻെറ കോപ്പി ഞാൻ സൂക്ഷിച്ചിട്ടുണ്ട്. ഈ കത്തിനു മറുപടിയായി എൻെറ രണ്ടാമത്തെ നിർദ്ദേശം (അതായതു്, അദ്ദേഹത്തിൻെറ ലേഖനം 'മലങ്കര സഭ'യിലും എൻെറ മറുപടി 'ക്രൈസ്തവകാഹള'ത്തിലും പ്രസിദ്ധം ചെയ്യാമെന്നുള്ളതു) മാത്രം സ്വീകാര്യമാണെന്നറിയിച്ചുകൊണ്ട് ഫാ. ജോർജിൻെറ ഒരു കാർഡു കിട്ടി. ഈ കാർഡും ഞാൻ സൂക്ഷിച്ചിട്ടുണ്ട്. ഇത്രയും സംഭവിച്ചു രണ്ടുമാസം കഴിഞ്ഞതിനുശേഷമാണ് ഫാ ജോർജിൻെറ ലേഖനം "മലങ്കരസഭ"യിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. അതിനു ഞാൻ മറുപടി എഴുതുന്നതിനു മുമ്പായി ആ ലേഖനം മുഴുവനും ക്രൈസ്തവകാഹളത്തിൽ പ്രസിദ്ധപ്പെടുത്തണമെന്ന് ഇപ്പോൾ അദ്ദേഹം ആവശ്യപ്പെടുന്നു! അങ്ങനെ ചെയ്തില്ലെങ്കിൽ എൻെറ ഇനിയുള്ള വിമർശനങ്ങൾക്ക് അദ്ദേഹം മറുപടി എഴുതുകയില്ല എന്നുപോലും അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്! "ചൊവ്വാകപ്പെട്ട" ഓർത്തഡോക്സ് സമീപനമായി ഫാ. ജോർജ് ഇതിനെ കരുതുന്നുണ്ടാവണം! ഏതായാലും എൻെറ വാദമുഖങ്ങൾ വായിച്ചു കഴിയുമ്പോൾ അവയ്ക്കു മറുപടി പറയുന്നതു് അസൗകര്യമാണെന്നു ഫാ. ജോർജ് തീരുമാനിക്കാനിടയായാൽ അതിനുള്ള കാരണം അഡ്വാൻസായി, ഇതാ, അദ്ദേഹം നൽകിക്കഴിഞ്ഞു!

### 3. കാതോലിക്കാബാവായും ആർച്ചുബിഷപ്പ് വില്ലിബ്രാൻറും

ഫാ ജോർജിൻെറ വേദവ്യാഖ്യാനത്തിലേയ്ക്കു കടക്കുന്നതിനു മുമ്പ് അദ്ദേഹത്തിൻെറ ലേഖനത്തിലെ വേറെ രണ്ടു പോയിൻറുകളെ പരാമർശിച്ചുകൊള്ളട്ടെ മറുപടിയുടെ പൂർണ്ണതയ്ക്കുവേണ്ടി ഇതു ചെയ്യുന്നു എന്നേയുള്ളൂ.

a) കാലംചെയ്ത കാതോലിക്കാബാവാ തിരുമേനിയുടെ അഭിപ്രായമാണു താൻ പ്രകാശിപ്പിക്കുന്നതെന്നും ബാവാതിരുമേനിക്ക് തന്നോടു വലിയ വാത്സല്യമായിരുന്നുവെന്നും ഫാ. ജോർജ് പ്രസ്താവിക്കുന്നു. ബാവാതിരുമേനി കാലം ചെയ്തതുകൊണ്ടും ബാവായുടെ അഭിപ്രായമായി ഫാ. ജോർജ് എടുത്തു കാണിക്കുന്നവ അദ്ദേഹം സസന്തോഷം സ്വീകരിക്കുന്നതുകൊണ്ടും ഈ വാദപ്രതിവാദത്തിൽ ബാവാതിരുമേനിയെ കക്ഷിചേർത്തിട്ടു കാര്യമില്ല കാലംചെയ്ത ബാവാതിരുമേനിക്കു ദൈവമാതാവിനോടുണ്ടായിരുന്ന ഭക്തിയും പ്രോട്ടസ്റ്റൻറു ചിന്താഗതികളോടുണ്ടായിരുന്ന എതിർപ്പും നേരിട്ടറിയുവാൻ തക്കവണ്ണം ഞാനും അദ്ദേഹത്തോടു കുറേയൊക്കെ അടുത്തു പെരുമാറിയിട്ടുണ്ട്. സുപ്രീംകോർട്ടു വിധിമൂലം മലങ്കരസഭയിലെ കലഹം അവസാനിക്കുന്നതിനു മുമ്പ് കൽക്കട്ടായിൽ ഇരുകക്ഷികളേയും യോജിപ്പിച്ച് നാലു വർഷം ഞാൻ ഓർത്തഡോക്സ് ഇടവകവികാരിയായിരുന്ന കാര്യവും കാതോലിക്കാബാവായെ അവിടെ ക്ഷണിച്ചു വരുത്തി ഒരാഴ്ചയോളം താമസിപ്പിച്ച കാര്യവും ഫാ. ജോർജിനും അറിയാമായിരിക്കും. എനിക്കുന്നോടും അല്പം വാത്സല്യം ബാവായിക്കുണ്ടായിരുന്നു! ഏതായാലും ബാവാതിരുമേനിയുടെ മറ പിടിച്ചു ഫാ ജോർജ് രക്ഷപെടാൻ ശ്രമിക്കരുതെന്നപേക്ഷിക്കുന്നു. കാലം ചെയ്ത ബാവാതിരുമേനിയോടു സാധാരണ ജനങ്ങൾക്കുള്ള ആദരവിനെ ചൂഷണംചെയ്ത് ഓർത്തഡോക്സ് സഭയിൽ പ്രോട്ടസ്റ്റൻറു വിശ്വാസങ്ങൾ കടത്തുന്നതിനുള്ള ശ്രമം ബാവാതിരുമേനിയുടെ സ്മരണയോടുള്ള അവഹേളനമായിരിക്കും. അദ്ദേഹത്തിൻെറ ആത്മാവിനു ഞാൻ നിത്യശാന്തി നേരുന്നു.

b) ഫാ. ജോർജിൻെറ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന വേറൊരു വ്യക്തി ആർച്ചുബിഷപ്പ് വില്ലിബ്രാൻറാണ്. "ഈ കൗൺസിലിലും ex cathedra statement ഉണ്ടാ

കുമോ എന്നു ഞാൻ ചോദിച്ചപ്പോൾ അങ്ങനെ ഒരു സ്റ്റേററ്മെൻറ് ഇനി ഒരിക്കലും ഉണ്ടാകയില്ല എന്ന് അദ്ദേഹം തന്ന മറുപടി എന്നെ വളരെ സന്തോഷിപ്പിച്ചു". ക്രൈസ്തവ ഐക്യത്തിനായുള്ള കത്തോലിക്കാ സെക്രട്ടറിയേററിലെ ഉദ്യോഗസ്ഥനായ ആർച്ചുബിഷപ്പ് വില്ലിബ്രാൻറ് പഴയസിമ്മനാരിയിൽ വച്ചു പറഞ്ഞതായി ഫാ. ജോർജ് അവകാശപ്പെടുന്ന വാചകമാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഈ വാചകത്തിനു മുമ്പും പിമ്പും ആർച്ചുബിഷപ്പ് എന്തെല്ലാം പറഞ്ഞുവെന്ന് ഫാ. ജോർജ് വെളിപ്പെടുത്തിയിട്ടില്ല. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുണ്ടായിട്ടുള്ള സഭയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ തെററായിപ്പോയി എന്ന് ആർച്ചുബിഷപ്പ് വില്ലിബ്രാൻറ് പറഞ്ഞതായി നേരേ അവകാശപ്പെടാതെ അങ്ങനെയൊരു സൂചന നൽകാൻ ഫാ ജോർജ് ശ്രമിച്ചിട്ടുണ്ട്. പാവം, വില്ലിബ്രാൻറ്! ഒരു സംഭാഷണത്തിൽ നിന്ന് ഓർമ്മിക്കപ്പെട്ട ഒരു വാചകം മാത്രം അടർത്തിയെടുത്ത് അതൊരു വാദമുഖമായി ഉപയോഗിക്കുന്നതുകൊണ്ട് എന്തു പ്രയോജനമാണ്? ആർച്ചുബിഷപ്പ് വില്ലിബ്രാൻറിൻെറ വാക്കുകൾ ഫാ. ജോർജ് ഉദ്ധരിക്കുന്ന രീതിയിൽ തന്നെ സ്വീകരിച്ചാൽപോലും അദ്ദേഹം ആശിക്കുന്നയർത്ഥം അവയ്ക്കില്ലെന്നുള്ളതാണു സത്യം. ഫാ. ജോർജിൻെറ തെററായ വേദവ്യാഖ്യാനവും ബിഷപ്പ് വില്ലിബ്രാൻറിൻെറ അഭിപ്രായവും തമ്മിൽ വിദൂരമായ ഒരു ബന്ധം പോലുമുള്ളതായി തോന്നുന്നില്ല. ഏതായാലും ഒരു കത്തോലിക്കാബിഷപ്പിൻെറ അഭിപ്രായം ഫാ ജോർജിനെ സന്തോഷിപ്പിച്ചതിൽ ഞാനും സന്തോഷിക്കുന്നു. ഇനി ex cathedra statement ഉണ്ടാവുകയില്ലെന്നുള്ള ആർച്ചുബിഷപ്പിൻെറ അഭിപ്രായത്തെ ഏററവും ഒടുവിലത്തെ ex cathedra statement ആയി സ്വീകരിക്കുന്നതിന് ഫാ. ജോർജ് ഇഷ്ടപ്പെടുന്നുവെങ്കിൽ അദ്ദേഹത്തിൻെറ വിശ്വാസം അദ്ദേഹത്തെ പൊറുപ്പിക്കട്ടെ എന്നല്ലാതെ എന്തു പറയാനാണ്!

## 4. ഓർത്തഡോക്സ് സഭയും പ്രോട്ടസ്റ്റൻറ് സമ്പർക്കവും

പ്രോട്ടസ്റ്റൻറ് പരിശീലനം ലഭിച്ചിട്ടുള്ള നേതാക്കൾ വഴിയായി, അവരറിഞ്ഞോ അറിയാതെയോ, ഓർത്തഡോക്സ് സഭയിൽ പ്രോട്ടസ്റ്റൻറ് ചിന്താഗതികൾ നുഴഞ്ഞുകയറാൻ ഇടയുണ്ടെന്നു ഞാൻ സൂചിപ്പിച്ചിരുന്നു. ഫാ. ജോർജിനെപ്പോലെയുള്ളവരെ മനസ്സിൽ കണ്ടുകൊണ്ടാണ് അപ്രകാരമെഴുതിയതെന്ന് ഞാൻ സമ്മതിക്കുന്നു. ഓർത്തഡോക്സ് വൈദിക സിമ്മനാരിയിൽ പഠിപ്പിക്കുന്ന ഫാ. കെ. പീലിപ്പോസ്, ഫാ. എൻ. എ. യോഹന്നാൻ മുതലായവരെപ്പററി മേൽ സൂചിപ്പിച്ച ആരോപണം കൊണ്ടുവരാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. ഫാ. ജോർജിനെ ഇക്കാര്യത്തിൽ വേർതിരിച്ചു കാണേണ്ടി വന്നതു ക്ഷമിക്കണം. അദ്ദേഹത്തിൻെറ പല ആശയങ്ങളെയും കാലംചെയ്ത കാതോലിക്കാ ബാവാതന്നെ എതിർത്തിരുന്നു എന്നും അദ്ദേഹത്തിനു ശെമ്മാശ്ശു പട്ടം കൊടുക്കാൻ ബാവാ ആദ്യമൊക്കെ വിമുഖത പ്രദർശിപ്പിച്ചിരുന്നു എന്നും ഫാ. ജോർജ് തന്നെ എന്നോടു പറഞ്ഞിട്ടുണ്ട്. ജബൽപൂരിലും ഡ്രൂവിലും ദീർഘകാല പരിശീലനം നടത്തിയ ഫാ. ജോർജ് ഓർത്തഡോക്സ് വിശ്വാസത്തിനു നവീന വ്യാഖ്യാനങ്ങൾ നൽകിയേക്കുമെന്നുള്ള ഭയം ഞാൻ ഓർത്തഡോക്സ് സഭാംഗമായിരുന്ന കാലത്തുതന്നെ എനിക്കുണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. ഈ ഭയം അടിസ്ഥാനരഹിതമല്ലെന്ന് അദ്ദേഹത്തിൻെറ ലേഖനം തെളിയിക്കുകയും ചെയ്യുന്നു. എൻെറ ഈ ഭയത്തെപ്പററി ഫാ ജോർജ് പറയുന്നതു്, അദ്ദേഹം മാത്രമല്ല പല കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരും പ്രോട്ടസ്റ്റൻറ് വേദശാസ്ത്രജ്ഞന്മാരെപ്പററി പഠനം നടത്തിയിട്ടുണ്ടെന്നും "എബ്രഹാം അച്ചൻ തുറന്ന ഹൃദയത്തോടെ പ്രോട്ടസ്റ്റൻറ് പുസ്തകങ്ങൾ വായിക്കണം" എന്നുമത്രേ. കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാർ കത്തോലിക്കാ സിമ്മനാരികളിലെ പഠിത്തത്തിനും പരിശീലനത്തിനും പകരമായി പ്രോട്ടസ്റ്റൻറ് തിയോളജി പഠിക്കുകയാണെന്നായിരിക്കുമോ ഫാ. ജോർജ് ധരി

ച്ചിരിക്കുന്നതു്? സ്കോളർഷിപ്പു കിട്ടുന്നിടത്തെല്ലാം വൈദികരോ മെത്രാന്മാരോ പരിശീലനത്തിനു പോകുന്ന പതിവു് കത്തോലിക്കാസഭയിലില്ല. പ്രോട്ടസ്റ്റൻറു പുസ്തകങ്ങൾ വായിക്കാൻ എന്നെ ഉപദേശിച്ചതിനു നന്ദി. ആംഗ്ലിക്കൻ തിയോളജിക്കൽ കോളെജിൽ (പെന്തക്കൊസ്തു കോളെജിലല്ല) ഞാൻ പഠിച്ചതും പഠിപ്പിച്ചതും ഫാ. ജോർജ്ജും അറിഞ്ഞുകാണണം. ഫാ. ജോർജിനും എനിക്കും പഴയതൊന്നും മായിച്ചുകളയാനാവില്ല; അതിൻെറ ആവശ്യവുമില്ല. പക്ഷെ, ജബൽപൂരിലും ഡ്രൂവിലും മററും എഴുതിയെടുത്ത നോട്ടിലാണു് ഓർത്തഡോക്സ് വിശ്വാസത്തിൻെറ ശരിയായ വ്യാഖ്യാനം കാണേണ്ടതു എന്നു വിചാരിക്കാതിരിക്കുവാനുള്ളവിവേകം ഞങ്ങൾക്കു രണ്ടുപേർക്കും ആവശ്യമാണെന്നു തോന്നുന്നു. ഫാദർ ഫ്ളോറോവ്സ്കിയെ കണ്ടതുകൊണ്ടു് ഈ വിവേകം ഉണ്ടാകണമെന്നില്ല! പ്രോട്ടസ്റ്റൻറുവിശ്വാസം പഠിക്കുന്നതു ഒരു കാര്യം; അതും ഓർത്തഡോക്സ് വിശ്വാസവും തമ്മിലുള്ള അന്തരം ഗ്രഹിക്കാൻ കഴിയാത്തതു തികച്ചും മറെറാരു കാര്യമാണു്. ഇതിൽ രണ്ടാമത്തെ അനുഭവമുള്ളവരാണു് ഓർത്തഡോക്സ് സഭയും കത്തോലിക്കാസഭയും തമ്മിൽ ഉള്ള വ്യത്യാസങ്ങൾ ഊതി വീർപ്പിക്കുകയും ഇല്ലാത്ത വ്യത്യാസങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നതു്. ഈ തൊപ്പി ഫാ. ജോർജിനു് എത്രമാത്രം ചേരും എന്നു് അദ്ദേഹത്തിൻെറ അഭിപ്രായങ്ങളിൽ നിന്നും വേദവ്യാഖ്യാനങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണു്. അവയെ നമുക്കു പരിശോധിക്കാം.

## 5. വി. ത്രിത്വവും പാത്രിയർക്കീസന്മാരും:

രണ്ടു വേദവാക്യങ്ങളെപ്പററി ഫാ. ജോർജ്ജ് പുറപ്പെടുവിച്ച വ്യാഖ്യാനങ്ങളെയാണു് ഞാൻ പ്രധാനമായി വിമർശിച്ചിരുന്നതു്. എൻെറ വിമർശനങ്ങൾക്കുള്ള അദ്ദേഹത്തിൻെറ മറുപടി വായിച്ചപ്പോൾ വിമർശനങ്ങൾ എത്രയും ശരിയായിരുന്നുവെന്നു കൂടുതൽ ബോദ്ധ്യമാവുകയാണുണ്ടായതു്. അതെങ്ങനെയാണെന്നു വ്യക്തമാക്കാം. യോഹ. 17:21 ആണു് ഫാ. ജോർജ്ജ് തെററായി വ്യാഖ്യാനിക്കുന്ന രണ്ടു വാക്യങ്ങളിലൊന്നു്. 'പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ ഇവരും നമ്മിൽ ഒന്നാകണം'' എന്ന വാക്യത്തിനു് ഫാ. ജോർജ്ജ് കൊടുത്തിരുന്ന വ്യാഖ്യാനം ഇപ്രകാരമാണു്: ''പിതാവും പുത്രനും സമന്മാരാണു്; അതുപോലെ പാത്രിയർക്കീസന്മാരും സമന്മാരായിരിക്കണം''. ഈ ആശയം തന്നെ ഇപ്പോഴത്തെ ലേഖനത്തിൽ ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു: ''ത്രിത്വത്തിൽ മൂവരിൽ ഒരുവനു് ഒരുവൻ മീതെയല്ലാത്തതുപോലെ പാത്രിയർക്കീസന്മാരും സമന്മാരായിരിക്കണം''.

വി. ത്രിത്വത്തിലെ സമത്വമല്ല ഇവിടെ തർക്കവിഷയം. വി. ത്രിത്വത്തിൽ സമത്വമുള്ളതുപോലെ പാത്രിയർക്കീസന്മാർ സമന്മാരായിരിക്കണം എന്നു് യോഹ. 17:21-നെ വ്യാഖ്യാനിക്കാമോ എന്നു മാത്രമാണു് ഇവിടെ അഭിപ്രായവ്യത്യാസമുള്ള കാര്യം. അർത്ഥം ശരിയായി ഗ്രഹിക്കുന്നതിനു് യോഹ. 17: 20, 21 വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു:

> "അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടെയുമാകുന്നു ഞാൻ പ്രാർത്ഥിക്കുന്നതു്. നീ എന്നെ അയച്ചിരിക്കുന്നു എന്നു് ലോകം വിശ്വസിക്കുവാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു്, എൻെറ പിതാവേ നീ എന്നിലും ഞാൻ നിന്നിലും എന്നപോലെ, അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ''.

അപ്പൊസ്തോലന്മാർക്കുവേണ്ടി പ്രാർത്ഥിച്ചതിനു ശേഷം ഇവിടെ നമ്മുടെ കർത്താവു് തന്നിൽ വിശ്വസിക്കാനിരിക്കുന്ന സകല തലമുറകൾക്കും വേണ്ടിയാണു പ്രാർത്ഥിക്കുന്നതു്. തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കർത്താവഭിലഷിക്കുന്നതു് ഐക്യമാണു്, ഹൃദയവും മനസ്സും ഒന്നായിരിക്കുന്ന ആത്മാവിൻെറ ഐക്യം. പാത്രിയർക്കീസന്മാരുടെയോ മററാരുടെയെങ്കിലുമോ അധികാരത്തെപ്പററി വിദൂരമായ സൂചനപോലും ഇവിടെയില്ലെന്നു വ്യക്തമാണു്. സഭയി

ലെ അധികാരസ്ഥാനങ്ങളെപ്പററി നമ്മുടെ കർത്താവു് വ്യക്തമായി മററു സന്ദർഭങ്ങളിൽ പഠിപ്പിച്ചിട്ടുണ്ടു്. എന്നാൽ യോഹ. 17:21 അധികാരത്തെപ്പററിയല്ല പ്രതിപാദിക്കുന്നതെന്നു സാമാന്യബുദ്ധികൊണ്ടു ഗ്രഹിക്കാവുന്നതേയുള്ളു. സഭയിലെ അധികാരത്തെപ്പററിയാണു് ഈ വാക്യം സൂചിപ്പിക്കുന്നതെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും അതു പാത്രിയർക്കീസന്മാരുടെ അധികാരത്തെപ്പററിയാണെന്നു് എങ്ങനെ വ്യാഖ്യാനിക്കാൻ കഴിയും? പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ സകല വിശ്വാസികളും "നമ്മിൽ ഒന്നായിരിക്കണം" എന്നല്ലേ കർത്താവു പ്രാർത്ഥിച്ചതു്? "സകല വിശ്വാസികളും" എന്നു പറഞ്ഞാൽ "പാത്രിയർക്കീസന്മാർ" എന്നാണോ അർത്ഥം? "നമ്മിൽ ഒന്നായിത്തീരുക" എന്നു പറഞ്ഞാൽ നമ്മെപ്പോലെ സമന്മാരാവുക എന്നർത്ഥമുണ്ടോ? യോഹ. 17: 21-ന്റെ അടിസ്ഥാനത്തിൽ "പാത്രിയർക്കീസന്മാർ സമന്മാരായിരിക്കണം" എന്നു പറയുന്നതിനേക്കാൾ യുക്തിക്കു ചേരുന്നതു് "എല്ലാ ക്രിസ്ത്യാനികളും സമന്മാരായിരിക്കണം" എന്നു പറയുന്നതല്ലേ? ഇതു പാത്രിയർക്കീസന്മാരുടെ മാത്രം കാര്യമാക്കി ചുരുക്കുവാൻ എന്തവകാശം? എല്ലാ ക്രിസ്ത്യാനികളും അധികാരത്തിൽ സമന്മാരാണെന്നും സഭയിൽ പ്രത്യേക സ്ഥാനികളില്ലെന്നും പറഞ്ഞാൽ അതു് ഓർത്തഡോക്സിയല്ലെന്നും പെന്തക്കോസ്തുമയമാണെന്നും ഫാ. ജോർജിനറിയാം! പാത്രിയർക്കീസന്മാരെ മാത്രം സമന്മാരാക്കിയാൽ ചില ഗുണങ്ങളുണ്ടുതാനും! പ്രധാന തലവനായി ഒരു പാത്രിയർക്കീസുണ്ടെന്നുള്ള ഓർത്തഡോക്സ്—കത്തോലിക്കാ വിശ്വാസത്തെ ഇതുമൂലം തകർത്തുകളയാമല്ലോ!

യോഹ. 17:21-നു ഫാ. ജോർജ്ജു നൽകുന്ന വ്യാഖ്യാനം അദ്ദേഹത്തിന്റെ സ്വന്തമാണോ അതോ സഭാപിതാക്കന്മാർ ആരെങ്കിലും ആ വ്യാഖ്യാനം നൽകിയിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചിരുന്നു. അതിനു ഫാ. ജോർജിന്റെ മറുപടി ഇപ്രകാരമാണു്: "..........വല്ല പിതാക്കന്മാരുടെയും അഭിപ്രായമാണോ എന്നു ചോദിച്ചു രക്ഷപെട്ടാൽ റോമാസഭയിലെ പല ഉപദേശങ്ങളും നൂതനമല്ലയോ എന്നു മറുപടി ചോദിക്കേണ്ടി വരും." ഓർത്തഡോക്സ് സഭ അതിന്റെ പാരമ്പര്യത്തെയും സഭാപിതാക്കന്മാരെയും ബഹുമാനിക്കുന്നു എന്നറിയാവുന്നതുകൊണ്ടാണു് ഫാ ജോർജ്ജു നൽകിയ വ്യാഖ്യാനം പിതാക്കന്മാർ ആരെങ്കിലും നൽകിയിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുപോയതു്. പ്രോട്ടസ്റ്റൻറു മനോഗതിയുള്ളവർക്കു് ആ ചോദ്യം ഇഷ്ടപ്പെടുകയില്ല. ഏതായാലും, മറുചോദ്യം ചോദിച്ചുകളയും എന്നും മററും പറഞ്ഞു ഭയപ്പെടുത്താതെ എന്റെ ചോദ്യത്തിനു നേരെ ചൊവ്വെ മറുപടി പറഞ്ഞെങ്കിൽ എത്ര നന്നായിരുന്നു!

തെററായ വ്യാഖ്യാനം കൊടുക്കുമ്പോഴും അല്പം മിതത്വം ഫാ. ജോർജ് കാണിച്ചിട്ടുണ്ടെന്നുള്ളതു് ആശ്വാസകരം തന്നെ. "വി. ത്രിത്വത്തിൽ സമത്വമുള്ളതുകൊണ്ടു് പാത്രിയർക്കീസന്മാർ സമന്മാരായിരിക്കണം" എന്നു വ്യാഖ്യാനിക്കുന്ന ബ. അച്ചൻ 'വി. ത്രിത്വത്തിൽ മൂന്നാളുകൾ മാത്രമുള്ളതുകൊണ്ടു് മൂന്നു പാത്രിയർക്കീസന്മാർ മാത്രമേ ഉണ്ടായിരിക്കാവൂ" എന്നു പൊരുളു പറഞ്ഞിട്ടില്ല! പെരിയ കരുണകൾക്കും നാം നന്ദിയുള്ളവരായിരിക്കണമല്ലോ!

(തുടരും)

**For favours received**



**Iensrted by**
K. M. Thomas
Chengannoor.

# ദൈവത്തിന്റെ വിശുദ്ധസഭയിലെ പാപം

(ചേപ്പാട്ടു പിലിപ്പോസ്‌റമ്പാൻ)

ക്രൈസ്തവസഭയുടെ ഇപ്പോഴത്തെ സ്ഥിതിയേയും അതു് എത്തിച്ചേരുവാനുള്ള അതിന്റെ ലക്ഷ്യത്തേയും പററിയുള്ള അറിവു നാം സസൂക്ഷ്മം സമ്പാദിക്കേണ്ട ഒന്നാണു്. മനുഷ്യനു രക്ഷാമാർഗ്ഗം കാണിച്ചുതരുവാനും അതു പ്രചരിപ്പിക്കുന്ന ഒരു സഭയെ സ്ഥാപിക്കുവാനും ആയിട്ടാണല്ലോ ക്രിസ്തു മനുഷ്യനായി അവതരിച്ചതു്. അതുപോലെ ഇനിയും ലോകത്തെ ന്യായംവിധിക്കുവാനായി താൻ രണ്ടാമതു വരികയും ചെയ്യും. അതുവരെയും ക്രിസ്തുവിന്റെ മരണത്തേയും ഉയിർപ്പിനേയും പററി ലോകത്തെ ഉൽബോധിപ്പിച്ചുകൊണ്ടും ആത്മീകജീവിതം നന്നാക്കിക്കൊണ്ടും തീർത്ഥയാത്ര നടത്തുന്ന ഒന്നാണു് ഭൂമിയിലെ ക്രിസ്തീയ സഭ. വി. പൗലൂസ് പറയുന്നതു കേൾക്കുക.



“നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും പാന പാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു് വരുവോളം തന്റെ മരണത്തെ ഉൽബോധിപ്പിക്കുന്നു. (1 കോറ: 11:26)

കാലങ്ങൾ മാറിമാറി വരുന്നു. അതിനൊത്ത വ്യതിയാനങ്ങളിൽ ക്കൂടെയാണു് സഭയുടെയും യാത്ര. അതിനാൽ കാലത്തിനൊത്ത നവീകരണം തിരുസഭയും സ്വീകരിക്കുന്നു. സ്വീകരിക്കേണ്ടതുമാണു്. നവീകരണം എന്നു പറയുമ്പോൾ തിരുസഭയുടെ സത്യവിശ്വാസങ്ങളിൽനിന്നു വല്ലതും എടുത്തുകളയുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുകയാണെന്നു തെററിദ്ധരിക്കരുതു്. തിരുസഭയുടെ വിശ്വാസസത്യങ്ങൾ പാലിച്ചു ജീവിക്കുന്നതിനുള്ള പ്രവർത്തിപഥത്തെ കാലത്തിനൊത്ത വിധത്തിൽ നവീകരിക്കുകയെന്നു് മാത്രമാണു ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതു്. സ്വർഗ്ഗത്തിൽ മഹത്വീകരിക്കപ്പെട്ട സഭയിൽ ചെന്നുചേരണമെന്നതാണു് ഭൗമീകസഭയുടെ ലക്ഷ്യം എന്നുള്ളതു നാം വിസ്മരിച്ചുകളയരുതു്.

ഈ ലക്ഷ്യപ്രാപ്തിക്കുള്ള തീർത്ഥയാത്രയെന്നു പറയുന്നതിൽ വളരെ അർത്ഥവ്യാപ്തിയുണ്ടു്. തിരുസഭയ്ക്കു വളരെ അധികം ദുഃഖങ്ങളും ദുരിതങ്ങളുമായി ഏററുമുട്ടുവാനുണ്ടു്. തലവൻ മുതൽ താഴ്ന്നവൻ വരെയുള്ള തിരുസഭയുടെ അംഗങ്ങൾ എല്ലാവരും കുററങ്ങളും കുറവുകളും ഉള്ളവരുമാണു്. തിരുസഭയിൽ നീതിമാൻ ആരുമില്ല. ഒരുത്തൻപോലുമില്ല. എല്ലാവരും ഒന്നുപോലെ തെററി പാപത്തിനധീനരായിരിക്കുന്നു. അങ്ങനെയുള്ളവരെ സ്വർഗ്ഗത്തിൽ മഹത്വീകരിക്കപ്പെട്ട സഭയ്ക്കു് യോഗ്യരാക്കിത്തീർക്കുകയെന്നതാണു് ഭൗമീക സഭയുടെ ലക്ഷ്യം.

പഴയനിയമത്തിലെ സഭയുടെ തുടർച്ചയാണു പുതിയനിയമത്തിലെ സഭ. അടിമത്വത്തിന്റെ മിസ്രേം നിവാസത്തിൽനിന്നു പാലും തേനും ഒഴുകുന്ന കനാനിലേക്കു പോകുന്ന തീർത്ഥയാത്രക്കാരായിട്ടാണു് നാം പഴയനിയമ സഭയെ കാണുന്നതു്. അതുപോലെതന്നെ പാപത്തിന്റെ അടിമത്വത്തിൽനിന്നു സ്വർഗ്ഗീയ കനാനിലേക്കു് പുതിയനിയമകാലത്തെ സഭയും തീർത്ഥയാത്രചെയ്യുകയാണു്. ദൈവം കാണിച്ചുതരുന്ന മാർഗ്ഗത്തിൽക്കൂടെ മുമ്പോട്ടു നീങ്ങണം. അതായിരുന്നു പഴയനിയമസഭയുടെ ലക്ഷ്യം. പുതിയനിയമസഭയുടെ ലക്ഷ്യവും അതുതന്നെയാണു്. പക്ഷേ, നിർഭാഗ്യമെന്നേ പറയേണ്ടു, കർത്താവിന്റെ വഴിയിൽനിന്നു വ്യതിചലിക്കുവാനുള്ള പ്രേരണ

ണ്ടു് എല്ലാവരും വീണ്ടും വീണ്ടും വഴുതിപ്പോകുന്നു. വി. പൗലൂസ് പറഞ്ഞിരുന്നതു കേൾക്കുക. ഞാൻ ഇച്ഛിക്കുന്ന നന്മ ഞാൻ ചെയ്യുന്നില്ല. ഇച്ഛിക്കാത്ത തിന്മ ചെയ്തുപോകുന്നു. ഹാ! ദുർഭഗനായ മനുഷ്യൻ ഞാൻ

പന്തുകളിച്ചു സന്തോഷിച്ചാനന്ദിച്ചു സമാധാനത്തോടെ മടങ്ങിപ്പോരാമെന്നു വിചാരിച്ചുകൊണ്ടാണു് കുട്ടികൾ പന്തുകളിക്കാനിറങ്ങുന്നതു്. അവരെ നേരായി നിയന്ത്രിക്കുന്നതിനു് ഒരു മദ്ധ്യസ്ഥനേയും അവർ സ്വീകരിക്കുന്നു. എങ്കിലും പന്തുകളിതുടങ്ങി കുറെകഴിയുമ്പോൾ ഓരോ കാരണം പറഞ്ഞു് തമ്മിൽ തർക്കവും വാഗ്വാദവും ചിലപ്പോൾ വഴക്കാണവും തുടങ്ങുന്നു. കളിക്കിറങ്ങിയപ്പോൾ അവരാഗ്രഹിച്ചിരുന്നതല്ല അതു്. നിർഭാഗ്യവശാൽ അങ്ങനെ ഭവിച്ചുപോകുന്നു. മദ്ധ്യസ്ഥനായിനില്ക്കുന്ന റഫറിയെപ്പോലും കുററം പറകയും അപഹസിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണിങ്ങനെ ഭവിക്കുന്നതെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

ദൈവത്തോടു വിശ്വസ്ഥരായിരിക്കണമെന്നു പഴയനിയമത്തിലെ ആളുകളും ആഗ്രഹിച്ചിരുന്നു. എങ്കിലും പലപ്പോഴും അവിശ്വസ്തത പ്രദർശിപ്പിച്ചുപോയിട്ടുള്ളതായി കാണാം. ദൈവത്തിൻെറ കൃപാവരത്തിലാശ്രയിച്ചുകൊണ്ടു വിശുദ്ധിയിലും നീതിയിലും ജീവിതം നയിക്കണമെന്നു് ക്രിസ്ത്യാനികളായ നമുക്കും ആഗ്രഹമുണ്ടു്. പക്ഷേ മറിച്ചാണു് പലപ്പോഴും നാം ചെയ്തുപോകുന്നതു്. നാം വീണ്ടും വീണ്ടും പാപത്തിൽ വീഴുകയും ദൈവകോപത്തിനും ശിക്ഷയ്ക്കും പാത്രീഭൂതരായിത്തീരുകയും ചെയ്യുന്നു.

ഇസ്രായേൽ ജനം മോശയെ അനുസരിച്ചു് മിസ്രേമിൽനിന്നു പുറപ്പെട്ടു. കുറെ കഴിഞ്ഞപ്പോൾ മോശക്കെതിരായി പിറുപിറുത്തു. നീ ഞങ്ങളെയും ഞങ്ങളുടെ കുഞ്ഞുങ്ങളേയും മൃഗങ്ങളേയും ദാഹംകൊണ്ടു് കൊല്ലാനാണോ തുടങ്ങുന്നതു് (പുറ: 17:3) മിസ്രേമിൽ ശവക്കുഴിയില്ലാഞ്ഞിട്ടാണോ ഞങ്ങളെ ഇവിടേയ്ക്കു് കൂട്ടികൊണ്ടുപോന്നതു് എന്നൊക്കെ അവർ എതിർത്തു പറഞ്ഞു. കുറെകഴിഞ്ഞു് സീനായിമലയിൽ വന്നപ്പോൾ അവർ മോശയോടു പറയുന്നു. "നീ ഞങ്ങളോടു സംസാരിക്കുക ഞങ്ങൾ അതനുസരിച്ചു നടന്നുകൊള്ളാം. ദൈവം ഞങ്ങളോടു സംസാരിക്കേണ്ടാ. സംസാരിച്ചാൽ ഞങ്ങൾ മരിച്ചുപോകും (പുറ: 20:19)

വേദശാസ്ത്രജ്ഞന്മാരും പ്രാസംഗികന്മാരും പ്രഖ്യാപിച്ചിട്ടുള്ള ആദർശത്തിൽനിന്നു വിഭിന്നമായിട്ടാണു് ഭൂമിയിലെ തിരുസഭയെ അതിൻെറ സാധാരണഗതിയിൽ നാം കാണുന്നതു്. സഭ പരിശുദ്ധവും ദൈവികവുമാണെന്നു് ആ ദൈവശാസ്ത്രജ്ഞന്മാർ പറയുന്നു. എന്നാൽ നമ്മുടെ അനുഭവവും ജീവിതവും വിളിച്ചുപറയുന്നു സഭ പാപികളുടെ ഒരു സമൂഹമാണെന്നു്. സഭാതലവനോടെതിർത്തു പലരും പല സഭകളായി പിരിഞ്ഞിട്ടും ഉണ്ടു്. എന്താണു ഈ വൈവിദ്ധ്യത്തിനു കാരണം എന്നു ചിന്തിച്ചിട്ടുണ്ടോ?

ഇതിനു് നാം പറയുന്ന മറുപടി ഇന്നത്തെ ആളുകളെ തൃപ്തിപ്പെടുത്തണമെങ്കിൽ അതു നൂറുശതമാനം ആത്മാർത്ഥതയും പരമാർത്ഥതയും നിറഞ്ഞതായിരിക്കണം. വാക്സാമർത്ഥ്യമോ യുക്തിവിശേഷമോ അവരെ സമാധാനപ്പെടുത്തുകയില്ല. നാം ഇവിടെ പ്രതിപാദിക്കുന്ന സഭാശാസ്ത്രം മഹത്വീകരണം പ്രാപിച്ച സഭയുടേതല്ല. ന്യായവിധിക്കുശേഷമെ ആ സഭ കാണപ്പെടുകയുള്ളു. ഇപ്പോൾ ഈ ലോകത്തിൽ തീർത്ഥാടനത്തിലിരിക്കുന്ന സഭയെപ്പററി പറയുമ്പോഴൊക്കെയും കുരിശിൻെറയും കഷ്ടപ്പാടിൻെറയും ശാസ്ത്രത്തെക്കൂടെ കണക്കിലെടുത്തുകൊണ്ടു വേണം നാം പ്രതിപാദനം നടത്തുവാൻ.

നാം വിശുദ്ധസഭയിൽ വിശ്വസിക്കുകയും അതിൻെറ ഉപദേശങ്ങൾ ഏററുപറയുകയും ചെയ്യുന്നു. എന്നാൽ വിശുദ്ധിയെപ്പററി ചിന്തിക്കുമ്പോൾ ദൈവത്തിൽ കാണുന്ന വിശുദ്ധി എന്തെന്നു് നാം ഓർക്കണം. അതു പരിപൂർണ്ണ വിശുദ്ധിയാണു്. ദൈവത്തിനു് മാത്രമെ ആ പരിപൂർണ്ണ വിശുദ്ധിയുള്ളു. സഭയുടെ വിശുദ്ധി അത്രയുമില്ല. സഭ അപകടങ്ങളും പരീക്ഷകളുമായി എപ്പോഴും ഏററുമുട്ടികൊണ്ടിരിക്കുന്ന ഒന്നാണു്. മനുഷ്യനായി അവതരിച്ച നമ്മുടെ കർത്താവുതന്നെയും പാപമൊഴികെ ഉള്ള സകലത്തിലും പരീക്ഷിക്കപ്പെട്ടു എബ്രായലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു. "നമ്മുടെ മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപപ്പെടുവാൻ കഴിയാത്തവനല്ല. പാപമൊഴികെ സർവ്വത്തിലും നമുക്കു് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ താൻ". (എബ്രാ. 4: 15) ക്രിസ്തു ദൈവമാണു്. അതുകൊണ്ടു പരീക്ഷയിൽ വീഴാനിടയായില്ല. നമ്മുടെ സ്ഥിതി അതല്ല. ദൈവത്തിൻെറ കൃപാവരം

ഉണ്ടെങ്കിലേ നമുക്ക് പരീക്ഷകളെ ജയിപ്പാൻ സാധിക്കുകയുള്ളു. പൗലൂസ് പറഞ്ഞിരിക്കുന്നതു കേൾക്കുക. "കൃപ ലഭിപ്പാനും തക്കസമയത്തു സഹായത്തിനുവേണ്ട കരുണ കണ്ടെത്തുവാനുമായി നാം പ്രത്യാശയോടുകൂടെ കൃപാസനത്തിനടുത്തു ചെല്ലണം" (എബ്രാ: 4:16) അല്ലെങ്കിൽ നാം വീണുപോകും. കൃപാസനത്തിൽ നിന്നുള്ള കൃപയും കരുണയും പാപങ്ങളുടെ മോചനവും തിരുസഭാംഗങ്ങളായ നമുക്ക് എപ്പോഴും ആവശ്യമാണ്.

ക്രിസ്തുവിന്റെ സഭയെന്നു് പറയുന്നതു് വിശുദ്ധന്മാരുടെ ഒരു കൂട്ടമാണ്. എന്നാൽ നാം കാണുന്ന രീതിയിൽ പറഞ്ഞാൽ സഭ ദൈവസന്നിധിയിൽ ചെന്നെത്താനുള്ള അതിന്റെ പ്രയാണത്തിൽ നമ്മുടെ ബലഹീനതയും പാപവുംമൂലം സഭ പാപികളുടെയും ബലഹീനരുടെയും കൂട്ടമായി കാണപ്പെടുന്നു. അങ്ങനെ സഭ അനുതാപികളുടെ ഒരു കൂട്ടമായി പ്രത്യക്ഷപ്പെടുന്നു. സഭാംഗങ്ങളായ നമ്മുടെ പാപങ്ങൾ ദൈവത്തിന്റെ കൃപാസനത്തിൽ നിന്നുള്ള കൃപാവരത്താൽ തുടച്ചുമായിച്ചുകളഞ്ഞു കൊണ്ടിരിക്കണം. സഭ ഇപ്പോൾ സ്ഥിതിചെയ്യുന്നതു് ഈ ലോകത്തിലാണ്. ചിലപ്പോൾ ലോകവും അതിൽ കടന്നുകൂടുന്നു. ദൈവത്തിന്റെ കൃപാവരങ്ങളും നമ്മുടെ പാപതാപവും തമ്മിലുള്ള ഒരു യുദ്ധക്കളമാണു നമ്മുടെ ഹൃദയം.

പാപികളായ നാം ക്രിസ്തുവിൽ ജീവിക്കണമെങ്കിൽ പരിശുദ്ധാത്മാവിന്റെ കൃപാവരം കൂടിയേതീരു. എങ്കിലും നമ്മുടെ ബലഹീനതമൂലം ആ കൃപാവരത്തിൽനിന്നു വ്യത്യാസപ്പെട്ട സംഗതികൾക്കായി നാം ആഗ്രഹിച്ചുപോകുന്നു. നമ്മെ എപ്പോഴും അനുതാപത്തിലേക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നതു സഭയുടെ വിശുദ്ധിയാണ്. ആകയാൽ നമ്മുടെ പാപങ്ങളെയും ബലഹീനതകളെയും നാം എപ്പോഴും ഏററുപറഞ്ഞു് താഴ്മയോടുകൂടി പ്രാത്ഥിക്കണം. അതു ക്രിസ്തുവിന്റെ ആഗ്രഹമാണ്. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ', എന്ന പ്രാർത്ഥനയിൽ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ എന്നു് എപ്പോഴും ഏവനും ഏററുപറഞ്ഞു് പ്രാർത്ഥിപ്പാനായി കർത്താവു തന്നെ അതു നമുക്ക് ചൊല്ലിതന്നിരിക്കുന്നു. സഭ അനുതാപികളുടെ കൂട്ടമാണെന്നു 418-ൽ കാർത്തേജിൽ കൂടിയ സുന്നഹദോസ് വ്യക്തമായി പറഞ്ഞിരിക്കുന്നു. ഈ ലോകത്തിലെ സഭ വിജയസഭയാണ് എന്നും അതു് പാപവിമുക്തയാണെന്നും കർത്തൃപ്രാർത്ഥന ഇനിയും അതിനാവശ്യമില്ലെന്നും ഉപദേശിച്ചനൊവേഷ്യൻ അഥവാ ഡൊണാററിസ്റ്റ് വേദവിപരീതത്തിനെതിരായി എടുത്ത തീരുമാനത്തിലാണ് ഇങ്ങനെ പറഞ്ഞിരിക്കുന്നതു്. സഭയുടെ വിശുദ്ധിയെപ്പററി അവരിങ്ങനെ പറഞ്ഞിരിക്കുന്നു. സഭയിൽ അനേകം വിശുദ്ധന്മാരുണ്ട്. എന്നാൽ ആ പരിശുദ്ധന്മാരെല്ലാവരും തങ്ങൾ പാപികളാണെന്നു സമ്മതിച്ചേററുപറഞ്ഞിട്ടുള്ളവരാണ്. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമെ എന്നു് യാമങ്ങൾതോറും ഏററുപറഞ്ഞു പ്രാർത്ഥിച്ചുവന്നവരാണവർ.

ഇതിൽനിന്നും എന്താണ് നാം ഗ്രഹിക്കേണ്ടതു്? "സഭയെ കറയോ ചുളുക്കമോ അവല്ല് സദൃശമായ യാതൊന്നുമോ ഇല്ലാതെ അതിനെ വിശുദ്ധവും നിഷ്കളങ്കവും ആയ ഒരു സഭയായി തേജസിൽ നിറുത്തേണ്ടുന്നതിനായി ക്രിസ്തു തന്നെത്തന്നെ ആ സഭക്കുവേണ്ടി ഏല്പിച്ചുകൊടുത്തു." (എഫ്പേ: 5:27) എന്നു് വി. പൗലൂസ് പറയുമ്പോൾ നാം എന്താണ് മനസ്സിലാക്കേണ്ടതു്? സഭ ഇപ്പോൾതന്നെ പാപങ്ങളിൽനിന്നും ബലഹീനതകളിൽനിന്നും പീഡനങ്ങളിൽനിന്നും ഉപദ്രവങ്ങളിൽ നിന്നും വിമുക്തയായിരിക്കുന്നു എന്നാണോ? അല്ല. നേരെമറിച്ചു കളങ്കരഹിതമായ ഒരു അവസ്ഥ പ്രാപിപ്പാൻ നാം പരിശ്രമിക്കുകയാണെന്നാണ് ഗ്രഹിക്കേണ്ടതു്. ഈ പരിശ്രമത്തിൽ വിജയം നേടണമെങ്കിൽ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ലഭിച്ചേതീരു. അതിലേക്കാണ് ക്രിസ്തു വന്നതു്.

ഈ പരിശുദ്ധാത്മാവിന്റെ കൃപാവരമാണ് സത്യവിശ്വാസം നിലനിറുത്തുവാൻ സഭയെ സഹായിക്കുന്നതു്. ഈ പരിശുദ്ധാത്മാവിന്റെ കൃപാവരമാണ് കൂദാശകളിൽ കൂടെ പ്രവത്തിക്കുന്നതു്. ഈ പരിശുദ്ധാത്മാവിന്റെ കൃപാവരമാണ് നാം അനുതപിച്ചു് ഏററുപറയുന്ന പാപങ്ങൾക്ക് മോചനം തരുന്നതു്. അങ്ങനെ മാത്രമെ മഹതപീകരണ സഭയിൽ ചെന്നുപററാൻ സാധിക്കുകയുള്ളു. ആകയാൽ ഭരണകൂടത്തിൽ തന്നെയും കടന്നുകൂടാവുന്ന പാപങ്ങളുടെ നേരെ നാം കണ്ണടച്ചിട്ടു് കാര്യമില്ല. ആ പാപം കാരണം തിരുസഭയെ ഉപേക്ഷിച്ചു പോയിട്ടും കാര്യമില്ല. സഭ മിശിഹായുടെ ശരീരമാണെങ്കിലും മി

# ജീവിതത്തെനോക്കി

ഒ. അച്ചനേത്തു്

I

ആരാമപ്പുൽമെത്തയി—
ലാരാവിലേകാന്തത്തി—
ലാരമ്യം ജീവിതത്തെ
നോക്കിഞാനിരുന്നെന്നും.

ലോകമെൻഹൃദയത്തിൻ
ഭിത്തിയിലെഴുതിയ
ഭീകരാക്ഷരങ്ങളിൽ
ചിന്തതൻകണ്ണെത്തവേ,

കണ്ടുഞാൻ ഭൗതികാദി
വാദങ്ങൾ പരാജയ—
ക്കുണ്ടത്തിൽ കിടക്കുന്ന
നിരത്ഥവസ്തുക്കളായ്.

ഭൂവിലേസുഖാമൃത
മെത്രമേൽ നുകന്നാലും
ജീവിതമതൃപ്തയാ —
യുഴലുന്നെന്തോനോക്കി.

II

പൂഴിയിൽ ദിനാന്തത്തിൽ
പൊഴിഞ്ഞുവീഴുമൊരു
പൂവിനുസദൃശ്യമീ
ജീവിതമെന്നാരെണ്ണും?

ബുദ്ധിയും മനസ്സുംചേർ—
ന്നിണങ്ങുമെന്തോഒന്നെൻ
മൃത്യുവിൻശേഷംപോലും
കാണുമീ''ഞാനാ''യെന്നും.

അവിടെപ്പൂവിട്ടിട്ടു—
മപ്പുറത്തിജ്ജീവിത—
മവികലാനന്ദത്തിൻ
പൂങ്കാവിലൊരുദിനം!

---

ശിഹാ അദൃശ്യാവസ്ഥയിയിലും സഭാംഗ ങ്ങൾ ദൃശ്യശരീരത്തിലുമായി ഇരിക്കുന്നതി നാൽ ഏതു സഭാഗവും അനുതാപത്തോടുകൂടെ പാപം ഏററുപറഞ്ഞു് സഭയുടെ തലയായ മിശിഹായോടു ചേർന്നിരിക്കേണ്ടതാണു്. അ ങ്ങനെ നാം എന്നും നവീകരണത്തിനു് വി ധേയരായി ജീവിക്കണം.

# നിത്യപിതാവിനോടു്

(റവ. ഫാ. യൗനാൻ ഓ. ഐ. സി.)

(മാരിവില്ലൊളി OR കരുണാകരനീശൊ....മട്ടു്)

പാപികൾ രക്ഷപ്രാപിച്ചീടുവാൻ
ഏകസുതനാമീശോയെ
ലോകത്തിൽ യാഗവസ്തുവാക്കിയ
നീതിമാനാകും സർവ്വേശാ!
ആലയം വിട്ടമേഷരാശിയെ
പാലനം ചെയ്തീടണമെ
ആശയില്ലാതങ്ങലയുന്നവർ
നാശമാർഗ്ഗം വെടിയുവാൻ

വേദനയുടെ വീണ മീട്ടുന്നു
ഏകണെ തവ ദാനങ്ങൾ
നാകപിതാവേ ഭാവുകമേകി
സ്നേഹഗേഹത്തിലാക്കണെ.

കീർത്തികേദാരമായൊരു റോമിൽ
സാത്വികാത്മാവാം മാർപാപ്പാ
സെൻറു് പീററിൻെറ പിൻഗാമിയായി
സത്യമായ് ഭരിച്ചീടുന്നു.
നാകം പാരിൽ ചമയ്ക്കുന്നോരേക
പാവന സഭയൊന്നിനെ
വിശ്വസിച്ചനുസരിപ്പാൻ തക്ക
മനസ്സേകണെ സർവ്വേശാ;
നിത്യപിതാവേ പ്രാർത്ഥനകേൾക്ക
നിൻതിരുസുതൻ നാമത്തിൽ

---


**For favours received**



**Inserted by**
Rajan Thomas,
Kalayil Veedu, Mylapra.

# “നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹാ”

## [തിരുനാൾ ജൂലൈ–3]

### (തോമസ് പടിയംകുളം)

ലോകത്തിലുള്ള സകല ക്രൈസ്തവരും അവരുടെ രാജ്യങ്ങളിൽ ആദ്യമായി സത്യസുവിശേഷം പ്രസംഗിക്കുകയും അവരുടെ പൂർവികരെ മാനസാന്തരപ്പെടുത്തുകയും ചെയ്ത വിശുദ്ധന്മാരെ പ്രത്യേകമായി വണങ്ങി ബഹുമാനിച്ചു വരുന്നു. ഈ വിഷയത്തിൽ അയർലണ്ടുകാരാണു് മുൻപന്തിയിൽ നിൽക്കുന്നതു്. അവർ വി. പാട്രിക്കിന്റെ തിരുനാൾ വിപുലമായ ആഘോഷങ്ങളോടുകൂടി അയർലണ്ടിൽ മാത്രമല്ല, അമേരിക്കൻ ഐക്യനാടുകൾ, ഓസ്ട്രേലിയ, ക്യാനഡാ, മുതലായി ഐറിഷുകാർ അധിവസിക്കുന്ന സകല രാജ്യങ്ങളിലും ആഡംബരമായി ആഘോഷിച്ചു വരുന്നു. മാർച്ചു് 17-ാം തീയതി അവർക്കു് ഒരു ദേശീയദിനമത്രേ.

വി. പാട്രിക്കിനേക്കാൾ പല പ്രകാരങ്ങളിലും പ്രാധാന്യമുള്ള ഒരു മഹാത്മാവാണു് നമ്മുടെ പിതാവായ മാർതോമ്മാശ്ലീഹാ. ലക്ഷങ്ങളിൽനിന്നു് നമ്മുടെ രക്ഷകൻ തിരഞ്ഞെടുത്തവരിൽ ഒരുവനും തിരുസഭയുടെ പന്ത്രണ്ടു അടിസ്ഥാനക്കല്ലുകളിൽ ഒന്നും, പൊതുവിധി ദിവസത്തിൽ മിശിഹായോടുകൂടെ സിംഹാസനങ്ങളിൽ ഉന്നിദ്രന്മൽ ഇരുന്നുകൊണ്ടു് 12 ഗോത്രങ്ങളെ ന്യായം വിധിക്കുവാൻ അധികാരം ലഭിച്ചിരിക്കുന്നവരിൽ ഒരുവനാകുന്നതിനു ഭാഗ്യം സിദ്ധിച്ചവനുമാണു് നമ്മുടെ പിതാവു് മാർ തോമ്മാശ്ലീഹാ.

വി. തോമ്മാശ്ലീഹാ ഒരു യഹൂദനും, ഗ്ലീലാദേശക്കാരനും ആയിരുന്നു. തോമ്മാശ്ലീഹാ എ. ഡി. 31-ൽ മിശിഹായെ അനുഗമിക്കുകയും തന്റെ ഒരു വത്സലശിഷ്യനായിത്തീരുകയും ചെയ്തു. സുവിശേഷങ്ങളിൽ മൂന്നുനാലു് അവസരങ്ങളിൽ മാത്രമാണു് തോമ്മാശ്ലീഹാ വ്യക്തമായി രംഗപ്രവേശം ചെയ്തതായി നാം കാണുക. എങ്കിലും ലോകത്തിനു ആദ്ധ്യാത്മികചിന്തകൾ നൽകുവാൻ മതിയായ വ്യക്തിമാഹാത്മ്യം അവിടെയെല്ലാം അദ്ദേഹം പ്രസ്പഷ്ടമാക്കുന്നുണ്ടു്. പുരോഹിതന്മാരും, പരീശന്മാരും കർത്താവിനെ കൊല്ലുന്നതിനു് ഗൂഢാലോചന ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ, മൃതനായ ലാസറിനെ ഉയിർപ്പിക്കുവാൻ നമ്മുടെ കർത്താവു് ജറുസലേം നഗരിയുടെ പ്രാന്തപ്രദേശത്തേക്കു പ്രയാണം ചെയ്ത അവസരത്തിൽ, വി. തോമ്മാശ്ലീഹാ തന്റെ സഹനസന്നദ്ധതയേയും ധൈര്യത്തേയും പ്രകടമായി പ്രദർശിപ്പിച്ചു. “ഗുരോ, യൂദന്മാർ അങ്ങയെ കല്ലെറിയുന്നതിനു കാത്തിരിക്കുന്നു. അവിടുന്നു അവരുടെ അടുക്കലേക്കു പോകുന്നുവോ?” എന്നു ചോദിച്ചുകൊണ്ടു ശിഷ്യന്മാർ തന്റെ യാത്രയിൽ നിന്നു തന്നെ വിരമിപ്പിക്കുവാൻ ശ്രമിക്കയിൽ തോമ്മാശ്ലീഹാ തന്റെ സഹശിഷ്യന്മാരോടു് ഇപ്രകാരം പറഞ്ഞു. ‘അവനോടുകൂടി മരിക്കുന്നതിനു നമുക്കും അങ്ങയെ അനുഗമിക്കാം.” പരിശുദ്ധാത്മാവിയുടെ ആഗമനത്തിനു മുൻപുതന്നെ സ്വർഗ്ഗീയ യജമാനനോടുള്ള തന്റെ സ്നേഹം അത്രമാത്രം ഉജ്ജ്വലമായിരുന്നു. അന്ത്യഭോജനസമയത്തു തന്റെ വേർപാടിനെക്കുറിച്ചു് നമ്മുടെ കർത്താവു് തന്റെ ശിഷ്യന്മാരെ അനുസ്മരിപ്പിച്ചു. എന്നാൽ അതേസമയം തന്നെ പിതൃഭവനത്തിൽ, അവർക്കായി സ്ഥലമൊരുക്കുവാനാണു് താൻ പോകുന്നതെന്നു പറഞ്ഞു് താൻ അവരെ ആശ്വസിപ്പിച്ചു. തന്നെ അനുഗമിക്കുവാൻ തീക്ഷ്ണമായി ആഗ്രഹിച്ചുകൊണ്ടിരുന്ന തോമ്മാ പറഞ്ഞു. ‘നാഥാ അങ്ങുന്നു് എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. അവിടേയ്ക്കുള്ള വഴി ഞങ്ങൾ എങ്ങനെ അറിയും?” കർത്താവു വി. തോമ്മാശ്ലീഹായെ ഇപ്രകാരം പറഞ്ഞു സമാധാനപ്പെടുത്തി “ഞാൻ ജീവനും സത്യവും വഴിയുമാകുന്നു. എന്നെക്കൂടാതെ ഒരുവനും എന്റെ പിതാവിന്റെ ഭവനത്തിൽ പ്ര

വേശിക്കുകയില്ല” താൻ ജീവനിലേക്കുള്ള വഴിയും രക്ഷയുടെ മാർഗ്ഗവുമാണെന്നു ദിവ്യരക്ഷകൻ ഇങ്ങനെ പ്രസ്പഷ്ടമാക്കി.

പുനരുത്ഥാനത്തിനുശേഷം ദിവ്യരക്ഷകൻ ശ്ലീഹന്മാർക്കു പ്രത്യക്ഷനായി. അടയ്ക്കപ്പെട്ടിരുന്ന വാതിൽ തുറക്കാതെ തന്നെ ശ്ലീഹന്മാർ കൂടിയിരുന്ന മുറിയിൽ അങ്ങു് പ്രവേശിച്ചു. മനോഭീതിയിൽ വീണിരുന്ന പ്രേഷിതഗണത്തെ സമാധാനപ്പെടുത്തുവാൻ, സമാധാനനാഥൻ അവരുടെ മദ്ധ്യേ എഴുന്നള്ളിനിന്നുകൊണ്ടു് ഇപ്രകാരം അരുളിച്ചെയ്തു: “നിങ്ങൾക്കു സമാധാനം.” പ്രസ്തുതാവസരം, ശ്ലീഹന്മാരിൽ ഒരുവനായ തോമ്മാ സ്ഥലത്തില്ലായിരുന്നു. ഇതും ദിവ്യനാഥന്റെ ജ്ഞാനദൃഷ്ടിയാൽ നിർദ്ദിഷ്ടമായിരുന്നതല്ലേയോ? എന്തുകൊണ്ടെന്നാൽ തന്റെ പുനരാഗമനംമൂലം തന്റെ ഉയിർത്തെഴുന്നേല്പു് സ്വശിഷ്യന്മാർക്കു് ഒന്നുകൂടി വെളിവാക്കികൊടുക്കുന്നതിനു ഇതുമൂലം സാധിച്ചു. തോമ്മാ സ്ഥലത്തെത്തിയപ്പോൾ മററു ശിഷ്യന്മാർ പറഞ്ഞു. “നമ്മുടെ കർത്താവു് ഉയിർത്തു ഞങ്ങളുടെ പക്കൽ എഴുന്നള്ളി” തോമ്മാ പ്രത്യുത്തരമായി “അവിടത്തെ കൈകളിൽ ആണികളുടെ അടയാളം കാണുകയും പഴുതുകളിൽ എന്റെ വിരൽ ഇടുകയും തന്റെ വിലാവിനുള്ളിൽ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല” (യോഹ. 20: 25) എന്നു പറഞ്ഞു.

തന്റെ അവിശ്വാസത്തെപ്പററി മററു ശ്ലീഹന്മാരോടു് തോമ്മാശ്ലീഹാ ഇപ്രകാരം പറഞ്ഞിരിക്കാം. “ഞാനും നിങ്ങളെപ്പോലെ ഒരു ശ്ലീഹാ തന്നെയാണു്. നിങ്ങൾ കണ്ടവിധം ഞാനും കാണാതെ അതിനെ ഞാൻ സ്വീകരിക്കുകയില്ല. പ്രേഷിതസംഘത്തിൽ നിങ്ങളേക്കാൾ എന്താണു് എനിക്കു കുറവുള്ളതു്? നിങ്ങളുടെ സംഘത്തിൽനിന്നു എന്നെ കുറയ്ക്കുന്നതിനു കാരണമെന്താണു്? ഈശോയെപ്പററി നിങ്ങൾ സർവ്വതും ത്യജിച്ചവിധം ഞാനും സർവ്വതും ഉപേക്ഷിച്ചു. നിങ്ങൾ ലോകസുഖങ്ങളെ പരിത്യജിച്ചതുപോലെ ഞാനും ചെയ്തു. ദൈവസുതനെയും തന്റെ ഉപദേശങ്ങളെയും നിങ്ങൾ സ്നേഹിച്ചതുപോലെ ഞാനും സ്നേഹിച്ചു. ആ സർവ്വജ്ഞൻ നിങ്ങളെ തിരഞ്ഞെടുത്തതുപോലെ എന്നെയും തിരഞ്ഞെടുത്തു. സുവിശേഷമറിയിപ്പാൻ നിനിങ്ങളോടു പ്രമാണിച്ച വിധം എന്നോടും കല്പിച്ചു. സിംഹാസനം നിങ്ങൾക്കു പറഞ്ഞൊത്തു; അതിൽനിന്നു് എന്നെ തടഞ്ഞില്ല. ഇതിലെല്ലാം നാം സമന്മാരായിരിക്കുമ്പോൾ നിങ്ങൾ കണ്ടതുപോലെ അങ്ങയെ ഞാൻ കണ്ടല്ലാതെ വിശ്വസിക്കുകയില്ല”

എട്ടാം ദിവസം ശ്ലീഹന്മാർ, സംശയഗ്രസ്തനായ തോമ്മായും ഒരുമിച്ചു കൂടിയിരുന്നപ്പോൾ തോമ്മായുടെ അനുഗ്രഹസിദ്ധിക്കായും, സഭയുടെ വിശ്വാസ സ്ഥിരീകരണത്തിനായും, നമ്മുടെ കർത്താവു് അവർക്കു പ്രത്യക്ഷനായി. സംശയഗ്രസ്തനായ തോമ്മായെ ദൃഢവിശ്വാസിയാക്കിത്തീർക്കുന്നതും തോമ്മാശ്ലീഹായുടെ “എന്റെ കർത്താവും എന്റെ ദൈവവുമേ” എന്നുള്ള വിശ്വാസ പ്രഖ്യാപനവുമെല്ലാം വ്യക്തമായി സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

മാർ തോമ്മാശ്ലീഹാ എ ഡി. 52-ൽ കേരളത്തിൽ വന്നതായി നാം വിശ്വസിക്കുന്നു. മാർ തോമ്മാ കേരളത്തിൽ കാലുകുത്തുകപോലും ചെയ്തിട്ടില്ലെന്നു് ചിലർ ശഠിച്ചുകൊള്ളട്ടെ മാർ തോമ്മായുടെ പ്രതിഛായ ധരിച്ചിരിക്കുന്ന ഒരു ജനസഞ്ചയം കേരളത്തിലുള്ള കാലത്തോളം അവരുടെ വാദകോലാഹലങ്ങൾ പരാജയമടയുവാനേ മാർഗ്ഗമുള്ളു ചെറുപ്പം മുതൽ തന്നെ ആ ശ്ലീഹായെപ്പററി പലതും നാം കേട്ടിട്ടുണ്ടു്. അവയെല്ലാം യഥാർത്ഥ ചരിത്രസംഭവങ്ങളല്ലെന്നു വരാം. പക്ഷേ, മാർ തോമ്മായോടുള്ള ഭക്തിയിൽ വേരുറച്ചു നില്ക്കുന്ന നിഷ്കപടഹൃദയങ്ങളിൽ നിന്നു ബഹിർഗമിക്കുന്ന ഭക്തചിന്തകളോടു് അവയെ സംഘടിപ്പിക്കുന്നതായാൽ അവയ്ക്കു് ഏതോ ഒരടിസ്ഥാനമുണ്ടെന്നു നമുക്കു കാണുവാൻ കഴിയും.

വിശുദ്ധ വലിയ യാക്കോബു ശ്ലീഹാ സ്പെയിനിൽ ആദ്യമായി ക്രിസ്തുമതം പ്രസംഗിച്ചെങ്കിലും ഏഴുപേർക്കു മാത്രമേ മാമോദീസാ നൽകിയുള്ളുവെന്നു പറയപ്പെടുന്നു. എങ്കിലും സ്പെയിൻകാർ വിശുദ്ധ യാക്കോബിനെ അവരുടെ ശ്ലീഹാ ആയി ബഹുമാനിക്കുന്നു. വിശുദ്ധ തോമ്മാ

ശ്ലീഹായാകട്ടെ കേരളം മുഴുവൻ പല പ്രാവശ്യം ചുററി സഞ്ചരിച്ചു് ഏഴുപതിനായിരത്തിലധികം ആളുകളെ മാനസാന്തരപ്പെടുത്തി, ഏഴു കേന്ദ്രസ്ഥാനങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. ഇപ്പോൾ കേരളത്തിൽ വസിക്കുന്ന സുറിയാനി ക്രിസ്ത്യാനികളിൽ മിക്കവാറും 70 ശതമാനത്തിൻെറയും പൂർവ്വപിതാക്കന്മാർക്കു മാമ്മോദീസാ നൽകിയതു വി. തോമ്മായത്രെ. "നിങ്ങൾക്കു മിശിഹായിൽ പതിനായിരം ഉപദേഷ്ടാക്കളുണ്ടെന്നിരുന്നാലും അനേകം പിതാക്കന്മാരില്ല. എന്തുകൊണ്ടെന്നാൽ സുവിശേഷം വഴിയായി ഈശോമിശിഹായിൽ നിങ്ങളെ ജനിപ്പിച്ചതു ഞാനാകുന്നു." (1 കോറ. 4. 15) എന്നു വിശുദ്ധ പൗലോസ് കൊറിന്ത്യർക്കു എഴുതിയിട്ടുള്ളതു് വിശുദ്ധ തോമ്മാശ്ലീഹായിക്കു മലയാളികളോടു് എത്ര ന്യായപൂർവ്വം പറയാം.

മൈലാപ്പൂരിൽ വച്ചു് ശത്രുക്കളിൽനിന്നു് ശൂലമേററു മരിച്ച വിശുദ്ധൻെറ തിരുശേഷിപ്പുകൾ പിൽക്കാലത്തു് എദേസായിലേക്കും, കിയോസു് (Chios) ദ്വീപിലേക്കും പിന്നീടു് ഇററലിയിലേക്കും മാററപ്പെടുകയുണ്ടായി. ഇപ്പോൾ മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കപ്പെടുന്നതു് റോമായിക്കു കിഴക്കായി സ്ഥിതിചെയ്യുന്ന ഒർത്തോനാ (Ortona) തുറമുഖപട്ടണത്തിലെ ഭദ്രാസനദൈവാലയത്തിലാണു്.

മാർ തോമ്മാശ്ലീഹായെ നമ്മുടെ പിതാവായി കരുതുന്നതിൽ നാമെല്ലാവരും അഭിമാനിക്കുന്നുണ്ടു്. 19 നൂററാണ്ടുകൾക്കു മുമ്പു് സാഹചര്യങ്ങളുടെ പരിമിതികളിൽ തോമ്മാശ്ലീഹായിക്കു സുവിശേഷഘോഷണത്തിനു കഴിഞ്ഞുവെങ്കിൽ, അനുകൂലസാഹചര്യങ്ങളിലൂടെ 19 നൂററാണ്ടുകൾ കടന്നുപോയിട്ടും ഇൻഡ്യയിൽ വേണ്ടവിധം സുവിശേഷപ്രകാശം പരത്തുവാൻ നമുക്കു കഴിയാഞ്ഞതിൻെറ കാരണങ്ങൾ നാം സഗൗരവം ചിന്തിക്കേണ്ടതുണ്ടു്. സുപ്രസിദ്ധ ചിന്തകനായ സാത്രു് (Sartre) യുടെ വാക്കുകളിൽ പറഞ്ഞാൽ "നമ്മുടെ സ്വാതന്ത്ര്യത്തിൽ മനുഷ്യത്വം ഇതുവരെയും ഉയിർത്തെഴുന്നേററിട്ടില്ല." സ്വന്തം ആശയങ്ങളുടേയും ആദർശങ്ങളുടേയും സാക്ഷാത്കരണത്തിനു നാം നമ്മെ തന്നെ കർമ്മോന്മുഖരാക്കേണ്ട സമയമാണു് നമ്മുടെ സ്വാതന്ത്ര്യത്തിൽ മനുഷ്യത്വം ഉയിർത്തെഴുന്നേൽക്കുന്നതു്.

സഭാതരുവിൻ വിത്തു് വളക്കൂറുള്ള ഭാരതമണ്ണിൽ കുഴിച്ചിട്ട തോമ്മാശ്ലീഹായിൽ ഇതെപ്രകാരം അന്വർത്ഥമായിരിക്കുന്നുവെന്നു നോക്കാം. അദ്ദേഹത്തിനു് ഭാരതമണ്ണിൽ വന്നു രക്തസാക്ഷിത്വം സഹിക്കാതെ കഴിയാമായിരുന്നു. ഒരു യഹൂദനായിരുന്ന അദ്ദേഹത്തിനു് സന്ധ്യാസൂര്യൻ തങ്കപ്പൊടി വിതറുന്ന യഹൂദാനാട്ടിലെ ബെദാം മരങ്ങളുടെ കീഴിലും ദേവദാരുക്കളുടെ തണലിലും സ്വൈരവിഹാരം ചെയ്യാമായിരുന്നു. ഒരു ഗലീലായനായിരുന്ന അദ്ദേഹത്തിനു് യഹൂദാനാട്ടിലെ മാദകമായ വസന്തകാലത്തും ഹസിദാൻ മാസത്തിലെ സുന്ദരവിഭാതങ്ങളിലും ഗലീലാ കടലിൻ തീരത്തും നീല യോർദ്ദാൻ തീരങ്ങളിലും ഗോതമ്പു വയലുകളിലും മുന്തിരിത്തോപ്പുകളിലും സമയം ചിലവഴിക്കാമായിരുന്നു. പിന്നെന്തുകൊണ്ടദ്ദേഹം കല്ലും മുള്ളും കുന്നും കുഴിയും കുഴപ്പവും നിറഞ്ഞ സഹ്യപർവ്വത നിരകൾ തരണം ചെയ്യുന്നതിനായി ഭാരതത്തിൽ വന്നു? അവിടെയാണദ്ദേഹത്തിൻെറ സ്വാതന്ത്ര്യത്തിൽ മനുഷ്യത്വം ഉയർത്തെഴുന്നേൽക്കുന്നതായി നാം കാണുന്നതു്. അദ്ദേഹം ആ "നല്ല ഗലീലാക്കാരൻെറ" വിളിയെ ചെവിക്കൊണ്ടു. അദ്ദേഹം ക്രിസ്തുവിൻെറ ആദർശങ്ങളെ പ്രായോഗികമാക്കുന്നതിനായി കടലും കരയും കടന്നു് യാതൊരുവിധ പ്രയാസങ്ങളേയും വകവയ്ക്കാതെ ഭാരതമണ്ണിൽ വന്നു സുവിശേഷഘോഷണം നടത്തുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. ഇങ്ങനെ അദ്ദേഹത്തിൻെറ സ്വാതന്ത്ര്യത്തിൽ മനുഷ്യത്വം ഉയർത്തെഴുന്നേററു, കിളിർത്തു പടർന്നു പന്തലിക്കുകയും മനോഹരങ്ങളായ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ഇപ്രകാരം ഭാരതത്തിലെ ക്രിസ്ത്യാനികളുടെ സ്വാതന്ത്ര്യത്തിൽ മനുഷ്യത്വം ഉയിർത്തെഴുന്നേൽക്കുമ്പോൾ ക്രിസ്തീയ സഭാതരു ഭാരതമെങ്ങും പടർന്നു പന്തലിക്കുകയും സർവ്വജാതികൾക്കും സ്വർഗ്ഗീയ ശാന്തിയുടെ തണലേകി ആനന്ദം പകരുകയും ചെയ്യും. അതിനു് മാർ തോമ്മാശ്ലീഹായുടെ പ്രാർത്ഥന നമുക്കു് ഇടവരുത്തട്ടെ.

# പ്രേഷിതജോലിയിൽ അത്മായർക്കുള്ള പങ്ക്

[ഫാ. ജേക്കബ് ഒ. ഐ. സി.]

തിരുസഭാചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിൽ ക്രിസ്തീയതത്വങ്ങൾ വേരുപിടിച്ച് പടൎന്നു പന്തലിക്കുവാൻ കാരണം അൽമായരുടെ ധീരത നിറഞ്ഞ അപ്പസ്തോലിക പ്രവൎത്തനങ്ങളായിരുന്നു. "നിങ്ങൾ പോയി സകല ജാതികളോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ" എന്നുള്ള ലോകൈകഗുരുവായ ക്രിസ്തുവിന്റെ കല്പന എല്ലാ വിശ്വാസികളോടുമുള്ള കല്പനയാണ്. ആദിമക്രിസ്ത്യാനികൾ ഈ അൎത്ഥത്തിൽ ആ പാവനമായ കല്പന സ്വീകരിക്കയും, അപ്പസ്തോലന്മാരുടേയും അവരുടെ പിൻഗാമികളുടേയും നേതൃത്വത്തിലും സഹകരണത്തിലും ആ മഹത്തായ സംരംഭത്തിൽ സജീവമായി പങ്കുകൊള്ളുകയും ചെയ്തിരുന്നു. ക്രിസ്തുവിനു സാക്ഷികളായി അവർ ജീവിച്ചു: അതിനുവേണ്ടി അവർ മരിച്ചു.

റോമ്മൻ സാമ്രാജ്യത്തിൽ തളം കെട്ടിനിന്ന അൽമായപ്രേഷിതരുടെ ചുടുരക്തമാണ് തിരുസഭാ വളൎച്ചയ്ക്കു വേഗത കൂട്ടിയത്. അന്നു വൈദികനെന്നോ അൽമായനെന്നോ ഉള്ള വ്യത്യാസം കൂടാതെ എല്ലാവരും ഒന്നുചേൎന്ന് ക്രിസ്തുവിന്റെ സാമ്രാജ്യം പരത്തുന്നതിന്, ക്രിസ്തുവിന്റെ സ്വൎഗ്ഗീയസന്ദേശം നാടെങ്ങും അറിയിക്കുന്നതിന് ആത്മാൎത്ഥമായി ശ്രമിച്ചിരുന്നു. ആദിമക്രിസ്ത്യാനികളെക്കുറിച്ച് വിശുദ്ധ ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "വിശ്വസിച്ചവരുടെ സമൂഹത്തിന് ഒരു ഹൃദയവും ഒരാത്മാവും മാത്രമായിരുന്നു." (Act. 4: 32) എന്ന്. അവരുടെ ആദൎശസുന്ദരമായ ക്രിസ്തീയജീവിതവും ത്യാഗനിൎഭരമായ പരസ്നേഹവും അനേകായിരങ്ങളെ ക്രിസ്തുവിലേക്ക്, ക്രിസ്തുമതത്തിലേക്ക് ആനയിച്ചു. പതറാത്ത, ഇടറാത്ത, അടിയുറച്ച വിശ്വാസമായിരുന്നു അവരുടേത്. ക്രിസ്തുമതത്തിന്റെ അനന്യസാധാരണമായ വളൎച്ച കണ്ടു് പുറജാതിക്കാർ അത്ഭുതപ്പെട്ടു.

അങ്ങനെ നൂററാണ്ടുകൾ പലതു കഴിഞ്ഞു. ഏതാണ്ട് 16-ാം നൂററാണ്ടിലേക്കു നാം കടക്കുമ്പോൾ വമ്പിച്ച വ്യതിയാനം സഭാ ചരിത്രത്തിന്റെ ഏടുകളിൽ നമുക്കു കാണാം. പ്രോട്ടസ്റ്റൻറിസത്തിന്റെയും മററു ശീശ്മകളുടേയും അടിയേററു ചതഞ്ഞ സഭാമാതാവിനെ ശുശ്രൂഷിക്കുവാൻ, താങ്ങി നിറുത്തുവാൻ മുന്നോട്ടു വന്നവരിൽ ഭൂരിപക്ഷവും വൈദികരായിരുന്നു. മഹാ വിശുദ്ധരായ ഇഗ്നേഷ്യസും, ഫ്രാൻസിസ് സേവ്യറും, ഫ്രാൻസിസ് അസ്സീസ്സിയും മററും ഇവരിലുൾപ്പെടും. എന്നാൽ വൈദികരുടെ പ്രവൎത്തനങ്ങൾക്കിടയിൽ അൽമായ പ്രബുദ്ധതയ്ക്കു സാരമായ ഉടവു തട്ടി. പിന്നീടുള്ള നൂററാണ്ടുകളിൽ അത്മായൎക്ക് വളരെയൊന്നും ചെയ്യുവാനില്ലെന്ന തെററായ ധാരണ അവരിൽ കടന്നുകൂടി. ആദ്ധ്യാത്മികത്വവും പ്രേഷിതജോലിയുമെല്ലാം വൈദികരുടേയും സന്യാസികളുടേയുമാണെന്നുള്ള ധാരണ പ്രബലപ്പെട്ടു. ഈ തെററായ ധാരണയെ തുടച്ചു നീക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

## ഇന്നത്തെ ആവശ്യം

നിൎണ്ണായകമായ ഈ യുഗത്തിൽ, കമ്മ്യൂണിസവും നിരീശ്വരത്വവും ഭൗതികവാദവുമെല്ലാം അലയടിച്ചുവരുന്ന ഇക്കാലത്ത്, അൽമായർ പ്രേഷിതവേലയ്ക്കായി മുൻപോട്ടു വരേണ്ടിയിരിക്കുന്നു. അവൎക്കു മാത്രമേ എല്ലാ ജീവിതരംഗങ്ങളിലും പ്രവൎത്തിക്കുവാൻ സാധിക്കൂ. മെത്രാന്മാരേയും വൈദികരേയും മാററി നിറുത്തുന്ന ചില ജീവിത രംഗങ്ങളുണ്ട്. അവിടെയെല്ലാം ക്രിസ്തീയത്വത്തിന്റെ മായാത്ത മുദ്രകൾ പതിക്കുവാൻ അൽമായൎക്ക് സുഗമമായി സാധിക്കും. ഓഫീസുകളിലും തൊഴിൽശാലകളിലും, കച്ചവടസ്ഥലങ്ങളിലും, തെരുവുകളിലും, വിനോദശാലകളിലും, തീവണ്ടികളിലും, ബസ്സുകളിലുമെല്ലാം അൽമായർ ക്രിസ്തുവിനു സാക്ഷികളായിരിക്കണം. എല്ലാ രംഗങ്ങളിലും അവർ കൊളുത്തണം ക്രിസ്തീയദീപം. അവരുടെ പ്രേഷിതപ്രവൎത്തനങ്ങൾ കൂടാതെ സഭ വളരു

വാൻ പോകുന്നില്ല. അൽമായർ വൈദികരോടും വൈദികർ അൽമായരോടും സഹകരിച്ചു ചെയ്യുന്ന പ്രേഷിത വേലകളാണ് അങ്ങേയററം ഫലമണിയുന്നത്.

ആധുനിക മാർപ്പാപ്പാമാർ അവരുടെ വിശ്വവിഖ്യാതങ്ങളായ ചാക്രികലേഖനങ്ങൾ വഴിയും മററും അത്മായ പ്രേഷിതത്വത്തിന് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. സഭാപ്രവത്തനങ്ങളിൽ അൽമായർക്കുള്ള ഭാഗം കേവലം വിധേയത്വവും നിഷ്ക്രിയത്വവുമല്ല, തികച്ചും ക്രിയാത്മകമാണ്.

## അടിസ്ഥാനപരമായ തത്വങ്ങൾ

ക്രിസ്തുവിൻെറ മൌതികശരീരം (Mystical Body of Christ) എന്ന സഭയുടെ മഹത്തായ പഠനത്തിലൂടെയാണ് സഭാഗാത്രത്തിൽ അൽമായരുടെ പങ്ക് നാം വ്യക്തമായി മനസ്സിലാക്കുന്നത്. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു" എന്ന് ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു. മുന്തിരി വളരണമെങ്കിൽ തായ്ത്തണ്ടു മാത്രം പ്രവത്തിച്ചാൽ പോരാ, ശിഖരങ്ങളായ നാമും പ്രവത്തിക്കണം. സഭയാകുന്ന വൻവൃക്ഷം വളരണമെങ്കിൽ മെത്രാന്മാരും വൈദികരും മാത്രം പ്രവത്തിച്ചാൽ മതിയാകയില്ല, ശിഖരങ്ങളായ അൽമായർ കൂടെ പണിയെടുക്കേണ്ടിയിരിക്കുന്നു.

മഹാപണ്ഡിതനായ വിശുദ്ധ പൌലോസ് ശ്ലീഹാ തിരുസഭയെ ഒരു ശരീരത്തോട് ഉപമിക്കുന്നുണ്ട്. അതിൻെറ ശിരസ്സ് ക്രിസ്തു, അവയവങ്ങൾ മാമ്മോദീസാ സ്വീകരിച്ച എല്ലാവരും. ജീവനുള്ള ഒരു ശരീരത്തിൽ ശിരസ്സോ ഹൃദയമോ മാത്രം പ്രവത്തിച്ചാൽ പോരാ, എല്ലാ അവയവങ്ങളും പ്രവത്തിക്കണം അവയവങ്ങൾ പ്രവത്തിക്കുന്നില്ലെങ്കിൽ ശരീരത്തിൻെറ വളച്ച നിലച്ചു എന്നത്ഥം, അഥവാ രോഗിയായി. അതിനാൽ ശരീരത്തിൻെറ വളർച്ചയ്ക്ക് അവയവങ്ങൾ പ്രവത്തിച്ചേ മതിയാവൂ. ഇതുപോലെ ക്രിസ്തുവിൻെറ മൌതികശരീരത്തിലെ അവയവങ്ങളാണ് അൽമായർ; അവർ അവരുടേതായ പ്രവത്തനങ്ങൾ നടത്തിയേ മതിയാവൂ അല്ലെങ്കിൽ സഭ വളരുകയില്ല; ക്ഷയിച്ചുപോകും.

സഭ ബൃഹത്തായ ഒരു സംഘടന (Organization) മാത്രമല്ല; ഒരു ജീവസംഘടന (Organism) കൂടെയാണ്. അതു വളരണം. അതിന് അവയവങ്ങളായ അൽമായർ ശിരസ്സോടു യോജിച്ചു പ്രവത്തിക്കുകതന്നെ വേണം. ചുരുക്കിപ്പറഞ്ഞാൽ ഓരോ വിശ്വാസിയും ഓരോ പ്രേഷിതനായിതീരണം

വി. പൌലോസ് കോറന്തോസുകാർക്ക് എഴുതുകയാണ്, "നാം ദൈവത്തിൻെറ സഹപ്രവത്തകരാണ്" (1 Cor 3:9) എന്ന്. കോറന്തോസുകാരെല്ലാവരും വൈദികരല്ലായിരുന്നു. പൌലോസ് ശ്ലീഹാ കോറന്തോസിലെ വിശ്വാസികൾക്കാണ് ഇങ്ങനെ എഴുതുന്നത്. പൌലോസ് ശ്ലീഹായും അവരും ഒരുപോലെ ദൈവത്തിൻെറ സഹപ്രവത്തകരാണെന്ന്. എത്ര ശ്രേഷ്ഠമായ പദവി! എത്ര പാവനമായ ജോലി! ദൈവത്തിൻെറ ജോലിയിൽ സഹകാരികൾ!

ദൈവത്തിൻെറ ജോലി എന്താണ്? മനുഷ്യാത്മാക്കളുടെ രക്ഷ. ദൈവത്തിൻെറ ഈ ജോലിയിൽ അൽമായർ പങ്കുകാരാണ്. അവർക്ക് ഒരു വിധത്തിലും ഒഴിഞ്ഞുമാറുവാൻ പാറുകില്ല. നന്മനസ്സുള്ളവർക്ക് ദൈവത്തിനുവേണ്ടിയും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയും ജോലി ചെയ്യുവാനുള്ള അവസരങ്ങൾ ധാരാളം ലഭിക്കും. നമ്മുടെ ജീവിതസ്ഥിതി എന്തുമായിരുന്നുകൊള്ളട്ടെ, നമ്മുടെ കുടുംബത്തിലെ ബന്ധുമിത്രാദികളുടെ ഇടയിലും നാം സമ്പക്കത്തിലേർപ്പെടുന്ന അകത്തോലിക്കരുടെയും അക്രൈസ്തവരുടെയും ഇടയിലും നമുക്കു പ്രേഷിതവേല ചെയ്യാം. സ്നേഹമൂത്തിയായ ക്രിസ്തുവിനോടുള്ള കറയററ സ്നേഹവും ആത്മാക്കളുടെ അതിരററ വിലയുമാണ് നമ്മെ ഇതിനു പ്രേരിപ്പിക്കേണ്ടത്.

## മാഗ്ഗങ്ങൾ

ഹൃദയംഗമമായ പ്രാർത്ഥനകൾ, സ്നേഹംനിറഞ്ഞ പരിത്യാഗങ്ങൾ, ധനസഹായം, മാതൃകാപരമായ ക്രിസ്തീയ ജീവിതം എന്നിവയെല്ലാം ആത്മാക്കളെ രക്ഷിക്കുവാനുള്ള മനോഹരവും ഫലപ്രദവുമായ മാഗ്ഗങ്ങളാണ്. അവനവൻെറ കഴിവനുസരിച്ചും ചുററുപാടുകൾ കണക്കിലെടുത്തും ഈ മാഗ്ഗങ്ങൾ ഓരോ അൽമായനും സ്വീ

കരിച്ചു് ആത്മാക്കളെ രക്ഷിക്കുവാൻ യത്നിക്കണം. ഓരോരുത്തൻേറയും അറിവിൽപെട്ട ക്രിസ്തീയതത്വങ്ങൾ സന്ദർഭോചിതമായും സ്നേഹവായ്പോടും കൂടെ ക്രിസ്തീയപ്രകാശം ലഭിച്ചിട്ടില്ലാത്തവക്കു പകൎന്നുകൊടുക്കുവാൻ ഓരോ അൽമായനും ബാദ്ധ്യസ്ഥനാണു്. ഒരുവൻ ഉത്തമനായ ക്രിസ്ത്യാനിയാണെങ്കിൽ എല്ലാ രംഗങ്ങളിലും ക്രിസ്തുവിനെ കാണിച്ചുകൊടുക്കണം, അവനിൽ.

## തടസ്സങ്ങൾ

മുൻവിധിയും തെററിദ്ധാരണകളുമാണു് പലപ്പോഴും അകത്തോലിക്കരേയും അക്രൈസ്തവരേയും തിരുസഭയിൽനിന്നു് അകററി നിറുത്തുന്നതു്. ഈ തടസ്സങ്ങൾ ദൂരീകരിക്കുവാൻ ഓരോ അൽമായനും കടപ്പെട്ടവനാണു്. കത്തോലിക്കാസഭയിലെ അനന്തനിക്ഷേപങ്ങൾ മററുള്ളവക്കു തുറന്നു കാണിക്കുക, അവരുടെ മുൻപിൽ വിനീതമായി അവതരിപ്പിക്കുക അതിലെ സനാതനതത്വങ്ങൾ. പക്ഷെ, നമുക്കു തന്നെ ആ തത്വങ്ങൾ ശരിക്കു അറിവില്ല. നാംതന്നെ ആദ്യം അവ വ്യക്തമായി പഠിക്കണം. തക്കങ്ങളും വാദങ്ങളും വിമർശനങ്ങളും നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. സ്നേഹത്തിലും സേവനത്തിലും കൂടെയാണു് ആത്മാക്കളെ നാം നേടേണ്ടതു്. പണ്ഡിതനും മഹാ വിശുദ്ധനുമായ അംബ്രോസിസ് പറയുകയാണു്: "വാഗ്വാദങ്ങളിലൂടെയല്ല മററുള്ളവരെ മാനസാന്തരപ്പെടുത്തേണ്ടതു് പ്രത്യുത സ്നേഹത്തിലൂടെയാണു", എന്നു്.

ക്രൈസ്തവരെന്നഭിമാനിക്കുന്ന പലരുടേയും ദുർമാതൃകാപരമായ ജീവിതമാണു് ആത്മാക്കളുടെ രക്ഷയ്ക്കുള്ള, മാനസാന്തരത്തിനുള്ള ഏററം വലിയ തടസ്സം. നമുക്കു വിശ്വാസമുണ്ടു്, പ്രവൃത്തിയില്ല. അതിവിശിഷ്ടങ്ങളായ തത്വങ്ങൾ നമുക്കുണ്ടു്, പക്ഷെ ജീവിതമില്ല. യാതൊരു പൊരുത്തവുമില്ല നമ്മുടെ തത്വങ്ങളും നമ്മുടെ ജീവിതവുമായി. ഭാരതത്തിലെ ഏററം വലിയ നേതാക്കളായിരുന്ന മഹാത്മാഗാന്ധിയും ടാഗോറുമെല്ലാം ക്രിസ്തുവിനേയും ക്രിസ്തീയ തത്വങ്ങളേയും അങ്ങെയററം മാനിച്ചിരുന്നു; പക്ഷേ ക്രിസ്ത്യാനികളെ അവർ വെറുത്തിരുന്നു. കാരണം, ക്രിസ്ത്യാനികൾ തങ്ങളുടെ മനോജ്ഞമായ തത്വങ്ങൾക്കനുസരിച്ചു് ജീവിക്കുന്നതായി അവർ കണ്ടില്ല. ഈ കുറവു് നാം സമ്മതിക്കേണ്ടതാണു്. ഇതു പരിഹരിക്കാതെ നമ്മുടെ പ്രേഷിതജോലികൾ ഫലമണിയുവാൻ പോകുന്നില്ല.

## മുന്നണിസേന

പ്രേഷിതരംഗത്തെ മുന്നണിസേനകളാണു് അൽമായർ. ക്രിസ്തുവിൻെറ രാജ്യം വികസിപ്പിക്കുവാനും ക്രിസ്തുവിനുവേണ്ടി സമരം ചെയ്യുവാനുമുള്ള അവരുടെ കടമ വലുതാണു്. ക്രിസ്തീയതത്വങ്ങളിൽ അടിയുറച്ചതും ദിവ്യകൂദാശകളുടെ സ്വീകരണംവഴി പരിപോഷിപ്പിക്കപ്പെട്ടതും പ്രാത്ഥനയാലും പുണ്യങ്ങളാലും സുശക്തവുമായ ക്രിസ്തീയജീവിതത്തിൻെറ കെട്ടുറപ്പാണു് ഉത്തമനായ പ്രേഷിതനെ കുടുംബത്തിലും ജോലിയിലും ഉദ്യോഗത്തിലും സാമൂഹ്യജീവിതത്തിൻെറ എല്ലാ തുറകളിലും ക്രിസ്തുവിൻെറ ഒരു ധീരഭടനാക്കുന്നതു്. ഇപ്രകാരം നമ്മുടെ ഓരോ ഇടവകയിലും വിശ്വാസികളോരോരുത്തരും ഓരോ അപ്പസ്തോലനായിത്തീരുന്ന പക്ഷം നീതിയിലും സമാധാനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ക്രിസ്തുവിൻെറ ഭരണം വളർത്തിയെടുക്കുന്ന ഒരു സമാധാന സൈന്യവ്യൂഹമായി തിരുസഭ രൂപം കൊള്ളും.

അതിനാൽ രക്ഷകൻെറ മുന്തിരിത്തോട്ടത്തിൽ ആത്മാത്ഥതയോടുകൂടി വേലചെയ്യുവാൻ നമുക്കു തയ്യാറാകാം. പ്രേഷിതരംഗത്തു് സൃഷ്ടിപരമായി എന്തെങ്കിലും ചെയ്യണമെന്നു് ഓരോ അൽമായനും ദൃഢപ്രതിജ്ഞ ചെയ്യട്ടെ! ഇതിൽ ശ്രേഷ്ഠമായ ജോലിയില്ല. വിശുദ്ധ ദിവന്നൃാസിയോസ് പറയുകയാണു്: 'വൈദിക വേലകളിൽ ഏററം ദിവ്യമായ ജോലിയാണു് ആത്മാക്കളെ രക്ഷിക്കുക എന്നതു്.' നൂറു നൂറു സൽഫലങ്ങൾ ഇതു നമ്മിലുളവാക്കും. "നീ ഒരാത്മാവിനെ രക്ഷിക്കുന്നതോടൊപ്പം നിൻെറ ആത്മരക്ഷയും സുരക്ഷിതമാക്കുന്നു", എന്നുള്ള മഹാ വിശുദ്ധനായ ആഗസ്തീനോസിൻെറ മനോഹര വാക്യങ്ങൾ നമ്മുടെ ഓമ്മയിൽ എന്നുമെന്നും തങ്ങി നില്ക്കട്ടെ!

### കൗൺസിലിന്റെ കാഴ്ചപ്പാടിൽ

# സഭ—തീർത്ഥകാവസ്ഥയും ഘടനാവ്യത്യാസങ്ങളും

[ജോൺ അറയ്ക്കൽ]

ദൈവത്തിന്റെ രക്ഷാകരരഹസ്യവും ക്രിസ്തുവിലൂടെ, അരൂപിയിൽ ദൈവംതന്നെ വിളിച്ചുകൂട്ടുന്ന അവിടത്തെ ജനവുമാണ് സഭ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വീക്ഷണത്തിൽ. സഭയെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായ ഈ സത്യങ്ങൾ വ്യക്തമാക്കിയശേഷം സഭയുടെ തീർത്ഥകാവസ്ഥയെയും ഘടനകളെയും പററിയാണ് സഭാസംബന്ധമായ ഡിക്രി പ്രതിപാദിക്കുന്നതു്. സഭാധികാരത്തെപ്പററി പൊതുവേയും മെത്രാൻസ്ഥാനത്തെപ്പററി പ്രത്യേകിച്ചും പ്രതിപാദിക്കുന്നതാണ് ഡിക്രിയുടെ മൂന്നാമദ്ധ്യായം. മെത്രാൻസ്ഥാനത്തിന്റെ ദൈവദത്തമായ സ്വഭാവാധികാരങ്ങൾ ഇതു വ്യക്തമാക്കുന്നു.

## വൈദികാധികാരവും മെത്രാൻ സ്ഥാനവും

പത്രോസിന്റെ കീഴിൽ ഒരു സംഘ (College) മായിട്ടാണ്, സ്ഥിരമായ ഒരു കൂട്ടമായിട്ടാണ് ക്രിസ്തു അപ്പസ്തോലന്മാരെ നിയമിച്ചതു്. ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുപററിക്കൊണ്ടു് സഭയുടെ അടിസ്ഥാനങ്ങളായി വർത്തിക്കുകയും സഭയെ ലോകത്തിൽ പ്രചരിപ്പിക്കുകയും ചെയ്തുവരവരെന്ന നിലയിൽ അപ്പസ്തോലന്മാരെ പിന്തുടരുന്നതു മെത്രാന്മാരാണ്. അപ്പസ്തോലപ്രമുഖനായ പത്രോസിനെ പിന്തുടരുന്നതു മാർപ്പാപ്പായും. ദൈവജനത്തെ ശുശ്രൂഷിക്കുന്നതിനാവശ്യമായ അധികാരവും കടമയും ദൈവദാനങ്ങളും തിരുപ്പട്ടംവഴി മെത്രാന്മാർക്ക് ലഭിക്കുന്നു. സഭാധികാരത്തിന്റെ പൂർണ്ണത നൽകുന്ന മെത്രാഭിഷേകം ഒരു കൂദാശയത്രേ. ദൈവജനത്തെ പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും ഭരിക്കാനുമുള്ള പൂർണ്ണാധികാരം ഇതുവഴി ലഭ്യമാകുന്നു. മെത്രാന്മാരുടെ ശുശ്രൂഷാധികാരം, ഭരണപരമായതു (jurisdiction) പ്രത്യേകിച്ചും, മെത്രാൻ സംഘത്തിന്റെ തലവനും സംഘത്തിലെ മററംഗങ്ങളുമായുള്ള ഐക്യത്തിലാവണം പ്രയോഗിക്കാനെന്നേയുള്ളൂ. അപ്പസ്തോലന്മാരെപ്പോലെ ഒരു സംഘമാണ് മാർപ്പാപ്പായും മെത്രാന്മാരും. മാർപ്പാപ്പായോടൊത്തു്, മാർപ്പാപ്പായുടെ കീഴിൽ മെത്രാൻസംഘത്തിനാണ് സഭയിൽ പരമാധികാരം. മെത്രാൻസംഘത്തിന്റെ ദൈവനിയുക്തനായ തലവനെന്ന നിലയിൽ മാർപ്പാപ്പായിക്കും സഭ മുഴുവൻ പരമാധികാരമുണ്ടു്. മാർപ്പാപ്പായെ കൂടാതെ, മാർപ്പാപ്പായുടെ സമ്മതമില്ലാതെ മെത്രാന്മാരുടെ അധികാരം സാർവ്വത്രികസഭയെ സംബന്ധിച്ചിടത്തോളം പരമമല്ലതന്നെ. മെത്രാന്മാരുടെ സംഘാത്മകപ്രവർത്തനങ്ങളിൽ ചിലതു ഡിക്രിതന്നെ ചൂണ്ടിക്കാണിക്കുന്നുണ്ടു്. സാർവ്വത്രികസൂനഹദോസുകളും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വേറിട്ടുവസിച്ചുകൊണ്ടുതന്നെ മെത്രാൻസംഘം നടത്തുന്ന പൊതുപഠിപ്പിക്കലുകളും ഇതിനുദാഹരണങ്ങളാണ്. മാർപ്പാപ്പാ ആവശ്യപ്പെടാതെ കൂടുകയും പിന്നീടു അംഗീകരിക്കുകയും ചെയ്ത സാർവ്വത്രികസൂനഹദോസുകളുണ്ടു് സഭാചരിത്രത്തിൽ. ഇപ്രകാരം ഏതാണ്ടു സങ്കുചിതവും നൈയ്യാമിക (juridical) വുമായ കാഴ്ചപ്പാടിലാണ് ഡിക്രി സംഘാത്മകത (Collegiality) യെ വീക്ഷിക്കുന്നതെങ്കിലും ഡിക്രിയിൽതന്നെ വിശാലതരമായ അർത്ഥത്തിലും അതുപയോഗിക്കപ്പെടുന്നുണ്ടു്. ഭരണാധികാരം പ്രയോഗിക്കാത്തപ്പോഴും മെത്രാന്മാർക്ക് സഭ മുഴുവനിലും താല്പര്യമുണ്ടു്, ഉത്തരവാദിത്വമുണ്ടു്. ക്രിസ്തീയസ്നേഹവും പരസ്പരസഹായവും വളർത്തിയും സംരക്ഷിച്ചുമാണിതു സാധിക്കുക. ലോകത്തിന്റെ ക്രൈസ്തവീകരണം മെത്രാൻസംഘത്തിന്റെ മുഴുവൻ ചുമതലയത്രേ.

മെത്രാന്മാരുടെ പ്രബോധനദൗത്യത്തെപ്പററിയുള്ള ഡിക്രിയുടെ പ്രസ്താവനകൾ ഇതിലും

സർവ്വസാധാരണമാണ്. മാർപ്പാപ്പായുടേയും മെത്രാന്മാരുടേയും സാധാരണാസാധാരണപഠനങ്ങളെ Ordinary and extraordinary magisterium) പററിയുള്ള പ്രസ്താവനകൾ ഇതിനുദാഹരണമാണ്. മാർപ്പാപ്പായ്ക്കു തനിയെ (ex sese) സഭയുടെ സമ്മതം കൂടാതെതന്നെ അപ്രമാദികമായി പഠിപ്പിക്കാനാവുമെന്ന ഒന്നാം വത്തിക്കാൻ സൂനഹദോസിൻെറ പഠനം ഡിക്രിയിൽ കൂടുതൽ വിശദമാക്കിയിട്ടില്ല. വിശ്വാസികളുടെ വിശുദ്ധീകരണത്തിൽ, സഭയുടെ ഐക്യത്തിൻെറയും സ്നേഹത്തിൻെറയും പ്രതീകമായ കുർബ്ബാനാർപ്പണത്തിൻെറ പ്രാധാന്യം ഡിക്രി ഊന്നിപ്പറയുന്നു. വിവിധസ്ഥലങ്ങളിൽ ആദ്ധ്യാത്മിക ഇടയന്മാർക്കു ചുററും ഒരുമിച്ചുകൂടുന്ന സമൂഹം സഭയാണ്, ദൈവജനമാണ്. ഈ സമൂഹങ്ങളുടെ വിശുദ്ധീകരണകർത്തവ്യം മെത്രാന്മാർക്കത്രേ. മാർപ്പാപ്പായുടെ പേരിലല്ലാ, സ്വന്തം പേരിൽ, ക്രിസ്തുവിൻെറ പ്രതിനിധികളായിട്ടാണ് മെത്രാന്മാർ പ്രാദേശിക സഭകളെ ഭരിക്കുന്നതെന്ന് ഡിക്രി വിശദമാക്കുന്നുണ്ട്. മെത്രാന്മാരുടെ നിയമനം മാർപ്പാപ്പാതന്നെ നടത്തണമെന്നില്ല, നിരോധിതമല്ലാത്ത പാരമ്പര്യങ്ങളുണ്ടെങ്കിൽ അവയനുസരിച്ചു മതി എന്ന സൂചനയാണ് ശ്രദ്ധേയമായ വേറൊരു വസ്തുത. പ്രാചീനസഭയിൽ ഇതായിരുന്നല്ലോ പതിവ്.

മെത്രാന്മാർക്കുശേഷം, വൈദികാധികാരശ്രേണിയിലെ മററു പടികളേയും—വൈദികരേയും ഡീക്കന്മാരേയും—ഡിക്രി സ്പർശിക്കുന്നുണ്ട്. പൗരോഹിത്യത്തിൻെറ മാഹാത്മ്യവും സഹവൈദികരൊത്ത്, ഒരു സംഘമെന്ന നിലയിൽ വൈദികർക്കു മെത്രാനോടുള്ള ബന്ധവുമാണ് വൈദികരെ സംബന്ധിച്ച് ഡിക്രി കൂടുതൽ ഊന്നിപ്പറയുന്നത്. സ്ഥിരമായ ഡീക്കൻസ്ഥാനം പുനഃസ്ഥാപിക്കാനുള്ള തീരുമാനമാണ്, ഒരുപക്ഷേ, ഇതിലും പ്രാധാന്യം. ദൈവശാസ്ത്രപരിഗണനകളും പ്രായോഗികാവശ്യങ്ങളും ഒരുപോലെ ഇതിനു കാരണമായിട്ടുണ്ട്. സ്ഥിരം ഡീക്കൻസ്ഥാനം പുനരുദ്ധരിക്കുന്ന ചുമതല മാർപ്പാപ്പായുടെ അംഗീകാരത്തോടെ മെത്രാന്മാരുടെ ദേശീയസംഘങ്ങൾക്കാണു നൽകിയിരിക്കുന്നത്. ഒരുവിധം പ്രായംചെന്ന വിവാഹിതർക്കും ഡീക്കൻസ്ഥാനം നല്കാവുന്നതാണ്.

പാപ്പാസ്ഥാനത്തിൻെറ അധികാരാവകാശങ്ങൾ മാത്രം നിർണ്ണയിച്ച ഒന്നാം വത്തിക്കാൻ സൂനഹദോസിൻെറ പ്രബോധനങ്ങൾ പൂർണ്ണമാക്കുന്നതാണ് മെത്രാന്മാരുടെ സംഘാത്മകതയേയും കൗദാശികത (Sacramentality) യേയും അധികാരാവകാശങ്ങളേയും പററിയുള്ള ഡിക്രിയുടെ മൂന്നാമദ്ധ്യായം. മാർപ്പാപ്പായുടെ പ്രാഥമ്യാധികാരം ചോദ്യം ചെയ്യപ്പെടുകയാണെന്നു ഭയപ്പെടുന്ന ശക്തമായ ന്യൂനപക്ഷത്തിൻെറ സ്വാധീനം ഇതിനെ, ആദ്യത്തെ രണ്ടദ്ധ്യായങ്ങളേക്കാൾ ശുഷ്കവും നൈയ്യാമികവുമാക്കിയെങ്കിലും കത്തോലിക്കാസഭയുടെ ഘടന കേവലം ഏകാധിപത്യപര (Monarchical) മാണെന്ന ധാരണ മാററാൻ ഇതു സഹായിക്കാതിരിക്കുകയില്ല. സംഘാത്മകതയെ അല്പമൊന്നു മയപ്പെടുത്തുന്ന ഒരു വിശദീകരണക്കുറിപ്പ് സൂനഹദോസ് പിതാക്കന്മാരുടെ അംഗീകരണമാവശ്യപ്പെടാതെ അധികാരസ്ഥാനത്തുനിന്ന് ഡിക്രിയോടു ചേർത്ത് പ്രസിദ്ധീകരിച്ചത് പൊതുവെ അസംതൃപ്തിക്കു കാരണമാക്കിയെങ്കിലും ഡിക്രിയിൽ വ്യക്തമായി സ്ഥാപിക്കുന്ന ആശയങ്ങൾക്കു കാര്യമായ കോട്ടം വരുത്തുന്നതല്ല ഇതിൻെറ ഉള്ളടക്കമെന്നു പറയാം. ഏതായാലും മൂന്നാമദ്ധ്യായത്തിൻെറ സഭാജീവിതമൂല്യം പൂർണ്ണമായി വെളിപ്പെടുക അതു പ്രവൃത്തിപഥത്തിലാവുമ്പോഴാണ്. മെത്രാന്മാരെപ്പററിയുള്ള സ്കീമയും അതേത്തുടർന്നുണ്ടാകേണ്ട പ്രായോഗിക നടപടികളുമാവും ഇതിൻെറ രൂപവും പരിധിയും നിർണ്ണയിക്കുക. റോമൻ കൂരിയയുടെ അധികാരങ്ങൾ കുറയ്ക്കുക, അതിൻെറ രൂപവും ഘടനയും പുതുക്കുക, സാർവ്വത്രികസഭാഭരണത്തിൽ മാർപ്പാപ്പായെ സഹായിക്കാൻ മെത്രാന്മാരുടെ ഒരു പ്രതിനിധിസംഘം രൂപീകരിക്കുക, ദേശീയ മെത്രാൻസംഘങ്ങൾക്ക് നൈയ്യാമികാധികാരം നൽകുക മുതലായവ ഏതാണ്ട് സാർവ്വത്രികമായുന്നീതമാവുന്ന ആവശ്യങ്ങളത്രേ.

## അത്മായർ സഭയിൽ

കൂടുതൽ പ്രപോദിതവും സജീവവുമാണ് അത്മായരെപ്പററിയുള്ള നാലാമദ്ധ്യായം. ദൈവജനത്തിന്റെ പ്രധാനഭാഗമെന്ന നിലയിൽ അത്മായക്കു പ്രത്യേകമായൊരു ദൗത്യമുണ്ട്, സഭയിലും ലോകത്തിലും. മാമ്മോദീസാവഴി ക്രിസ്തുവിനോടു ചേക്കപ്പെടുകയും അവിടത്തെ വൈദികവും പ്രവാചകവും രാജകീയവുമായ പൗരോഹിത്യത്തിൽ പങ്കുചേർന്നുകൊണ്ട് ലോകത്തിലും സഭയിലും ക്രിസ്തീയജനത്തിന്റെ ദൗത്യം നിറവേററുകയും ചെയ്യുന്നവരാണ് അത്മായർ. വൈദികപട്ടമോ സന്യാസാന്തസ്സോ സ്വീകരിക്കാതെ, ലോകത്തിൽ ലൗകികകൃത്യങ്ങളനുഷ്ഠിച്ചുകൊണ്ട് അതിന്റെ സ്ഥിതിയിലും ഭാഗധേയത്തിലും പങ്കുചേരുകയും അതിനെ ക്രിസ്തുവിന്റെ വെളിച്ചത്തിൽ പ്രദീപ്തമാക്കുകയും അവിടത്തെ രക്ഷയിൽ പങ്കുകൊള്ളിക്കുകയും ചെയ്യേണ്ട ലോകത്തിന്റെ ഉറയാണവർ. വേറെ വാക്കുകളിൽ, വ്യത്യസ്താവയവങ്ങളുള്ള സഭാശരീരത്തിലെ പൂർണ്ണാവകാശങ്ങളോടുകൂടിയ പൂർണ്ണാംഗങ്ങളാണ് അത്മായർ എല്ലാവക്കും സഭാശരീരത്തിന്റെ കെട്ടിപ്പടുക്കലിൽ തങ്ങളുടേതായ പങ്കുണ്ട്. സഭയുടെ രക്ഷാകരദൗത്യനിർവ്വഹണത്തിന് അത്മായരുടെ സാന്നിദ്ധ്യം കൂടിയേ കഴിയൂ. ക്രിസ്തീയജീവിതത്തിന്റെ, പ്രത്യേകിച്ച് വൈവാഹികജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും, അർപ്പണപരമായ, ആരാധനാപരമായ മൂല്യം ഡിക്രി പ്രത്യേകമെടുത്തുപറയുന്നു: വിശ്വാസത്തിനനുസൃതമായി ജീവിക്കുകയും അങ്ങനെ വിശ്വാസത്തിനു സാക്ഷ്യം നൽകുകയും ചെയ്തുകൊണ്ടാണിതു സാധിക്കുക. ക്രിസ്തുവിന്റെ പ്രവാചകധർമ്മത്തിൽ പങ്കുചേരുന്നവനെന്ന നിലയിൽ സ്വന്തം ജീവിതമണ്ഡലത്തിൽ, വാക്കും, പ്രവൃത്തിയുംവഴി അവിടുത്തെയ്ക്കു സാക്ഷ്യം വഹിക്കുവാൻ കടപ്പെട്ടവനാണ് ഓരോ അത്മായനും. വൈദികവൈരളൃത്തിന് ഒരുപശാന്തിയെന്ന നിലയിലും ഇന്ന് ഇതൊരാവശ്യമത്രേ. സൃഷ്ടിയുടെ വിലയും മാഹാത്മ്യവും അംഗീകരിച്ചുകൊണ്ട്, പ്രകൃതിരഹസ്യങ്ങളാരായാനും ശാസ്ത്രപുരോഗതിയും പരസ്പരസഹകരണവുംവഴി മെച്ചമായൊരു ഭൗതികവ്യവസ്ഥിതിയും കൂടുതൽ മാനുഷികമായ ജീവിതസാഹചര്യങ്ങളും സൃഷ്ടിക്കാനും അങ്ങനെ മാനുഷികവും ക്രിസ്തീയവുമായ യഥാർത്ഥ സ്വാതന്ത്ര്യത്തിലേയ്ക്കു മനുഷ്യരെ നയിക്കാനും ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിലുള്ള ഭാഗഭാഗിത്വം അത്മായനെ ബാദ്ധ്യസ്ഥനാക്കുന്നു. സങ്കേതവിദ്യ(Technology) യെയും സംസ്കാരത്തെയും ധർമ്മനിഷ്ഠമാക്കണം അത്മായർ. സഭയും ഭൗതികമണ്ഡലവുമായി കൂട്ടിക്കുഴയ്ക്കരുതെന്നുമാത്രം. രണ്ടിനെയും തീർത്തും വേർപെടുത്തുക ദോഷകരമാണെങ്കിൽ കൂട്ടിക്കുഴയ്ക്കുന്നതു് അതിലേറെ അപകടകരമത്രേ. ഭൗതികമണ്ഡലത്തിന് അതിന്റേതായ നൈയ്യാമികതത്വങ്ങളാണുള്ളതു്. ലൗകികകാര്യങ്ങളിലും ക്രിസ്തീയമനസാക്ഷിയാവണം നമ്മെ നയിക്കേണ്ടതെന്നോയുള്ള സാമൂഹികമായ ഈ പ്രേഷിതവൃത്തി വൈദികാധികാരികളിൽനിന്നു വേറിട്ടല്ല, അവരോടു യോജിച്ചാണു നിർവഹിക്കേണ്ടതു്. അധികാരികളാകട്ടെ, അത്മായരെ പ്രവർത്തിക്കാനനുവദിക്കുകയും യോഗ്യതാനുസാരം അവക്കു് ഉത്തരവാദിത്വങ്ങളേല്പിച്ചുകൊടുക്കുകയും വേണം.

വ്യക്തമായ ഭാഷയിൽ അത്മായജനത്തിന്റെ ദൗത്യവും അവകാശങ്ങളും വിശദമാക്കുന്ന ഈ ഭാഗം ആധുനിക ദൈവശാസ്ത്രവിചിന്തനങ്ങളെ സ്വായത്തമാക്കുകയാണ്. അത്മായർ മററാരെയുംപോലെ സഭയുടെ അനുപേക്ഷണീയാംഗങ്ങളാണെന്നും സഭയുടെ ലോകത്തിലെ ദൗത്യനിർവ്വഹണത്തിന് അത്മായർ കൂടിയേ തീരൂ എന്നുമുള്ള ബോധ്യം സൂനഹദോസാഗ്രഹിക്കുന്ന വൈദികാത്മായ സംഭാഷണത്തിനും സഭാനവീകരണത്തിനും ആവശ്യമത്രേ. പാകമായിവരുന്ന ദൈവശാസ്ത്രവിചിന്തനങ്ങളെന്നപോലെ, ഇപ്പോൾത്തന്നെ അത്മായക്കു സഭാജീവിതത്തിൽ ലഭിച്ചുവരുന്ന സ്ഥാനവും കടമകളും അത്മായരെപ്പററിയുള്ള പ്രതിപാദനത്തെ രൂപപ്പെടുത്തുന്നതിൽ സഹായിച്ചിരിക്കണം.

## വിശുദ്ധിയിലേയ്ക്കുള്ള വിളി

ഡിക്രിയുടെ അഞ്ചും ആറും അദ്ധ്യായങ്ങൾ

ഏതാണ്ടൊന്നായെടുക്കാവുന്നതേയുള്ളു. ആദ്യം അവ ഒരുമിച്ചായിരുന്നുതാനും. സഭാംഗങ്ങളെല്ലാം വിശുദ്ധിയിലേയ്ക്കു വിളിക്കപ്പെട്ടവരാണ്. എല്ലാത്തിലും ദൈവഹിതമനുഷ്ഠിക്കുകയും അവിടത്തെ മഹത്വവും അയൽക്കാരന്റെ നന്മയും ലക്ഷ്യമാക്കി പ്രവർത്തിക്കുകയുമാണ് വിശുദ്ധി. പൂർണ്ണമായ ഉപവിയിലാണിതടങ്ങിയിരിക്കുന്നതു്. ക്രിസ്തുവിലൂടെ പരിശുദ്ധാരൂപി നമ്മിലുണർത്തുന്ന ദൈവദാനമാണതു്. ജീവിതാന്തസ്സിനനുരൂപമായി വിവിധരീതിയിൽ ക്രിസ്തുവിനെ നമുക്കനുകരിക്കാം, വിശുദ്ധി നേടാം. സഭയിൽ ഒരു വിഭാഗത്തിനു മാത്രമായി നീക്കിവച്ചിരിക്കുന്ന ഒന്നല്ല പുണ്യപൂർണ്ണത. പ്രത്യക്ഷതരമായ വിധത്തിൽ സുവിശേഷോപദേശങ്ങൾ പിന്തുടർന്നുകൊണ്ടുള്ള പുണ്യസമ്പാദനം ഒരു പ്രത്യേക മാർഗ്ഗം മാത്രമാണ്. ക്രിസ്തീയസ്നേഹത്തിന്റെ സവിശേഷ സാക്ഷ്യവും പ്രതീകവും പ്രചോദനവുമാണതു്. സഭയുടെ ദൈവദത്തഘടനയോടു ബന്ധപ്പെട്ടതല്ലെങ്കിലും സഭാജീവിതത്തിന്റെയും സഭാവിശുദ്ധിയുടെയും അവശ്യഘടകങ്ങളിലൊന്നാണ് സന്യാസജീവിതം. വിശ്വാസികളേയും അവിശ്വാസികളേയും സംബന്ധിച്ചിടത്തോളം സന്യാസജീവിതത്തിനുള്ള പ്രവാചകമൂല്യം ഡിക്രി ഊന്നിപ്പറയുന്നു. പരിപൂർണ്ണതയിലേയ്ക്കുള്ള വിളിയെപ്പററി വിശ്വാസികളെ അതു് അനുസ്മരിപ്പിക്കുന്നു. നമുക്ക് ഇവിടെ ഭൂമിയിൽ നിലനിൽക്കുന്ന വാസസ്ഥാനമില്ല. ഭാവിയിലെ ഉയിർപ്പിലും സ്വർഗ്ഗത്തിലെ മഹത്വീകരണത്തിലും പ്രത്യാശയർപ്പിക്കുന്ന സഭ ലൗകികഘടനകൾക്കതീതയാണ്. ക്രിസ്തു തന്നെ ശിഷ്യഗണത്തിനു നിർദ്ദേശിച്ചുകൊടുത്ത ജീവിതരീതിയെന്ന നിലയിൽ തികച്ചും അപ്പസ്തോലികമാണ് സന്യാസജീവിതം. പ്രാർത്ഥനാനിരതരായ (Contemplative) സന്യാസികൾപോലും പ്രാർത്ഥനയും ആത്മബലിയും വഴി ലോകത്തിനു് അമൂല്യമായൊരു സഹായമത്രേ.

### അന്ത്യാത്മകതയും സ്വർഗ്ഗസഭയുമായുള്ള ഐക്യവും

പ്രഥമാദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെട്ട ചില ആശയങ്ങളുടെ വിശദീകരണമാണ് ഈ അദ്ധ്യായം. ജോൺ മാർപ്പാപ്പായുടെ പ്രത്യേകാഭിലാഷമാണ് ഇങ്ങനെയൊരദ്ധ്യായമുണ്ടാകാൻ കാരണം. ഒരു തരം വൈരുദ്ധ്യമാണു തീർത്ഥകസഭയുടെ ജീവിതമെന്നു പറയാം. ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ശക്തി സഭയിൽ ഇപ്പോൾത്തന്നെ സന്നിഹിതമാണെങ്കിലും എല്ലാ വസ്തുക്കളുടെയും നവീകരണം ഇതിനകം സമാരബ്ധമായിട്ടുണ്ടെങ്കിലും സഭ ഇപ്പോഴും തീർത്ഥകാവസ്ഥയിലാണ്. മഹത്വീകൃതമല്ലാത്ത അവതീർണ്ണാസ്തിത്വത്തിന്റെ അടയാളങ്ങൾ— കൂദാശകളും ഘടനാവ്യത്യാസങ്ങളും—അവളിലിന്നുമുണ്ടു്. തിന്മയുടെ ശക്തികൾക്കെതിരെ സമരം ചെയ്യണം അവളിപ്പോഴും. ദൈവമക്കളുടെ വെളിപാടിനെ പ്രതീക്ഷിച്ചു നെടുവീർപ്പിടുന്ന സൃഷ്ടികളുടെ മദ്ധ്യേ വേണം തീർത്ഥകസഭ ക്രിസ്തുവിലുള്ള പൂർണ്ണമഹത്വീകരണത്തെ ലക്ഷ്യമാക്കി പ്രത്യാശാപൂർവ്വം മുന്നോട്ടു പോകാൻ.

ലോകത്തിലാണെങ്കിലും മഹത്വീകൃതമായ സ്വർഗ്ഗസഭയുമായി ബന്ധപ്പെട്ടാണു തീർത്ഥകസഭയുടെ അസ്തിത്വം. യഥാർത്ഥമായ സംയോഗവും വിനിമയങ്ങളുമുണ്ടു് ഈ രണ്ടു സഭകളും തമ്മിൽ. നാം ബഹുമാനിക്കുന്ന വിശുദ്ധന്മാർ പുണ്യസമ്പാദനത്തിൽ നമ്മെ സഹായിക്കുന്നു, പ്രാർത്ഥനവഴി പരീക്ഷണങ്ങളിൽ നമുക്കു ധൈര്യമേകുന്നു. മാതൃകവഴി മാത്രമല്ല പുണ്യവാന്മാർ നമുക്കു സഹായമാവുന്നതു്. അവരുമായുള്ള ഐക്യം നമ്മെ ക്രിസ്തുവുമായി അടുപ്പിക്കുകയാണ്– സഹോദരസ്നേഹത്തെപ്പോലെതന്നെ. ഇതിന്റെ മഹത്തമമായ പ്രകാശനമാണ് ആരാധനക്രമവണക്കം പൊതുവേയും വിശുദ്ധ കുർബ്ബാന പ്രത്യേകിച്ചും. സ്വർഗ്ഗസഭയോടൊത്തു് നാം ദൈവത്തെ സ്തുതിക്കുകയാണല്ലോ കുർബ്ബാനയിൽ.

### പരിശുദ്ധ മറിയം

പരിശുദ്ധ മറിയത്തെപ്പററി ഒരു പ്രത്യേക ഡിക്രിയാണു് ആദ്യമുദ്ദേശിച്ചിരുന്നതു്. 1963 ഒക്ടോബർ 29-നു നടന്ന വോട്ടെടുപ്പാണു് (1114 അനുകൂലിച്ചും 1074 പ്രതികൂലിച്ചും)

മറിയത്തെപ്പററിയുള്ള ഡിക്രി സഭാസംബന്ധമായ ഡിക്രിയോടു ചേർക്കണമെന്നു തീരുമാനിച്ചു്. സഭയോടു ബന്ധപ്പെടുത്തി, സഭയുടെ ഏററവും പ്രശസ്തയായ അംഗമെന്ന നിലയിൽ മറിയത്തെ വീക്ഷിക്കാൻ ശ്രമിക്കുന്ന ആധുനിക പ്രവണതകളുടെ വിജയമായിരുന്നു ഇതെങ്കിലും മറിയത്തിന്റെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന മുൻഡിക്രികളുമായ വ്യത്യാസമൊന്നും കൂടാതെ പുതിയ നിലയിലും തുടരുകയാണു്. മറിയത്തിനു രക്ഷാകരക്രമവുമായുള്ള ബന്ധം വിവരിക്കാതെ സഭയിൽ അവൾക്കുള്ള സ്ഥാനം വ്യക്തമാക്കാൻ സാധ്യവുമല്ല. ക്രിസ്തുവിനോടുള്ളബന്ധം— ദൈവമാതൃത്വം—ആണു് മറിയത്തിന്റെ സത്തയെത്തന്നെ നിർണ്ണയിക്കുന്നതു്. എങ്കിലും ദൈവമാതാവെന്നതിനേക്കാൾ സഭയുടെ പ്രതിരൂപ (Type മെന്ന ആശയത്തിനു സഭാസംബന്ധമായ ഡിക്രിയിൽ കൂടുതൽ പ്രാധാന്യം നൽകിയിരുന്നെങ്കിൽ എന്നു തോന്നിപ്പോകും. ക്രിസ്തുവിന്റെ സഹപ്രവർത്തക (Associate) യും സഭയുടെ പ്രതിരൂപവും— ഈ രണ്ടു വശങ്ങളും ഡിക്രിയിൽ വേണ്ടത്ര ഉദ്ഗ്രഥിക്കപ്പെട്ടിട്ടില്ലെന്നും പറയേണ്ടതുണ്ടു്. എന്തായാലും രക്ഷാകരചരിത്രത്തിലേയ്ക്കുള്ള നമ്മുടെ മാർഗ്ഗദർശിനിയായി, സഭയുടെ നിദർശനവും ഉത്തമയായ അംഗവുമായി മറിയത്തെ ദർശിക്കുക ശ്രദ്ധേയമായൊരു വീക്ഷണവ്യത്യാസമത്രേ. മറിയത്തിന്റെ അപദാനങ്ങളെപ്പററി പുതിയ പ്രഖ്യാപനങ്ങളൊന്നും ഡിക്രിയിലില്ലെന്നതു് ക്രൈസ്തവൈക്യസംഭാഷണങ്ങളുടെ പശ്ചാത്തലത്തിൽ സ്വാഗതാർഹവുമാണു്.

## പുതിയ ഭാവം, പുതിയ ഭാഷ

ട്രെന്റിലെ സൂനഹദോസിനുശേഷം സഭയിലുണ്ടായ സാധൂകരണപ്രധാനവും നൈയ്യാമികവുമായ വീക്ഷണസമീപനങ്ങളിൽനിന്നുള്ള വിടവാങ്ങലാണു് രണ്ടാം വത്തിക്കാൻ സൂനഹദോസ്സ് ഒരളവുവരെ. ഇതിനു തെളിവു നൽകും സഭാസംബന്ധമായ ഡിക്രിയും. സാധകവും പുരോഗമനപരവുമാണു് ഡിക്രിയുടെ ഭാഷയും ഭാവവും. ആധുനിക ദൈവവിജ്ഞാനീയത്തിന്റെയും വേദപുസ്തകപഠനങ്ങളുടെയും സ്വാധീനം ഇതിൽ പ്രകടമായി കാണാം. ആത്മായഭാഗഭാഗിത്വം, മെത്രാന്മാരുടെ സംഘാത്മകത, പരിശുദ്ധ മറിയമടങ്ങിയ വിഷയങ്ങളുടെ പ്രതിപാദനം കൂടുതൽ വ്യക്തവും പുരോഗമനാത്മകവുമാകാമായിരുന്നുവെന്നതു് മറക്കുകയല്ല. സൂനഹദോസുനിശ്ചയങ്ങൾ പലതും ഒത്തുതീർപ്പുകളാണെന്നു പറയുമ്പോൾ ഇതു മനസ്സിലാക്കാൻ പ്രയാസമില്ലതാനും. ഉല്പതിഷ്ണുക്കളും യാഥാസ്ഥിതികരുമുണ്ടാവും സൂനഹദോസുകളിൽ. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാര്യവും ഇതിൽനിന്നു വിഭിന്നമല്ല. തന്മൂലം രണ്ടു കൂട്ടരെയും തൃപ്തിപ്പെടുത്തുന്നതാവണം സൂനഹദോസിന്റെ തീരുമാനങ്ങൾ. ന്യൂനപക്ഷത്തിന്റെ അഭിപ്രായങ്ങൾ കഴിവതു മാനിച്ചു് ഏതാണ്ടൊരു ഏകാഭിപ്രായത്തിലെത്തുകയാണു വേണ്ടതു്. സഭയുടെ സംഘാത്മകതയുടെതന്നെ ആവശ്യമാണിതു്. ഒരു കാലത്തു പുരോഗമനാത്മകമെന്നു ഭൂരിപക്ഷത്തിനു തോന്നുന്നതു് എന്നും എല്ലാ വിധത്തിലും അങ്ങനെ ആയിക്കൊള്ളണമെന്നുമില്ല.

**For favours received**



Inserted by
C. O. Rajan,
Kavullathil House, Kadampanad.

(193-ാം പേജിന്റെ തുടർച്ച)

മാനുഷികസ്വഭാവത്തിന്റെ മഹത്വീകൃതമായ അവസ്ഥ കാരണം, മരണത്തിന് അവിടുത്തെമേൽ ഇനി അധികാരമില്ലാത്തതുകൊണ്ട് അൾത്താരയിൽ രക്തത്തിന്റെ ചിന്തൽ ഇനിയൊരിക്കലും സാധ്യമല്ല. എങ്കിലും, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ക്രിസ്തു വീണ്ടും അൾത്താരകളിൽ സമാഗതനായി ആശ്ചര്യാവഹമായവിധം അതേബലിതന്നെ നവീകരിച്ചുകൊണ്ടും പുനഃപ്രദർശിപ്പിച്ചുകൊണ്ടുമാണിരിക്കുന്നത്. അതുകൊണ്ടാണ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 'മേദിയാത്തോർ ദേയി' എന്ന ചാക്രികലേഖനത്തിൽ പറയുന്നത്, "ഗാഗുൽത്തായിൽ സംഭവിച്ച അവിടത്തെ മരണത്തിന്റെ ജ്ഞാപകപ്രദർശനം ബലിപീഠത്തിലെ ഓരോ കുർബാനയിലും ആവർത്തിക്കപ്പെടുന്നു" എന്ന്.

ലോകാവസാനംവരെ എല്ലാക്കാലത്തും എല്ലാ സ്ഥലത്തുമുള്ള മനുഷ്യരുടെ പരിത്രാണവും രക്ഷയും പ്രാവർത്തികമാക്കേണ്ടതുകൊണ്ട് ഗാഗുൽത്തായിലെ ബലിയുടെ ഫലം ദിവ്യകാരുണ്യബലിയും നമുക്കു പ്രദാനം ചെയ്യുന്ന മരണവും ഉയിർപ്പും വഴി മനുഷ്യവർഗ്ഗത്തെ മുഴുവനും ക്രിസ്തു പരമപിതാവിലേക്ക് നയിക്കുകയും അവിടുന്നുമായി സംയോജിപ്പിക്കുകയും ചെയ്യുന്നെങ്കിലും കുരിശിലെ രക്ഷാകരഫലങ്ങൾ പ്രാപിക്കുവാൻ ദിവ്യകാരുണ്യബലി അടങ്ങിയ ഏറ്റവും സഹായകമാണ്.

കുരിശിലെ ബലിയും അൾത്താരയിലെ ബലിയും തമ്മിലുള്ള സത്താപരമായ ഐക്യത്തിന്റെ വേറൊരു കാരണം ഉദ്ദേശങ്ങളുടെ അനുരൂപ്യമാണ്. ദൈവസ്തുതി, കൃതജ്ഞതാപ്രകാശനം, പാപപരിഹാരം, നവാനുഗ്രഹങ്ങളുടെ യാചന എന്നിവയായിരുന്നു ക്രിസ്തുവിന്റെ ഗാഗുൽത്തായിലെ ലക്ഷ്യങ്ങൾ. ദൈനംദിനം ദൈവാലയങ്ങളിൽ അർപ്പിക്കപ്പെടുന്ന ബലികളുടേയും ഉദ്ദേശങ്ങൾ ഇവ തന്നെ.

ഈ നാലു കാരണങ്ങൾ കൊണ്ടാണ്, സംപൂജ്യമായ ദിവ്യകാരുണ്യബലി ദിവ്യരക്ഷകന്റെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും വെറുമൊരനുസ്മരണമല്ലാ, പിന്നെയോ യഥാർത്ഥ നവീകരണവും പുനഃപ്രദർശനവുമാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്. ആരാധനക്രമത്തെപ്പറ്റി രണ്ടാം വത്തിക്കാൻ സൂനഹദോസ് പാസ്സാക്കിയ ഡിക്രിയിലെ ഒരു ഭാഗം ഇവിടെ പ്രസക്തമാണ്. "താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ നടന്ന അന്തിമ ഭോജനത്തിന്റെ അവസരത്തിൽ നമ്മുടെ രക്ഷകൻ തന്റെ ശരീരരക്തങ്ങളുടെ ദിവ്യകാരുണ്യബലി സ്ഥാപിക്കുകയുണ്ടായി. തന്റെ പുനരാഗമനംവരെ കുരിശിലെ ബലി ശാശ്വതീകരിക്കാനും തന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും ഓർമ്മക്കായിട്ടുമാണ് അവിടുന്ന് തന്റെ മണവാട്ടിയായ സഭയ്ക്കു് ഈ ബലി നൽകിയതു്. വിശുദ്ധിയുടെ ക്രൂദാശയും ഐക്യ

For favours received



Inserted by

Pennamma George,
Kayalathu,
St. Joseph's Mount,
Mylapra.

ത്തിന്റെ അടയാളവും സ്നേഹത്തിന്റെ കണ്ണിയുമായ ഈ പെസഹാവിരുന്നിൽ, ക്രിസ്തുവിനെ നാം സ്വീകരിക്കുന്നു, നമ്മുടെ മനസ്സ് പ്രസാദവരംകൊണ്ട് സമ്പന്നമാകുന്നു: വരാനിരിക്കുന്ന മഹത്വത്തിന്റെ ഉറപ്പ് നമുക്കു കരഗതമാകുന്നു." (ന. 47)

ക്രിസ്തുവിന്റെ മരണത്തിന്റേയും ഉയിർപ്പിന്റേയും ഓർമ്മയ്ക്കുകൂടിയാണല്ലോ അവിടുന്ന് ദിവ്യകാരുണ്യബലി സ്ഥാപിച്ചത്. "ഓർമ്മ" അല്ലെങ്കിൽ "സ്മരണ" എന്ന പദത്തിന് വിശുദ്ധഗ്രന്ഥത്തിലുള്ള അർത്ഥം വ്യക്തമായാലേ, ക്രിസ്തുവിന്റെ അനുശാസനത്തിന്റെ ഉദ്ദേശം നമുക്കു മനസ്സിലാവുകയുള്ളു.

പഴയനിയമത്തിലെ പെസഹാകുഞ്ഞാടിന്റെ ബലി, പ്രധാനമായും ഒരു "സ്മരണ"യായിരുന്നു. "ഈ ദിവസം നിങ്ങൾക്ക് ഒരു സ്മരണീയദിനമായിരിക്കട്ടെ. നിങ്ങളുടെ തലമുറകൾ അതിനെ കർത്താവിന്റെ ഒരു തിരുനാൾ ആയി എന്നേക്കും ആചരിക്കട്ടെ" (പുറപ്പാട് 12: 14) എന്നാണ് യാഹ്‌വേ മെസ്രേനിൽ വച്ച് മോശയോടും അഹറോനോടും പെസഹാകുഞ്ഞാടിന്റെ ബലിയെപ്പററി പറഞ്ഞത്. ഈജിപ്ഷ്യൻ അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെ അനുസ്മരണയായിട്ടാണ് അവർ ഈ ബലി അർപ്പിച്ചത്. ഇസ്രായേൽ ജനതതിയെ അതേപ്പററി ബോധവാന്മാരാക്കുകയെന്നതും, ആ പ്രത്യേകാനുഗ്രഹത്തിന് ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിക്കുകയെന്നതുമായിരുന്നു പ്രസ്തുത ബലികൊണ്ടുദ്ദേശിക്കപ്പെട്ടിരുന്നത്. "അബ്രഹാം, ഇസഹാക്ക്, ഇസ്രായേൽ എന്നീ നിന്റെ ദാസന്മാരെ നീ അനുസ്മരിക്കുക. ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ ഞാൻ നിങ്ങളുടെ സന്തതികളെ വർദ്ധിപ്പിക്കും......എന്ന് അവരോടു നീ പറഞ്ഞുവല്ലോ" (പുറപ്പാട് 32: 13) എന്ന് ദൈവത്തോടു പറഞ്ഞുകൊണ്ട്, ഇസ്രായേൽജനതതിയുമായി അവിടുന്നു നടത്തിയ ഉടമ്പടിയെപ്പററി ദൈവത്തെക്കൂടി അനുസ്മരിക്കുകയാണു ബലിയവസരത്തിൽ മോശ ചെയ്തത്.

പുളിക്കാത്ത അപ്പത്തിന്റെ തിരുനാൾ ആഘോഷിച്ചപ്പോഴും ഇസ്രായേലിന്റെ "കൺമുമ്പിൽ ഒരു ഓർമ്മയെന്നവണ്ണം" (പുറ. 13:9) ആണ് അവർ അതു ചെയ്തത്.

ഇപ്രകാരം, 'ഓർമ്മ' എന്ന വാക്കുകൊണ്ട് പഴയനിയമത്തിൽ വിവക്ഷിക്കപ്പെട്ടിരുന്നത് രണ്ടാണ്: കൃതജ്ഞതാപ്രകാശനവും അനുഗ്രഹങ്ങളുടെ യാചനയും. "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുക" (ലൂക്കാ. 22: 19) എന്ന് ക്രിസ്തു തന്റെ അപ്പോസ്തലന്മാരോടും അവർ വഴി അവരുടെ പിൻഗാമികളോടും പറഞ്ഞപ്പോൾ പഴയനിയമത്തിന്റെ പശ്ചാത്തലത്തിലാണ് അവിടുന്ന് 'ഓർമ്മ' എന്ന പദം ഉപയോഗിച്ചത്. ഇക്കാരണത്താൽ വിശുദ്ധ ബലി പിതാവായ ദൈവത്തിനുള്ള ഒരു അനുസ്മരണമാണ്—കാൽവരിയിലെ ക്രിസ്തുവിന്റെ ബലിയെപ്പററിയും നിത്യപുരോഹി

For favours recieved



Inserted by

Mariamma Zacharia,
Kulathunkal, Vayalathala,
Pathanamthitta.

തനും മദ്ധ്യസ്ഥനുമായ അവിടുത്തെ അപേക്ഷയെപ്പററിയുമുള്ള ഒരനുസ്മരണം. വേറെ വാക്കുകളിൽ, നമുക്കുവേണ്ടി പിതാവിൻെറ പക്കൽ നിർവ്വഹിക്കപ്പെടുന്ന പുത്രൻെറ 'അനുസ്മരണ'മാണു് ദിവ്യകാരുണ്യാനുസ്മരണ. ഇതോടൊപ്പംതന്നെ അതു കൃതജ്ഞതാപ്രകാശനവും സഭയ്ക്കാവശ്യമായ അനുഗ്രഹങ്ങൾക്കായി ക്രിസ്തു നടത്തുന്ന യാചനയുമാണു്. ഈ ഉദ്ദേശങ്ങൾ മുൻനിറുത്തിക്കൊണ്ടു് ക്രിസ്തുവിൻെറ ബലി പരമപിതാവിൻെറ മുമ്പിൽ തിരുസ്സഭ നവീകരിച്ചുകൊണ്ടാണിരിക്കുന്നതു്.


ക്രിസ്തു അന്തിമഭോജനാവസരത്തിൽ നൽകിയ അനുശാസനത്തിനു് സഭ എന്നും വിശ്വസ്തയായിരുന്നിട്ടുണ്ടു്. വി. പൗലോസിൻെറ പ്രബോധനത്തിൻെറ കാതലായ ഒരു ഭാഗം തന്നെ ഇതാണെന്നു പറയാം. കൊറിന്ത്യാക്കാക്കെഴുതിയ ആദ്യലേഖനത്തിൻെറ ഒരു ഭാഗം ശ്രദ്ധേയമാണു്. "കർത്താവായ ഈശോ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ അപ്പം എടുത്തു്.... ......ഇങ്ങനെ അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടിയുള്ള എൻെറ ശരീരമാണു്. എൻെറ സ്മരണയ്ക്കു് നിങ്ങൾ ഇതു ചെയ്യുക. അതുപോലെ...........പാനപാത്രമെടുത്തു് ........... ഇതിൽനിന്നു കുടിക്കുമ്പോഴൊക്കെ, എൻെറ സ്മരണയ്ക്കായി ഇപ്രകാരം ചെയ്യുക".

ഇത്രയും പറഞ്ഞതിൽനിന്നു രണ്ടു കാര്യങ്ങൾ വ്യക്തമാണു്. അൾത്താരകളിൽ അർപ്പിക്കപ്പെടുന്ന ബലി അന്തിമ അത്താഴത്തിൽ വച്ചു നടന്ന ബലിയുടെ നവീകരണമാണു്. ഗാഗുൽത്തായിലെ ബലിയും ദിവ്യകാരുണ്യബലിയും സാരാംശാത്മകമായിട്ടു് ഒന്നാണു്. കാരണം രണ്ടു ബലികളിലെയും പുരോഹിതനും ബലിവസ്തുവും ഉദ്ദേശങ്ങളും ഒന്നുതന്നെ. "ക്രിസ്തു എന്നേന്നേയ്ക്കും ജീവിക്കുന്നതുകൊണ്ടു് അനവരതം പൗരോഹിത്യം വഹിക്കുന്നു...........എല്ലായ്പ്പോഴും അവക്കുവേണ്ടി മാദ്ധ്യസ്ഥം അത്ഥിക്കുന്നു" (എബ്രാ. 7: 25, 6) ഇപ്രകാരം നിത്യപുരോഹിതനും നിത്യബലിവസ്തുവും നിത്യമദ്ധ്യസ്ഥനുമായ ക്രിസ്തു അനുദിനം അനേകായിരം അൾത്താരകളിൽ നമ്മുടെ പരിത്രാണകമ്മം നിർവ്വഹിക്കുന്നെന്ന ചിന്ത, വിശുദ്ധ ബലിയിൽ സാധിക്കുമ്പോളെല്ലാം സന്നിഹിതരാകാൻ നമുക്കു പ്രചോദനം നൽകട്ടെ.


**For favours received. Inserted by**



P. J. Varkey,
C/o St. Joseph's Malankara
Catholic Mission Centre, Poona 18.



പി. എം. ജോൺ,
കുററിയിൽ വീട്ടു്,
മഞ്ഞാടിത്തറ, പള്ളിക്കൽ.

# ഗ്രന്ഥനിരൂപണം



## "സംഗീതമാല"

പേജ് 48+6
വില 30 പൈസ.

**ഗ്രന്ഥകർത്താ:**

**റവ. ഫാ. യൗനാൻ ഒ. ഐ. സി.**

57 ക്രൈസ്തവഗാനങ്ങളാകുന്ന സുരഭിലകുസുമങ്ങൾ കോർത്തിണക്കിയ ഒരു 'സംഗീതമാല' ക്രിസ്തീയഗാനങ്ങൾ രചിക്കുന്നതിൽ നിപുണത തികഞ്ഞ റവ. ഫാ. യൗനാൻ ഒ. ഐ. സി. കേരളത്തിലെ ക്രിസ്ത്യാനികൾക്കിതാ സമർപ്പിച്ചിരിക്കുന്നു. ഹൃദയഹാരിയായ ഈ മാല സസന്തോഷം സ്വീകരിച്ചോളൂ, ഒട്ടും മടിക്കേണ്ട. ഗാതാവിനെയും ശ്രോതാവിനെയും നവീനമായ ഒരു നാദപ്രപഞ്ചത്തിൽക്കൂടി നയിക്കുന്നവയാണ് ഈ ഗ്രന്ഥത്തിലെ ഓരോ ഗാനവും. കാതിനിമ്പവും ഹൃദയത്തിനു കുളിർമയും ചൊരിയുന്ന ഭക്തരസനിഷ്യന്ദിയായ ഈ ഗാനങ്ങൾ പ്രാർത്ഥനാവേളകളിൽ നമ്മുടെ ആളുകൾ ഉപയോഗിക്കുമെങ്കിൽ എത്ര നന്നായിരുന്നു!

ഒരുവനെ വികാരതരളിതനാക്കാൻ സംഗീതത്തിനുള്ള കെല്പ് പ്രത്യേകമായ ഒന്നാണല്ലോ. താളലയാത്മകമായ നാദധാരയിൽക്കൂടി ഗാതാവും ശ്രോതാവും വികാരത്തിന്റെ മനോജ്ഞമേഖലകളിലേക്കു ഉയരുകതന്നെ ചെയ്യും, സംഗീതത്തിന്റെ മാസ്മരശക്തിമൂലം ഗാനങ്ങൾ ചിന്താബന്ധുരവും ആമുഷ്മികവികാരപ്രദീപ്തവുംകൂടി ആയാലോ? ഈ ഗ്രന്ഥത്തിലെ ഓരോ ഗാനവും മനുഷ്യഹൃദയത്തെ ഭക്തചിന്തകളുടെയും സുന്ദരവികാരങ്ങളുടെയും അലൗകികാന്തരീക്ഷത്തിലേക്കു നയിക്കുവാൻ ശക്തിയുള്ളതാണ്.

ബ. അച്ചന്റെ കഴിവുററ തൂലിക ക്രൈസ്തവഗാനസമ്പത്ത് ഇനിയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കട്ടെ എന്നാശംസിക്കുന്നു.

റവ. ഫാ. യൗനാൻ ഒ. ഐ. സി. അസ്സീസ്സിവില്ലാ, നെല്ലിക്കാക്കുഴി or മാനേജർ, സെൻറ്മേരീസ് പ്രസ്സ് പട്ടം തിരുവനന്തപുരം-4. എന്ന മേൽവിലാസത്തിലോ ആവശ്യപ്പെട്ടാൽ ഈ ഗ്രന്ഥത്തിന്റെ പ്രതികൾ ലഭിക്കുന്നതാണ്.

(J. G.)

# അതിരൂപതവാർത്തകൾ

ഡോമിനിക്കൻ റിപ്പബ്ളിക്കിൽവച്ചു നടന്ന അന്തർദേശീയ മരിയൻകോൺഗ്രസ്സിൽ സംബന്ധിച്ചതിനുശേഷം അമേരിക്കൻ ഐക്യനാട്ടുകൾ, കാനഡ, പശ്ചിമയൂറോപ്യൻ രാജ്യങ്ങൾ ഇവയിൽ പര്യടനം നടത്തിയിട്ട് ജൂൺ 12-ാം തീയതി അഭിവന്ദ്യപിതാവ് തിരിച്ചെത്തി.

ജൂൺ 17-ാം തീയതി പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ 13 മണിക്കൂർ ആരാധന നടത്തപ്പെട്ടു. രാവിലെ അഭിവന്ദ്യപിതാവ് ആഘോഷമായ വി. കുർബാന ചൊല്ലി. പട്ടത്തും പരിസരങ്ങളിലുമുള്ള കത്തോലിക്കർ ആരാധനയിൽ പങ്കുകൊണ്ടു. വൈകുന്നേരം അഭിവന്ദ്യപിതാവ് പ്രസംഗിക്കുകയും വി. കുർബാനയുടെ വാഴ്വ് നടത്തുകയും ചെയ്തു.

**പുത്തൻപീടിക**

പുത്തൻപീടിക ഇടവകയിൽ പ്രവർത്തനത്തിൽ ഇരിക്കുന്ന സൊഡാലിററി, യുവാക്കന്മാരുടെ സമാജം (C. Y. M. A.) യുവതികളുടെ സമാജം (C. Y. L. A) മാതൃസംഘം, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർ

Registered No: K. 405.

ഷികാഘോഷം 1965 മേയ് മാസം 30-ാം തീയതി ആഡംബരപൂർവ്വം നടത്തപ്പെട്ടു. 'അന്തിമവിജയം', 'പുതുമണവാളൻ', 'ഞാൻഭീരുവല്ല', 'പരിരംഭണം' എന്നീ ഏകാങ്കങ്ങളും, യൂദാസിൻെറ അന്തിമരംഗം എന്ന മോണോ ആക്ററും വിവിധസംഘടനകളിൽപെട്ടവർ വളരെ തന്മയത്വപൂർവ്വം അഭിനയിച്ചു. സമൂഹഗാനം, വില്ലടിച്ചാൻ പാട്ട്, അഭിനയഗാനം, ഡാൻസ് മുതലായ കലാപരിപാടികളും നടത്തപ്പെട്ടു. റവ. ഫാദർ ചങ്ങങ്കരി B. A. L. T. അവർകൾ യോഗത്തിൽ അദ്ധ്യക്ഷംവഹിച്ചു. ശ്രീമാന്മാരായ എ. ജോർജ്ജ് B. A. B. T., സി. കെ. മാത്യു B. A. B. T. എന്നിവർ പ്രഭാഷണം നടത്തി. സൺഡേസ്കൂൾ പരീക്ഷയിൽ ഓരോ ക്ലാസ്സിലും പ്രശസ്തമായി ജയിച്ചവർക്കും മേയ് മാസത്തിൽ എല്ലാ ദിവസങ്ങളിലും വി. കുർബാനയിൽ സംബന്ധിച്ച കുട്ടികൾക്കും, അൻപത്തിരണ്ട് സൺഡേസ്കൂൾ ക്ലാസുകളിൽ മുടങ്ങാതെ ഹാജരായവർക്കും സമ്മാനം നല്കി. വികാരി റവ. ഫാദർ സി. മാത്യു എഴാനിക്കാട്ട് B. Sc. B. T. സദസ്സിനു് കൃതജ്ഞത രേഖപ്പെടുത്തി. കലാപരിപാടികളും മററും സംവിധാനം ചെയ്തതിൽ നേതൃത്വം വഹിച്ചതു് റവ. ബ്രദർ ജോർജ്ജ് കിഴക്കേതിൽ ആയിരുന്നു.

ഈ ഇടവകയിലെ കുട്ടികളുടെ വാർഷികധ്യാനം മേയ് 25, 26, 27, 28, എന്നീ തീയതികളിലും കുട്ടികളുടെ പ്രഥമദിവ്യകാരുണ്യ സ്വീകരണം മേയ് 30-ാം തീയതിയും നടത്തിയിരിക്കുന്നു. റവ. ഫാദർ ഡേവിഡ് കണ്ടത്തിൽ അവർകളാണു് ധ്യാനപ്രസംഗം നടത്തിയതു്. കുമാരിമാരായ എം. തങ്കമ്മ, റോസമ്മ സക്കറിയാസ് റവ. ബ്രദർ ജോർജ്ജ് ജോൺ എന്നിവരാണു് കുട്ടികളെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തിനു് ഒരുക്കിയതു്.

## കോമല്ലൂർ പള്ളിപ്പെരുനാളും സുവിശേഷ മഹായോഗവും

കോമല്ലൂർ കത്തോലിക്കാപള്ളിയിലെ പെരുന്നാളും അതോടനുബന്ധിച്ചു് ഒരു സുവിശേഷ പ്രസംഗവും മേയ് 12, 13, 14 എന്നീ തീയതികളിൽ വളരെ ഭംഗിയായി നടത്തിയിരിക്കുന്നു. വെരി. റവ. ഫാദർ ജോഷ്വാ O. I. C. റവ. ഫാ. മാത്യു മുഴിയിൽ S. J. റവ. ഫാ. കുന്നത്തേത്തു്, ശ്രീ എബ്രഹാം ശാസ്ത്രി എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. 14-ാം തീയതി രാവിലെ വി മൂന്നിൻമേൽ കുർബാന, കുട്ടികളുടെ ആദ്യകുർബാന സ്വീകരണം എന്നിവയും അന്നു വൈകിട്ടു് ദിവ്യശ്രീ പാറയ്ക്കൽ കുറിയാക്കോസച്ചൻെറ കഥാപ്രസംഗവും ഉണ്ടായിരുന്നു.

## സൺഡേസ്കൂൾ വാർഷികം

മഞ്ഞക്കാല, പട്ടാഴി കിഴക്ക്, പാണ്ടിത്തിട്ട, ഞാറയ്ക്കാട്ട് തുടങ്ങിയ ഇടവകകളിലെ സൺഡേസ്കൂളിൻെറ വാർഷിക മഹാമഹം ജൂൺ 6-ാം തീയതി വികാരി റവ. ഫാ. സി. കെ. കോശിയുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. തദവസരത്തിൽ റവ. ഫാ. അഗസ്റ്റിൻ വിരുപ്പേൽ, റവ. ഫാ. തോമസ് നെരിയാട്ടിൽ എന്നിവർ ഓരോ പ്രസംഗം ചെയ്തു. ഇടയ്ക്കിടയ്ക്കു് കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു. സൺഡേസ്കൂൾ പരീക്ഷകളിൽ വിജയികളായവർക്കും കായികമത്സരങ്ങളിൽ വിജയികളായവർക്കും അദ്ധ്യക്ഷൻ സമ്മാനങ്ങൾ വിതരണംചെയ്തു. പാപ്പാമംഗളത്തോടുകൂടി മീററിംഗ് സമംഗളം പര്യവസാനിച്ചു.

## തിരുനാൾ

മേയ്മാസം 12, 13 എന്നീ തീയതികളിൽ പട്ടാഴി കിഴക്കു് ഇടവകയിൽ വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ സാഘോഷം കൊണ്ടാടപ്പെട്ടിരിക്കുന്നു. മൂന്നിൻമേൽ കുർബാനയും വെരി റവ. ഫാ. ജോസഫ് തച്ചേട്ടിൻെറ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*